ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, ...

മി. സ്പീക്കർ: യെസ്, അങ്ങേയ്ക്ക് പറയാൻ പിന്നീട് അവസരം തരാം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

VIII ധനകാര്യം

2011-2012 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച (തുടർച്ച)

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഈ കാലയളവിലെ അവസാനത്തെ ബഡ്ജറ്റാണ് കഴിഞ്ഞ പത്താം തീയതി ഈ സഭയിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. ഏറെ ആഹ്ലാദത്തോടെയും അതിലേറെ സന്തോഷത്തോടെയുമാണ് ഈ ബഡ്ജറ്റിനെ കേരളത്തിലെ പൊതുസമൂഹം സ്വീകരിച്ചിട്ടുള്ളത്. നികുതി നൽകുന്ന കാര്യത്തിലും അത് പിരിച്ചെടുക്കാൻ ശ്രമിക്കുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളിലുമെല്ലാം വ്യത്യസ്ത നിലപാട് സ്വീകരിക്കുന്ന വ്യാപാരി വ്യവസായി സമൂഹമുൾപ്പെടെ ക്രിയാത്മകവും വികസനോന്മുഖവും ആയ ബഡ്ജറ്റ് എന്ന നിലയിലാണ് ഇതിനെ വിലയിരുത്തിയിട്ടുള്ളത്. അഞ്ചു വർഷം മുമ്പ് യു.ഡി.എഫ്. ഗവൺമെന്റ് അവസാന വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ച നിമിഷം എന്റെ മനസ്സിലുണ്ട്. അന്ന് ശ്രീ. വക്കം പുരുഷോത്തമൻ നടത്തിയ പ്രസംഗം, നിരന്തരമായ ട്രഷറി അടച്ചുപൂട്ടലും നിത്യനിദാനച്ചെലവുകൾക്കുപോലും കൈവായ്പ വാങ്ങേണ്ടിവരികയും ചെയ്യുന്ന നിസ്സഹായനായ ഒരു ധനകാര്യ വകുപ്പുമന്ത്രിയുടെ അങ്ങേയറ്റം പിടിപ്പുകേടു നിറഞ്ഞ, അങ്ങേയറ്റം തെറ്റായ സമീപനങ്ങളുള്ള ഒരു ബഡ്ജറ്റാണ് അവതരിപ്പിച്ചത്. ആ പ്രസംഗത്തിൽ അദ്ദേഹം ഇനി ഞാൻ മത്സരിക്കുന്നില്ല എന്നൊക്കെ പ്രഖ്യാപിക്കുകയും ചെയ്തു. ഐക്യജനാധിപത്യ മുന്നണിക്ക് കൃത്യമായ ബോദ്ധ്യമുണ്ടായിരുന്നു ഇനി നടക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ തങ്ങൾക്ക് ജയിക്കാൻ സാധിക്കില്ല എന്ന്. അത്തരം ഒരു സമീപനമായിരുന്നു ബഡ്ജറ്റിൽ ശ്രീ. വക്കം പുരുഷോത്തമന്റെ ഭാഗത്തുനിന്നും ഉണ്ടായത്. ഞാൻ ഇനി തെരഞ്ഞെടുപ്പ് മത്സരരംഗത്തേയ്ക്ക് ഇല്ല എന്ന് അദ്ദേഹം ആ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും ചെയ്തു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ സഖാവ് വി.എസ്. നേതൃത്വം കൊടുക്കുന്ന ഗവൺമെന്റിനു വേണ്ടി ധനകാര്യ മന്ത്രി ഡോ. തോമസ് ഐസക് കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ നിരന്തരമായ ഇടപെടലിന്റെ ഭാഗമായി വളരെ ഭദ്രമായ സാമ്പത്തിക സ്ഥിതിയുള്ള ഒരു സംസ്ഥാന ഗവൺമെന്റിന് അവതരിപ്പിക്കാൻ സാധിക്കുന്ന ബഡ്ജറ്റ് തന്നെയാണ് അവതരിപ്പിച്ചത്. ഈ 5 വർഷക്കാലത്തിനിടയിൽ നികുതി വരുമാനത്തിന്റെ വളർച്ചയും നികുതി പിരിച്ചെടുക്കുന്നതിന് ധനകാര്യ വകുപ്പ് കാണിച്ചിട്ടുള്ള ശുഷ്കാന്തിയും നികുതി വരുമാനം ലഭ്യമാക്കുന്നതിനുവേണ്ടി ചെക്ക് പോസ്റ്റുകൾ ഉൾപ്പെടെ നവീകരിച്ചുകൊണ്ട് ഏറ്റവും ആധുനികമായ സൗകര്യങ്ങൾ ഏർപ്പെടുത്തി കൈക്കൂലിക്കാരില്ലാത്ത, അഴിമതിക്കാരില്ലാത്ത ഉദ്യോഗസ്ഥ നിരയെ ചെക്ക് പോസ്റ്റുകളിൽ വിന്യസിപ്പിച്ച്

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയിട്ടുള്ള ശ്രമകരമായ ഇടപെടലും നമ്മുടെ നാടിന്റെ സാമ്പത്തിക വരുമാനത്തിൽ വലിയ മാറ്റങ്ങൾക്ക് ഇടവരുത്തിയിട്ടുണ്ട്. ആ മാറ്റത്തിന്റെയെല്ലാം സ്വാധീനം ഈ ബഡ്ജറ്റിൽ കാണാൻ സാധിക്കും. ആ സാമ്പത്തിക സുസ്ഥിരതയുടെ പശ്ചാത്തലത്തിൽനിന്നുകൊണ്ട് ഡോ. തോമസ് ഐസക് പ്രഖ്യാപിച്ച ഒരുപാട് ആനുകൂല്യങ്ങൾ വെറും വ്യാമോഹം എന്നുള്ള നിലയിൽ പ്രചരിപ്പിക്കുന്നതിനാണ് പ്രതിപക്ഷത്തിരിക്കുന്നയാളുകൾ മുന്നോട്ടു വന്നിട്ടുള്ളത്. അവർ പറയുന്നത് ഇത് വാരിക്കോരി കൊടുക്കുകയാണ് എന്നാണ്. അങ്ങനെ വാരിക്കോരി കൊടുക്കുകയല്ല. ഏറ്റവും അർഹതപ്പെട്ടയാളുകൾക്ക്, ഏറ്റവും ഗൗരവതരമായി അംഗീകരിക്കേണ്ട വിഷയങ്ങൾ, ആ നിലയിൽ അംഗീകരിച്ചുകൊണ്ട് കൊടുക്കുന്നതിനുവേണ്ടി ഗവൺമെന്റ് മുന്നോട്ടു വന്നു. അതിന്റെ ആനുകൂല്യങ്ങൾ ലഭിക്കാത്ത ഒരു മേഖലയും കേരളത്തിൽ ഇല്ല എന്നുള്ളതുകൊണ്ടാണ് ഈ ബഡ്ജറ്റ് പൊതുവേ എല്ലാവരും അംഗീകരിക്കുന്നത്. എന്നാൽ ഈ ബഡ്ജറ്റിൽ കാർഷിക മേഖലയിൽ ചില പരിമിതികൾ അനുഭവപ്പെടുന്നുണ്ട്. കർഷക പെൻഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ കൂടുതൽ ഗൗരവമായി പരിഗണിക്കേണ്ടതുണ്ട്. അതുപോലെ പൊതുകടം ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ഭീകരമായ നിലയിലാണ് വളർന്നുവന്നത്. ശ്രീ. എ.കെ. ആന്റണിയും ശ്രീ. ഉമ്മൻ ചാണ്ടിയും ഭരിക്കുന്ന കാലത്ത് കേരളത്തിന്റെ പൊതു കടത്തിന്റെ വളർച്ചാ നിരക്ക് 70 ശതമാനമായിരുന്നു. അത് 57 ശതമാനമായി കുറയ്ക്കുന്നതിന് ഈ ഗവൺമെന്റിന് സാധിച്ചു. സംസ്ഥാനത്തെ നികുതി വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചു. 2005-2006-ൽ വളർച്ചാ നിരക്ക് 9.1 ശതമാനമായിരുന്നുവെങ്കിൽ ഇന്ന് അത് 18.49 ശതമാനമാണ്. ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ 2005-2006 കാലഘട്ടത്തിൽനിന്നും വ്യത്യസ്തമായി ഇരട്ടിയിലേറെ വർദ്ധനവാണ് നമുക്ക് ഈ രംഗത്ത് ഉണ്ടാക്കാൻ സാധിച്ചിട്ടുള്ളത്. ഇടക്കാല സാമ്പത്തിക നയരേഖ വ്യക്തമാക്കുന്നത് കേരളത്തിലെ സാമ്പത്തിക സുസ്ഥിരത തന്നെയാണ്. 2010-2011-ൽ പ്രതീക്ഷിത ധനകമ്മി നിരക്ക് 3.22 ശതമാനമായിരുന്നത് 2.89 ശതമാനമാക്കി കുറയ്ക്കാനായത് ഈ ഗവൺമെന്റിന്റെ നേട്ടമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അടിസ്ഥാന സൗകര്യ വികസന രംഗത്ത് സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച് ഒരു അടിയന്തിര പ്രമേയത്തിന്റെ ഭാഗമായിട്ടുപോലും ശ്രീ. ജോസഫ് എം. പുതുശ്ശേരി പരാമർശിച്ചു. 40,000 കോടി രൂപ ചെലവഴിച്ചുകൊണ്ട് ഏറ്റവും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് റോഡുകൾ നവീകരിക്കുന്നതിനെ സംബന്ധിച്ച് പറഞ്ഞത് ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് ചില വിശദീകരണങ്ങൾ നടത്തുകയുണ്ടായി. ഒരു കാര്യം വളരെ വ്യക്തമാണ്. കേരളത്തിലെ റോഡ് ഫണ്ട് ബോർഡ്, റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ ഇവയിലൂടെയെല്ലാം ധനസമാഹരണം നടത്തി സംസ്ഥാന ബഡ്ജറ്റിൽനിന്ന് ആയിരം കോടി രൂപ കൂടി കൊടുത്തുകൊണ്ടാണ് 40,000 കോടി രൂപയുടെ റോഡ് പാക്കേജ് പ്രഖ്യാപിച്ചിട്ടുള്ളത്. കേരളത്തിന്റെ ഇന്നത്തെ സാഹചര്യങ്ങൾ ശരിക്ക് അറിയാവുന്ന ഒരാൾക്ക് തീർച്ചയായും നല്ലതുപോലെ മനസ്സിലാക്കാൻ സാധിക്കുന്ന ഒരു വലിയ വികസന പ്രവർത്തനമാണിത്. വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റേയും തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളത്തിന്റേയും ഉത്ഘാടനം

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞത് ബഡ്ജറ്റ് അവതരിപ്പിച്ചതിന്റെ തൊട്ടടുത്ത ദിവസമാണ്. 10-ാം തീയതി ബഡ്ജറ്റ് അവതരിപ്പിച്ചു. 11-ാം തീയതിയാണ് അതിന്റെ ഉത്ഘാടനം നിർവ്വഹിച്ചത്. കേരളത്തോട് കേന്ദ്ര ഭരണാധികാരികൾ കാണിച്ചിട്ടുള്ള സമീപനം നമ്മൾ ഗൗരവപൂർവ്വം ചർച്ച ചെയ്യുകയുണ്ടായി. കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം അപമാനഭാരംകൊണ്ട് അങ്ങേയറ്റം തലകുനിക്കേണ്ടി വന്ന, കേന്ദ്ര ഗവൺമെന്റിന്റെ ചെയ്തികൾക്കെതിരായി നിശിതമായ പ്രതിഷേധ മുയർത്തേണ്ടിവന്ന ഒരു സാഹചര്യമുണ്ടായി. മാതൃഭൂമി ചത്രം പറഞ്ഞത് പിന്നീട് പ്രധാനമന്ത്രി തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അതിൽ ഖേദം പ്രകടിപ്പിച്ചു എന്നാണ്. കേന്ദ്രം വലിയ തോതിൽ സഹായിക്കുന്നുവെന്നാണ് അന്ന് പ്രധാനമന്ത്രിയെ ന്യായീകരിച്ചുകൊണ്ട് പറഞ്ഞത്. സംസ്ഥാനത്ത് ന്യായമായി അനുവദിക്കേണ്ട സാമ്പത്തിക സഹായം, ഗ്രാന്റ് ഇൻ എയ്ഡ്, നൽകുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് തയ്യാറാകുന്നുണ്ടോ? 2005-2006-ൽ 57 ശതമാനമായിരുന്നു ഗ്രാന്റ് ഇൻ എയ്ഡ്. അത് 41.3 ശതമാനമായി കുറയ്ക്കുകയാണ് ചെയ്തത്. കേന്ദ്രം ആന്ധ്രയ്ക്ക് 7.25 ശതമാനവും തമിഴ്നാടിന് 4.6 ശതമാനവും കർണ്ണാടകത്തിന് 3 ശതമാനവും കൂട്ടി നൽകുമ്പോൾ നമുക്ക് 2.39 ശതമാനം മാത്രമാണ് നൽകുന്നത്. കേരളത്തിലെ ജനങ്ങളുടെ ന്യായമായ വികസന പ്രശ്നങ്ങൾ നേടിയെടുക്കാനാവശ്യമായ ആനുകൂല്യങ്ങളും സഹായങ്ങളും കേന്ദ്രത്തിന്റെ ഭാഗത്തുനിന്നും നമുക്ക് ലഭിക്കുന്നില്ല. പ്രധാനപ്പെട്ട ഒന്നുരണ്ട് മേഖലകൾ വളരെ ശ്രദ്ധയോടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കാണേണ്ടതുണ്ട്. കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിക്കുന്ന സമയത്തുതന്നെ ഇവിടെ ചർച്ച ചെയ്യപ്പെട്ട ഒരു വിഷയമാണ് സംസ്ഥാനത്തെ ആൾട്ടർനേറ്റ് സ്കൂളുകളുടെ, ഏക അദ്ധ്യാപക വിദ്യാലയങ്ങളുടെ കാര്യം. 15 വർഷങ്ങൾക്കപ്പുറം ഡി.പി.ഇ.പി.യിലൂടെ ജില്ലകളിലെ വളരെ റിമോട്ടായിട്ടുള്ള പ്രദേശങ്ങളിൽ സ്ഥാപിക്കപ്പെട്ടതും സർവ്വശിക്ഷാ അഭിയാനിലൂടെ മുന്നോട്ടു പോയതുമായ ഈ ആൾട്ടർനേറ്റ് സ്കൂളുകളുടെ കാലാവധി കഴിഞ്ഞ വർഷത്തോടുകൂടി അവസാനിച്ചതായി കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിക്കുകയാണ്. റൈറ്റ് ടു എഡ്യൂക്കേഷൻ ആക്ട് വന്നപ്പോൾ എല്ലാ വിദ്യാർത്ഥികളും ജനറൽ സ്കൂളുകളിലേയ്ക്ക് പോകണം എന്നാണ് കേന്ദ്ര നിലപാട്. അതിന്റെ ഭാഗമായി ഏക അദ്ധ്യാപക വിദ്യാലയങ്ങൾക്കുള്ള ധനസഹായം കേന്ദ്ര ഗവൺമെന്റ് നിർത്തിവച്ചു. ആ പദ്ധതി ഗവൺമെന്റ് അവസാനിപ്പിച്ചു. സംസ്ഥാനത്ത് പതിനാലായിരത്തോളം വിദ്യാർത്ഥികൾ ഈ സ്കൂളുകളിൽ പഠിക്കുന്നുണ്ട്. അവർ ജനറൽ സ്കൂളിൽ പോകണമെന്ന് പറഞ്ഞാൽ ആ വിദ്യാർത്ഥികൾക്ക് ഒരിക്കലും അവിടെ എത്തിച്ചേരാൻ സാധിക്കുകയില്ല. ഭൂമിശാസ്ത്രപരമായി അത്രയേറെ ബുദ്ധിമുട്ട് വരുന്ന പ്രദേശങ്ങളിലാണ് ഈ ഏക അദ്ധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നത്. ഇടമലക്കുടി, ഇടുക്കി ജില്ലയുടെ പല ഭാഗങ്ങൾ, കാസർഗോഡ്, വയനാട് തുടങ്ങി വളരെ റിമോട്ടായ പ്രദേശങ്ങളിൽ അഞ്ചും ആറും വയസ്സായ കുഞ്ഞുങ്ങൾക്ക് ഒരിക്കലും എത്തിച്ചേരാൻ സാധിക്കാത്തവിധം വളരെയേറെ ബുദ്ധിമുട്ടനുഭവിക്കുന്ന പ്രദേശങ്ങളിലാണ് ഈ ആൾട്ടർനേറ്റ് സ്കൂളുകൾ പ്രവർത്തിക്കുന്നത്. ഇത് 490 വിദ്യാലയങ്ങളുണ്ട്. എം.പി.മാരും എം.എൽ.എ.മാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമെല്ലാം നല്ലതുപോലെ സഹായിച്ച് നല്ല അടിസ്ഥാന ഭൗതിക സാഹചര്യങ്ങളുണ്ടാക്കി

LIBRARY ARCHIVES Kerala Legislative Assembly

പതിനാലായിരത്തോളം കുട്ടികൾ ഈ വിദ്യാലയങ്ങളിൽ പഠിക്കുന്നുണ്ട്. ആ കുട്ടികളും അവരുടെ രക്ഷകർത്താക്കളും അതിൽ പണിയെടുക്കുന്ന അഞ്ഞൂറോളം അദ്ധ്യാപകരും അതുപോലെ പാചക തൊഴിലാളികളും എല്ലാം കഴിഞ്ഞ ഒരു കൊല്ലമായി ഈ സ്കീം നിലനിർത്താനാവശ്യമായ ശ്രമത്തിന്റെ ഭാഗമായി വലിയ സമരത്തിലാണ്. കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിക്കുന്നയവസരത്തിൽ തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റ് നടയിൽ ആൾട്ടർനേറ്റ് സ്കൂൾ ടീച്ചേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ ദിവസങ്ങൾ നീണ്ട നിരാഹാര സമരം നടന്നു. അതിനെത്തുടർന്ന് ആ വർഷം ഇത് നീട്ടിക്കൊടുക്കാൻ തീരുമാനിച്ചു. ഈ ബഡ്ജറ്റ് സെഷന്റെ സമയത്തും സെക്രട്ടേറിയറ്റിനു മുന്നിൽ എ.എസ്.ടി. ഒ.യുടെ നേതൃത്വത്തിൽ നിരാഹാര സമരം ആരംഭിച്ചു. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയുമെല്ലാം കൊടുത്ത ഉറപ്പിന്റെയടിസ്ഥാനത്തിലാണ് അവർ സമരം അവസാനിപ്പിച്ചത്. ഈ വിഭാഗത്തെ സംരക്ഷിക്കുന്നതിനുവേണ്ടി, ഈ വിദ്യാലയങ്ങൾ നിലനിർത്തുന്നതിനുവേണ്ടി, അദ്ധ്യാപകർക്ക് അർഹതപ്പെട്ട വേതന വർദ്ധനവ് നൽകുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റ് ചർച്ചയ്ക്ക് മറുപടി പറയുന്നയവസരത്തിലെങ്കിലും തയ്യാറാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ആൾട്ടർനേറ്റ് സ്കൂളുകളുടെ കാര്യം വളരെ പ്രാധാന്യത്തോടുകൂടി പരിഗണിക്കേണ്ടതുണ്ട്. പതിനാലായിരത്തോളം കുഞ്ഞുങ്ങളും അവരുടെ രക്ഷകർത്താക്കളും ഇന്ന് അനുഭവിക്കുന്ന എല്ലാ മാനസിക സംഘർഷങ്ങളും കൂടാതെ പതിനാലു കൊല്ലത്തെ തപസ്യപോലെ തങ്ങളുടെ അദ്ധ്യാപകവൃത്തി പല വെല്ലുവിളികളെയും അതിജീവിച്ചുകൊണ്ട് മുന്നോട്ടു കൊണ്ടുപോകാൻ പരിശ്രമിച്ചിട്ടുള്ള ഈ രംഗത്തെ ജീവനക്കാരോടു ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് കാണിക്കാൻ സാധിക്കുന്ന ഏറ്റവും വലിയ സ്നേഹവായ്പ്പിന്റെ, ഏറ്റവും വലിയ സഹാനുഭൂതിയുടെ ഭാഗമായി ഇതിനെ കാണുകയും ഇത് നിലനിർത്താനും മുന്നോട്ടു കൊണ്ടുപോകാനും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതുണ്ട്. കേരളത്തിന്റെ വടക്കേയറ്റത്തെ ജില്ലയായ കാസർഗോഡ്. മലബാർ പാക്കേജിലൂടേയും വിഷൻ 2010-ലൂടേയും അടിസ്ഥാന സൗകര്യ വികസനത്തിന്റെ രംഗത്ത് മറ്റെല്ലാ മേഖലകളിലും അഭിമാനകരമായ നേട്ടമുണ്ടാക്കാൻ സാധിച്ച അഞ്ചുവർഷമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടേത്. ആ അഞ്ചു വർഷത്തിനു ള്ളിൽ ഒരുപാട് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കേന്ദ്ര സർവ്വകലാശാലകൾ, 100 കണക്കിന് റോഡുകൾ, 100 കണക്കിന് കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ഉൾപ്പെടെ കാസർഗോഡ് ജില്ലയിൽ വന്നു. മലബാർ പാക്കേജിന്റേയും വിഷൻ 2010-ന്റേയും എല്ലാം ആനുകൂല്യങ്ങൾ നാട്ടിലുണ്ടാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ ഞങ്ങളുടെ നാട്ടിലെ യു.ഡി.എഫ്.-ന്റെ ആളുകളോട് ചോദിച്ചാൽ പ്രതിപക്ഷാംഗങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും. അത്രയേറെ വലിയ നേട്ടങ്ങൾ കാസർഗോഡ് ജില്ലയിൽ ഉണ്ടാക്കി.

ശ്രീ. കെ. സി. ജോസഫ്: അങ്ങ് ഈ സഭയിൽ പലപ്പോഴും പറയാറുള്ള മലയോര ഹൈവേ ഈ അഞ്ചു കൊല്ലത്തിനിടയിൽ അങ്ങയുടെ മണ്ഡലത്തിൽ ആരംഭിക്കാൻ സാധിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. കുഞ്ഞിരാമൻ: മലയോര ഹൈവേ നന്ദാരപ്പടവ് 10 കിലോമീറ്റർ തുടങ്ങിയത് അങ്ങയുടെ മണ്ഡലത്തിലാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അതിനുവേണ്ടി പണം വകകൊള്ളിച്ചിട്ടുണ്ട്. തെക്കുഭാഗത്തുനിന്ന് വടക്കോട്ടേയ്ക്ക് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കുകയാണ്. അതുപോലെ തന്നെ റിസ്യൂവൽ പാക്കേജ് ഉൾപ്പെടെ കാസർഗോഡ് ജില്ലയിൽ മലയോര ഹൈവേയുടെ ഭാഗമായി വന്നിട്ടുള്ള അലൈൻമെന്റുകളിലെ റോഡുകൾ ഏറ്റെടുത്ത് നവീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്റെ മണ്ഡലത്തിൽ മാത്രം രണ്ട് കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി വന്നിട്ടുണ്ട് എന്ന് എനിക്ക് അഭിമാനത്തോടെ പറയാൻ കഴിയും.

ശ്രീ. കെ. കെ. ജയചന്ദ്രൻ: മലയോര ഹൈവേയുടെ ഭാഗമായി അവിടെ മാത്രമല്ല എന്റെ നിയോജകമണ്ഡലത്തിൽ രാജാക്കാട് മുതൽ മൈലാടുംപാറ വരെ 15 കിലോ മീറ്ററാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: അത് നടപ്പിലാക്കാനാവശ്യമായ സംവിധാനങ്ങളും ബഡ്ജറ്റിന്റെ ഭാഗമായി പ്രഖ്യാപിച്ചിട്ടുണ്ട്. മലയോര ഹൈവേയ്ക്കുവേണ്ടി പ്രത്യേകമായ ഫണ്ട് അല്ലെങ്കിൽ പോലും വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി പാലം, റോഡുകളുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ വളരെ നല്ല നിലയിൽ നടത്തിക്കൊണ്ടിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: താങ്കളുടെ സമയം കഴിഞ്ഞു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: ഞാൻ ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കാം. കാസർഗോഡ് ജില്ലയെ സംബന്ധിച്ച് ഏറ്റവും അഭിമാനകരമായ ഒരു പദ്ധതി. എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി 20 കോടി രൂപയുടെ പാക്കേജ് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. നൂറ് കണക്കിനാളുകൾ മാരകമായ ഈ കീടനാശിനിയുടെ പാർശ്വഫലങ്ങളുടെ ഫലമായി അംഗവൈകല്യമുള്ളവരും വിവിധ രോഗങ്ങൾക്ക് വിധേയരാവുകയും പ്രസവിക്കാൻ സാധിക്കാത്തവരായി മാറുകയും ചെയ്തിട്ടുണ്ട്. അവരെ സഹായിക്കുന്നതിനുവേണ്ടി കഴിഞ്ഞ അഞ്ചുവർഷക്കാലം ഐക്യജനാധിപത്യമുന്നണി ഭരിക്കുന്ന കാലത്ത് ഒരു നടപടിയും സ്വീകരിച്ചില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻ ചാണ്ടി ഈ ഗവൺമെന്റിന്റെ അവസാന കാലത്ത് കേരളത്തെ മോചിപ്പിക്കുന്നതിനുവേണ്ടി കാസർഗോഡ് നിന്ന് ആരംഭിച്ച മോചന യാത്രയുടെ ഉദ്ഘാടനത്തിനു വന്നപ്പോഴാണ് എൻഡോസൾഫാൻ ദുരിതബാധിത മേഖലയിൽ പോകാൻ മനസ്സുകാണിച്ചത്. ചിലയാളുകൾ അവിടെ പോയി കണ്ടു, അതിന്റെ ഭാഗമായി ഒരു പ്രഹസനം. രണ്ടു കൊല്ലക്കാലം മുഖ്യമന്ത്രിയായിരിക്കുമ്പോഴും മൂന്നു കൊല്ലക്കാലം യു.ഡി.എഫ്.-ന്റെ പ്രമുഖനായ നേതാവായി ഈ നിയമ സഭയിൽ ഉണ്ടായിരിക്കുന്ന സമയത്തും എന്തെങ്കിലും ചെയ്യുന്നതിനുവേണ്ടി അദ്ദേഹം തയ്യാറായിട്ടുണ്ടോ? ഇല്ല.

ശ്രീ. കെ.സി. ജോസഫ്: ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരിക്കുമ്പോൾ അവിടെ പോയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. കുഞ്ഞിരാമൻ: ഇല്ല, ഒരു സഹായവും ചെയ്തിട്ടില്ല.

ശ്രീ. കെ. ബാബു: ശ്രീ. കെ. വി. കുഞ്ഞിരാമൻ എൻഡോസൾഫാന്റെ കാര്യമാണല്ലോ പറഞ്ഞത്. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ പൊതുജന സമ്പർക്ക പരിപാടിക്ക് തുടക്കം കുറിച്ചത് കാസർഗോഡ് ജില്ലയിലും ഈ പ്രദേശത്തുമാണ്. എതായാലും എനിക്ക് ഒരു ചോദ്യം ചോദിക്കാനുള്ളത് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും എൻഡോ സൾഫാൻ കേരളത്തിൽ നിരോധിച്ചിരുന്നു. പിന്നെ എങ്ങനെ എൻഡോ സൾഫാൻ കേരളത്തിൽ തിരിച്ചുവന്നു എന്ന് പറയാമോ?

ശ്രീ. കെ. വി. കുഞ്ഞിരാമൻ: എൻഡോസൾഫാൻ കേരളത്തിൽ തിരിച്ചു വന്നത് യു.ഡി.എഫ് ഗവൺമെന്റിന്റെ സഹായത്താലാണ്. എൻഡോസൾഫാൻ കമ്പനിക്കുവേണ്ടി സംസാരിക്കുന്ന പ്രൊഫ. കെ.വി. തോമസ് എന്ന കേന്ദ്രമന്ത്രിയും ആ കമ്പനി ഉൽപ്പാദിപ്പിക്കുന്ന ഈ മാരകമായ കീടനാശിനി കേരളത്തിൽ നിരോധിച്ചെങ്കിൽപ്പോലും കേരളത്തിന്റെ അതിർത്തിയിലൂടെ കടന്നുവരാനുള്ള അവസരമുണ്ടാക്കിക്കൊടുക്കുന്ന നടപടികളുമുണ്ടല്ലോ, അതാണ് കേരളത്തിൽ ഈ പറയുന്ന വിധത്തിലുള്ള പ്രശ്നമുണ്ടാക്കിയത്. കഴിഞ്ഞ പത്തു കൊല്ല മായി കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ തളിക്കുന്നില്ല. ഇരുപത് വർഷത്തോളം നിരന്തരമായി ഏരിയൽ സ്പ്രേ നടത്തിയതിന്റെ ഫലമായി വന്നിട്ടുള്ള പ്രശ്നങ്ങളാണ് ഇപ്പോൾ അവിടെയുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. കെ.വി. കുഞ്ഞിരാമൻ: .....ദുരിതം അനുഭവിക്കുന്ന ജനങ്ങളെ സഹായിക്കാൻ ഇരുപത് കോടി രൂപയുടെ ഒരു പാക്കേജ്, അത് വളരെ സജീവമാക്കുന്നതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. വി.എസ്. അച്ചുതാ നന്ദൻ സ്വീകരിച്ചിട്ടുള്ള നിലപാട് കാസർഗോഡ് ജില്ലയിലെ ജനങ്ങൾക്ക് നല്ലതുപോലെ അറിയാവുന്നതാണ്. തീർച്ചയായും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ എക്കാലത്തും കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരായ ജനങ്ങൾ ഓർമ്മിക്കുക തന്നെ ചെയ്യും. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് തീർച്ചയാ യിട്ടും അഭിമാനകരമായ ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. അങ്ങേ ഭാഗത്ത് മഹാഭാരത യുദ്ധത്തിന്റെ അവസാന കാലത്ത് രാത്രി പട്ടാളക്കാർ നിർഭയം ഉറങ്ങുന്ന കൂടാരം ഒരു മുന്നറിയിപ്പുമില്ലാതെ ആക്രമിച്ച് ആയിരക്കണക്കിന് പട്ടാളക്കാരെ നിർദ്ദയം കൊന്ന്, അവസാനം ശാപം ഏറ്റുവാങ്ങി പുഴുത്ത് നാറി, ആർക്കും വേണ്ടാതെ, കാട്ടിലേയ്ക്ക് വലിച്ചെറിയപ്പെട്ട അശ്വത്ഥാമാവിന്റെ അനുഭവമാണ് കേരളത്തിലെ ഐക്യ ജനാധിപത്യ മുന്നണിക്ക് ഉണ്ടാകാൻ പോകുന്നത്. അഴിമതിയും പെൺവാണിഭവും രാഷ്ട്രീയമായ വ്യത്തികേടുകളും എല്ലാം കൊണ്ട് കേരള നിയമസഭയുടെ ഈ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ ആർക്കും വേണ്ടാത്ത, പുഴുത്തുനാറിയ, വലിച്ചെ റിയപ്പെടുന്ന മുന്നണിയായി ഐക്യജനാധിപത്യ മുന്നണി മാറുന്നത് കാണാൻ സാധിക്കും. ഈ ബഡ്ജറ്റുൾപ്പെടെ കേരളത്തിൽ ഉണ്ടാക്കിയിട്ടുള്ള അഭിമാനകരമായ നേട്ടങ്ങളുടെ പിൻബലത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി അടുത്ത

നിയമസഭാ തെരഞ്ഞെടുപ്പിൽ അഭിമാനകരമായ വിജയം നേടി തിരിച്ചുവരുമെന്നുതന്നെയാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. ഈ ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. ജെ. ജോസഫ്: സർ, ബഡ്ജറ്റിനെ എതിർക്കുന്നു. അടിസ്ഥാന സൗകര്യ വികസനത്തിൽ ഏറ്റവും പ്രാധാന്യമുള്ള റോഡുകൾ ബഡ്ജറ്റ് പ്രസംഗത്തിൽ ആദ്യം കൊണ്ടുവന്നു എന്നുള്ളത് തീർച്ചയായിട്ടും നല്ലൊരു കാര്യമാണ്. എന്നാൽ 1996-ലാണ് കേരളത്തിലെ റോഡുകളെപ്പറ്റി ഒരു സ്ട്രാറ്റജിക് ഓപ്ഷൻ സ്റ്റഡി നടത്തിയത്. 2011 ആയപ്പോഴേക്കും സ്ഥിതിഗതികൾ എത്രയോ മാറിയിരിക്കുന്നു. ട്രാൻസ്ഷിപ്മെന്റ് കണ്ടെയിനർ ടെർമിനലിന്റെ തുടക്കം കുറിക്കുന്നതോടുകൂടി ആദ്യവർഷം പത്തു ലക്ഷം കണ്ടെയിനറുകൾ പുതുതായി നിരത്തുകളിലേയ്ക്ക് വരികയാണ്. അഞ്ചു വർഷം കഴിയുമ്പോൾ അത് നാൽപ്പതുലക്ഷം കണ്ടെയിനറുകൾ ആകുകയാണ്. ആ സ്ഥാനത്തു നിന്നുമാറിയ ശ്രീ. രാമചന്ദ്രനുമായി ഇന്നു രാവിലേയും ഞാൻ സംസാരിച്ചു. അദ്ദേഹം പറഞ്ഞത് അഞ്ചു വർഷം കഴിയുമ്പോൾ നാൽപ്പതുലക്ഷം കണ്ടെയിനറുകളാണ്, അതിൽ പകുതിയെങ്കിലും റോഡുകളിൽകൂടെയാണ് പോകേണ്ടത്. കേരളത്തിലെ റോഡുകളിൽക്കൂടി ഇന്നത്തെ നിലയിൽ അവയ്ക്ക് പോകാൻ കഴിയുമോ? നമ്മുടെ ട്രാഫിക് സംവിധാനം എവിടെയായിരിക്കും? ഇന്നിപ്പോൾ നാലുവരിപ്പാതയെപ്പറ്റിയാണ് സംസാരിക്കുന്നത്. ചുരുങ്ങിയത് ഒരു ആറുവരിപാത പുതിയതായി ഉണ്ടാകേണ്ടിയിരിക്കുന്നു. അതിൽ ഒരു വരിയിൽക്കൂടി ഈ കണ്ടെയിനറുകൾക്ക് മാത്രം പോകേണ്ടിവരും. അത്തരത്തിൽ പുതിയ വണ്ടികൾ ഓടുന്നതിനുള്ള സൗകര്യത്തെപ്പറ്റി ബഡ്ജറ്റിൽ ആലോചിച്ചിട്ടില്ല എന്നുള്ളത് അങ്ങേയറ്റം ഖേദകരമാണ്. ഇതിന് മൂന്നു മാർഗ്ഗങ്ങളേയുള്ളൂ. ഒന്ന് റോഡുകൾ, രണ്ട് ഇൻലാന്റ് വാട്ടർവേയ്സ്, മൂന്ന്, കോസ്റ്റൽ ഷിപ്പിംഗ് ഇവ വികസിപ്പിക്കണം. ഈ മൂന്നു കാര്യങ്ങൾ ഗൗരവമായി എടുക്കാതെ നമുക്ക് മുന്നോട്ടുപോകാൻ കഴിയുകയില്ല. അതുപോലെതന്നെ ഒരു ഹൈസ്പീഡ് റെയിൽകോറിഡോർ ഇവിടെയുണ്ടാകണം. തീർച്ചയായും കേന്ദ്ര ഗവൺമെന്റാണ് ഇതിന് മുൻകൈയെടുക്കേണ്ടത്. പക്ഷെ ഈ ആവശ്യം നമ്മൾ ശക്തമായി ഉന്നയിക്കേണ്ടിയിരിക്കുന്നു. ഈ നിലയിൽ മാറ്റം വരുന്നില്ലെങ്കിൽ വർഷങ്ങളായി പറഞ്ഞുകൊണ്ടിരിക്കുന്ന നോർത്ത് സൗത്ത് റോഡിന്റെ ആവശ്യകതയെപ്പറ്റി ഇത്തവണത്തെ ബഡ്ജറ്റിലും ഒന്നും പരാമർശിച്ചിട്ടില്ല. ചുരുങ്ങിയത് ആറുവരി പാതയായി ഒരു പുതിയ റോഡ് ഇവിടെ സംവിധാനം ചെയ്യേണ്ടിയിരിക്കുന്നു. അതുപോലെതന്നെ സ്റ്റേറ്റ് ഹൈവേയും ഡിസ്ട്രിക്ട് റോഡുകളുംകൂടി ഇരുപത്തിമൂന്നായിരം കിലോമീറ്ററുണ്ട്. അത് ബി.എം. ആന്റ് ബി.സി അല്ലെങ്കിൽ ബി.എം.ആന്റ് എ.സി. ചെയ്യണമെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. സംസ്ഥാനത്ത് ഇന്ന് ചെയ്തുകൊണ്ടിരിക്കുന്ന ടാറിംഗ് രീതികൾ അങ്ങേയറ്റം പരാജയം ആയിട്ടുള്ളതാണ്. ഒരു വർഷം പോലും അത് നിലനിൽക്കുകയില്ല. ഇത് ചെയ്യണമെന്നു പറയുന്നതല്ലാതെ എങ്ങനെ അതിന്റെ റിസോഴ്സ് ഉണ്ടാകും എന്നുള്ളതിനെപ്പറ്റി ചിന്തിച്ചിട്ടില്ല. അതിനുള്ള റിസോഴ്സസ് നമുക്ക് കണ്ടെത്തണമെങ്കിൽ ധനകാര്യ സ്ഥാപനങ്ങളെ സമീപിക്കേണ്ടി വരും. സംസ്ഥാനത്തെ റോഡുകളെ സംബന്ധിച്ച് ഒരു സ്ട്രാറ്റജിക് ഓപ്ഷൻ സ്റ്റഡി കൂടി അടിയന്തിരമായി

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകേണ്ടിയിരിക്കുന്നു. ഇൻലാന്റ് വാട്ടർവേയ്സിന് ധാരാളം കേന്ദ്രഫണ്ട് ഉണ്ടായിട്ടും അത് പ്രയോജനപ്പെടുത്തുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അതുപോലെ തന്നെയാണ് കോസ്റ്റൽ ഷിപ്പിംഗും.

ഇന്നിപ്പോൾ കേരളത്തിൽ പതിനൊന്ന് ലക്ഷം ലിറ്റർ പാൽ ഒരുദിവസം ആവശ്യമുണ്ട്. ഇവിടെയിപ്പോൾ ആറ് ലക്ഷം ലിറ്റർ പാൽ മാത്രമാണുള്ളത്. അഞ്ചു ലക്ഷത്തിന്റെ ഷോർട്ടേജാണ് ഉണ്ടാകുന്നത്. ഇതിൽ നാലര ലക്ഷം ലിറ്റർ നമുക്ക് കർണ്ണാടകത്തിൽ നിന്ന് ലഭിച്ചിരുന്നു. അവിടത്തെ ക്ഷാമം കാരണം അത് ഇരുപതിനായിരം ലിറ്ററായി കുറഞ്ഞിരിക്കുന്നു. കർണ്ണാടകത്തിൽനിന്നും തമിഴ്നാട്ടിൽനിന്നും മഹാരാഷ്ട്രയിൽനിന്നുമായി ഒരു ലക്ഷത്തി എൺപതിനായിരം ലിറ്റർ പാൽ ഇപ്പോൾ വാങ്ങുന്നുണ്ട്. ബാക്കി പാൽപ്പൊടി വാങ്ങി പാലാക്കിയാണ് കൊടുക്കുന്നത്. ഇത്രമാത്രം ഷോർട്ടേജ് ഈ പാലിന്റെ ഉല്പാദന-വിതരണ രംഗത്ത് ഉണ്ടായിരിക്കുന്നത് അങ്ങേയറ്റം ആശങ്ക ജനിപ്പിക്കുന്ന ഒന്നാണ്. 1996-ൽ ഇവിടെ 33 ലക്ഷം കന്നുകാലികൾ ഉണ്ടായിരുന്ന സ്ഥാനത്ത് 2007 ആയപ്പോഴേയ്ക്കും 17 ലക്ഷമായി ചുരുങ്ങിയിരിക്കുന്നു. ഇപ്പോഴും കുറഞ്ഞുകൊണ്ടിരിക്കുകയാണ്. പശുവളർത്തൽ അങ്ങേയറ്റം നഷ്ടമായിരിക്കുന്നു. അടുത്ത കാലത്ത് ഗവൺമെന്റ് നടത്തിയ പഠനത്തിൽ ഒരു ലിറ്റർ പാൽ ഉല്പാദിപ്പിക്കുവാൻ 30 രൂപ ചെലവാകുന്നുവെന്നാണ് കാണുന്നത്. നമുക്ക് ആവശ്യത്തിന് ഫോഡറില്ല. തമിഴ്നാട്ടിൽ നിന്നുള്ള വയ്ക്കോൽ നമുക്ക് കിട്ടണം. ഇവിടെയുള്ള പുൽമേടുകൾ മുഴുവനും പുല്ല് കൃഷിചെയ്ത് വർഷകാലത്ത് ധാരാളമായി ഉണ്ടാകുമ്പോൾ അത് വെട്ടി വേനൽക്കാലത്ത് ഉപയോഗപ്പെടുത്താനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം. അതുപോലെതന്നെ കാലിത്തീറ്റയുടെ വിലയും ഗണ്യമായി കുറയ്ക്കേണ്ടിയിരിക്കുന്നു. പശുവളർത്തൽ രംഗത്ത് യുദ്ധകാലാടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിക്കുന്നില്ലായെങ്കിൽ കേരളം വമ്പിച്ച പാൽ ക്ഷാമത്തിലേയ്ക്ക് നീങ്ങും.

അതുപോലെതന്നെ ഉന്നത വിദ്യാഭ്യാസ രംഗത്തെപ്പറ്റി ഒരു കാര്യം ഉന്നയിക്കാനുള്ളത്. 119 എഞ്ചിനീയറിംഗ് കോളേജുകളിലായി 38,000 സീറ്റുകളാണുള്ളത്. ഇന്ത്യയിലാകെ എഞ്ചിനീയറിംഗ് രംഗത്ത് വലിയ പുരോഗതി കൈവരിച്ചിട്ടുണ്ട്. ഇന്ന് കേരളത്തിൽ ഈ രംഗത്ത് നമുക്കുള്ള ഒരു കുറവ് ഇവിടെയുള്ള അദ്ധ്യാപനം നിലവാരമുള്ളതല്ല എന്നതാണ്. ഐ. ഐ.ടി. നിലവാരത്തിലുള്ള പരിശീലനമെങ്കിലും ഈ വിദ്യാലയങ്ങളിൽ നമുക്ക് കൊടുക്കേണ്ടിയിരിക്കുന്നു. അതിനുള്ള അദ്ധ്യാപകരെ പരിശീലിപ്പിക്കുവാനുള്ള രണ്ടോ മൂന്നോ കേന്ദ്രങ്ങൾ ഇവിടെ ഉണ്ടാവുകയും ഈ അദ്ധ്യാപകർക്ക് ഏറ്റവും ഉയർന്ന നിലവാരത്തിലുള്ള പരിശീലനം കൊടുക്കുകയും ചെയ്യണം. എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരിൽ ബഹുഭൂരിപക്ഷവും ബി.ടെക് കാരാണ്. എം.ടെക് അല്ല. എം.ടെക് മാത്രം പാസ്സായാൽ പോര. അവർക്ക് ഐ.ഐ.ടി. നിലവാരത്തിലുള്ള പരിശീലനം കൊടുക്കുന്നതിനുള്ള നടപടിയുണ്ടാകണം. ഏതാണ്ട് 26,000 സീറ്റുകൾ പോളിടെക്നിക്കുകളിലുണ്ട്. ജർമ്മനി തുടങ്ങിയ രാജ്യങ്ങളിലുള്ള സ്കിൽ ഡെവലപ്മെന്റ് ഏറ്റവും ഉന്നത നിലവാരത്തിലുള്ളതാണ്. പോളിടെക്നിക്കുകളിൽ അത്തരത്തിലുള്ള സ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ഡെവലപ്മെന്റ് കൊടുക്കാൻ സാധിച്ചാൽ ഇവർക്കെല്ലാം രാജ്യത്തിനകത്തും പുറത്തുമായി ജോലികിട്ടും എന്നുള്ള കാര്യത്തിൽ സംശയമില്ല. ഇത്തരത്തിൽ ഐ.ഐ.ടി.കളുമായി ബന്ധപ്പെട്ട് ഏറ്റവും ഉന്നതമായ ട്രെയിനിംഗ് പ്രോഗ്രാം സംസ്ഥാനത്ത് നടപ്പിലാക്കേണ്ടത് വളരെയധികം ആവശ്യമായിരിക്കുന്നു. ക്വാണ്ടിറ്റിയിലല്ല ക്വാളിറ്റിയിൽ കേരളം ശ്രദ്ധിക്കേണ്ട ഏറ്റവും ആവശ്യമുള്ള ഒരു സമയമായി ഇന്ന് മാറിയിരിക്കുകയാണ്. അതുപോലെതന്നെ ശ്രീ. എ.പി. ജെ. അബ്ദുൾ കലാം ഈ നിയമസഭയിൽ പത്തിന പരിപാടികൾ ഉന്നയിച്ചതിൽ ഒന്നാം സ്ഥാനം കൊടുത്തത് ടൂറിസത്തിനാണ്. ഇന്ന് ടൂറിസത്തിന് നമുക്ക് ഏറ്റവും അനുകൂലമായ സ്ഥിതിയുണ്ട്. കാശ്മീരിലൊക്കെ പ്രശ്നമുണ്ട്. എന്നാൽ ഇന്ന് ശ്രീലങ്ക സുരക്ഷിതമായ ഒരു രാജ്യമായി മാറിയതോടുകൂടി ഒട്ടേറെ വിദേശ ടൂറിസ്റ്റുകൾ അങ്ങോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ചാർട്ടേർഡ് ഫ്ളൈറ്റ്സിന്റെ എണ്ണം നേരത്തെ ഉണ്ടായിരുന്നതിനേക്കാൾ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കേരളം കൂടെക്കൂടി ശ്രദ്ധിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട ഒന്ന് ശുചിത്വ മേഖലയാണ്. കേരളത്തെ ശുചിത്വ സംസ്ഥാനമായി ഇന്ത്യൻ പ്രസിഡന്റ് തന്നെ ഇവിടെ വന്നു പ്രഖ്യാപിച്ചു. ഇന്നും മാലിന്യങ്ങൾ കുന്നുകൂടിക്കൊണ്ടിരിക്കുകയാണ് പട്ടണങ്ങളിലും ചെറുനഗരങ്ങളിലും. ഇത് പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണം. ഡൊമസ്റ്റിക് ടൂറിസമാണെങ്കിലും വിദേശ ടൂറിസമാണെങ്കിലും ഇവിടെ പ്രോൽസാഹിപ്പിക്കുന്നതിന് ഈ നിലയിലുള്ള ശുചിത്വ പരിപാടിക്ക് ഏറ്റവും പ്രാധാന്യം കൊടുത്ത് മുന്നോട്ട് നീങ്ങേണ്ടിയിരിക്കുന്നു. ശുചിത്വത്തെ സംബന്ധിച്ച് ഏറ്റവും തടസ്സമായി നിൽക്കുന്നത് സോഴ്സിൽ തന്നെ വേസ്റ്റ് സെഗ്രിഗേറ്റ് ചെയ്യപ്പെടുന്നില്ല എന്നുള്ളതാണ്. പ്ലാസ്റ്റിക്, ഇരുമ്പ്, അതുപോലെ തന്നെ ചീഞ്ഞളിയുന്ന സാധനങ്ങൾ തുടങ്ങിയ മാലിന്യങ്ങൾ സോഴ്സിൽ തന്നെ സെഗ്രിഗേറ്റ് ചെയ്യാനുള്ള നടപടികൾ പഞ്ചായത്ത്, മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ തുടങ്ങണം. ജൈവമാലിന്യങ്ങൾ മുഴുവൻ കമ്പോസ്റ്റാക്കി മാറ്റാൻ കഴിയണം. ജൈവക്കൃഷിയെപ്പറ്റി ധാരാളമായി സംസാരിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഈ മാലിന്യങ്ങൾ തന്നെ സംസ്ക്കരിച്ചാൽ ഒരു വലിയ അളവ് കമ്പോസ്റ്റ് നമ്മുടെ കൃഷിയിടങ്ങളിൽ കൊടുക്കാൻ കഴിയും. അത്തരത്തിൽ ജൈവക്കൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിനും മാലിന്യങ്ങൾ ഇല്ലാതാക്കുന്നതിനും കഴിയും എന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ ശ്രീ. വി. ശശികുമാർ]

ശ്രീ. കെ. അജിത്: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഈ ഭരണ കാലഘട്ടത്തിലെ അവസാനത്തെ ബഡ്ജറ്റ് കേരളക്കരയെ ആകെ ത്രസിപ്പിച്ചിരിക്കുകയാണ്. ഇന്ത്യക്കുതന്നെ അഭിമാനകരമായ മുഹൂർത്തങ്ങൾ സമ്മാനിച്ച അഞ്ച് വർഷക്കാലഭരണം പൂർത്തീകരിക്കുന്ന സമയത്ത് കേരളത്തിലേയ്ക്ക് ഇന്ത്യയിലെ ജനങ്ങളുടെ മുഴുവൻ ശ്രദ്ധ കേന്ദ്രീകരിക്കുന്ന തരത്തിലുള്ള ഒരു വികസന പാത തുറന്നുകൊണ്ടാണ് ഈ ബഡ്ജറ്റ് ഡോ: തോമസ് ഐസക്

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ തന്നെ അടിസ്ഥാന സൗകര്യങ്ങളിൽ ഏറ്റവും പ്രാധാന്യമേറിയതാണ് റോഡിന്റെ വികസനം. ടൂറിസമായാലും ഇൻഡസ്ട്രിയായാലും കാർഷിക മേഖലയായാലും ഏത് മേഖലയുടെയും ഉയർത്തെഴുന്നേല്പിന് റോഡുകളുടെ വികസനം വലിയ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഇവിടെ 40,000 കോടി രൂപയുടെ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതോടൊപ്പം നടപ്പ് സാമ്പത്തിക വർഷം വിവിധ ഏജൻസികളിലൂടെ 4000 കോടി രൂപയുടെ റോഡ് വികസനത്തിനായുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയത് ഈ ഗവൺമെന്റ് അടിസ്ഥാന വികസന മേഖലയിൽ നടത്തുന്ന മുന്നേറ്റത്തിന്റെ ഭാഗം തന്നെയാണ്. ഒരു പക്ഷേ ഈ ബഡ്ജറ്റിനെ ജനോപകാര ബഡ്ജറ്റ് എന്നതിനോടൊപ്പം തന്നെ പൊതുമരാമത്ത് ബഡ്ജറ്റ് എന്ന് വേണമെങ്കിൽ വിശേഷിപ്പിക്കാം. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള നിരവധി സ്ഥാപനങ്ങൾക്ക് നാളിതുവരെ ലഭിക്കാത്ത രീതിയിലുള്ള വികസന ഫണ്ടുകളാണ് ഈ ബഡ്ജറ്റിലൂടെ ലഭ്യമായിരിക്കുന്നത്. ആശ്വാസകരമായ ഒരുപാട് പ്രവൃത്തികൾക്ക് പരിഹാരം കണ്ടെത്തുന്നതിന് ഈ ബഡ്ജറ്റിൽ പണം കൊള്ളിച്ചുവെന്നത് ജനപ്രതിനിധികളെയും ജനങ്ങളെയും കൂടുതൽ സന്തോഷഭരിതമാക്കുകയാണ്. സാമൂഹ്യക്ഷേമത്തിന്റെ കാര്യത്തിലും വിദ്യാഭ്യാസത്തിന്റെ കാര്യത്തിലുമെല്ലാംതന്നെ ഈ ബഡ്ജറ്റ് വളരെ പ്രാധാന്യം നൽകിയിട്ടുണ്ട്. ഈ ബഡ്ജറ്റിലൂടെ രണ്ട് രൂപ നിരക്കിലുള്ള അരി 40 ലക്ഷം കുടുംബങ്ങൾക്ക് നൽകുകയും ക്ഷേമ പെൻഷനുകൾ 400 രൂപയായി വർദ്ധിപ്പിക്കുകയും സിവിൽസപ്ലൈസിലൂടെയും മറ്റ് പൊതുവിതരണ കേന്ദ്രങ്ങളിലൂടെയും 300 രൂപ വിലമതിക്കുന്ന പലവ്യഞ്ജനങ്ങൾ 150 രൂപയുടെ കിറ്റായി കൊടുക്കുകയും സമഗ്രമായ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുകയും കേരളത്തിലെ അടിസ്ഥാന ജനവിഭാഗങ്ങൾക്ക് കൂടുതൽ സുരക്ഷിതത്വം ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്. ഇന്ന് ഇവിടത്തെ ഒരു പത്രത്തിൽ കണ്ടതുപോലെ അവർക്ക് വേണ്ടിയിട്ടുള്ളതല്ല ഈ ബഡ്ജറ്റ്. അതിൽ സൂചിപ്പിക്കുന്നത് ബ്യൂട്ടി പാർലറിലേയ്ക്കുള്ള സാധനങ്ങളുടെ ബില്ലിൽ 7200 രൂപയും ലിപ്സ്റ്റിക്കിന് 2800 രൂപയും മുടക്കുന്ന ആളുകൾക്കുവേണ്ടിയല്ല ഈ ബഡ്ജറ്റ് അവതരിപ്പിക്കപ്പെട്ടത് എന്നതിന് കേരളത്തിലെ ജനങ്ങൾ സാക്ഷ്യം വഹിക്കുകയാണ്. നമ്മുടെ നാട്ടിലെ വികസന പ്രവർത്തനങ്ങൾക്ക് നാളിതുവരെ കാണാത്ത ചില മാറ്റങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുന്നു. ഈ ബഡ്ജറ്റിലൂടെ ഇവിടെ ജനിക്കുന്ന ഓരോ കുഞ്ഞിനും ജനന കാലഘട്ടത്തിൽ തന്നെ പതിനായിരം രൂപയുടെ സ്ഥിരനിക്ഷേപം നൽകി എന്നത് സ്വാഗതാർഹമാണ്. അവരുടെ പിന്നീടുള്ള കാലഘട്ടത്തിലെ വിദ്യാഭ്യാസത്തിനും വളർച്ചയ്ക്കും ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ചത് ഒരു പക്ഷേ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് വളരെ വലിയ മാതൃക നൽകുന്ന രീതിയിലാണ്. അൺഎയ്ഡഡ് കോളേജുകളിലെയും സ്കൂളുകളിലെയും പാരലൽ കോളേജുകളിലെയും ജീവനക്കാർക്കും ചില വീടുകളിൽ വീട്ട് ജോലിക്കാരായി നിൽക്കുന്നവർക്കും ക്ഷേമ പെൻഷനുകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ നൽകിക്കൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ട് പോകുമ്പോൾ സമസ്ത മേഖലകളിലും ഈ ഗവൺമെന്റിന്റെ സ്പർശനങ്ങൾ ഏറ്റുവാങ്ങിയിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്നത് ഇവിടെ സൂചിപ്പിക്കപ്പെടുകയാണ്. കേരളത്തിന്റെ ചരിത്രപരമായ വിജയത്തിന് കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ നടപ്പിലാക്കി ഇന്ത്യാ ഗവൺമെന്റിന് മാതൃകകാണിക്കുന്ന ഈ ധനകാര്യ വകുപ്പുമന്ത്രി തീർച്ചയായും ഇന്ത്യക്ക് അഭിമാനകരമായ രീതിയിലുള്ള മുഹൂർത്തങ്ങൾ സൃഷ്ടിക്കും. നമ്മുടെ നാട്ടിൽ ഒരുപാട് കാര്യങ്ങൾക്ക് ഈ ഗവൺമെന്റ് തുടക്കം കുറിച്ചു വെന്നുമാത്രമല്ല, പാവപ്പെട്ട മനുഷ്യന്റെ ജീവിത സാഹചര്യങ്ങൾ ഉയർത്തുന്നതിന് കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുമുണ്ട്. കഴിഞ്ഞ ബഡ്ജറ്റിനെ അപേക്ഷിച്ച് നോക്കുമ്പോൾ വളരെയേറെ മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് ദീർഘകാല വീക്ഷണത്തോടെ ഈ ഗവൺമെന്റ് ജനങ്ങളുടെ കാഴ്ചപ്പാടുകളെ കാണുന്നുവെന്നുള്ളതിന്റെ തെളിവാണ്. ഇവിടെ സാമൂഹ്യ സുരക്ഷാ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സമസ്ത മേഖലകളിലേയ്ക്കും വ്യാപിപ്പിക്കുന്ന നിലപാടുകൾ എടുത്തിട്ടുണ്ട്. ഇൻഷ്വറൻസ് പദ്ധതികളിൽ എ.പി.എൽ./ബി.പി.എൽ. തരംതിരിവിനോടൊപ്പംതന്നെ അവർക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അതിന്റെ തുക വർദ്ധിപ്പിക്കുന്നതിനും ഈ ഗവൺമെന്റ് നടപടികൾ എടുത്തിട്ടുണ്ട്. ഇവിടെ ഇ.എം.എസ്. സമ്പൂർണ്ണ പാർപ്പിട പദ്ധതി, എം.എൻ. പുനരുദ്ധാരണ പദ്ധതി ഇവ നടപ്പിലാക്കി കേരളത്തിലെ പാവപ്പെട്ട ജനങ്ങൾക്ക് കൂടുതൽ സഹായകരമായ നിലപാടുകൾ എടുത്തിട്ടുണ്ട്. ഈ ബഡ്ജറ്റ് തീർച്ചയായും പണമുള്ളവർക്കുവേണ്ടിയുള്ളതല്ലയെന്നത് കേരളത്തിലെ ജനങ്ങൾക്ക് മനസ്സിലായിട്ടുണ്ട്. പാവപ്പെട്ടവരുടെ ജീവിത സാഹചര്യം വർദ്ധിപ്പിക്കുന്നതിന് ഈ രാജ്യത്ത് അടിസ്ഥാനപരമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സ്മാർട്ട് സിറ്റി പോലെയുള്ള പദ്ധതികൾ കേരളത്തിലെ പതിനായിരക്കണക്കിന് ചെറുപ്പക്കാരുടെ വികാരങ്ങളെ തൊട്ടുണർത്തിക്കൊണ്ട്. അവരുടെ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടുള്ളതാണ്. ഇവിടെ റോഡ് ഗതാഗതത്തിന്റെ സമഗ്രമായ സാധ്യതകൾ പരിശോധിക്കുമ്പോൾ കണ്ടെയ്നർ ടെർമിനൽ പോലെയുള്ള വൻകിട പദ്ധതി നടപ്പിലാക്കപ്പെടുമ്പോൾ കേരളത്തിന്റെ സ്ഥാനം കൂടുതൽ ഉയരങ്ങളിലേയ്ക്ക് വരികയാണ്. കഴിഞ്ഞ 50 വർഷങ്ങൾ പരിശോധിക്കുമ്പോൾ കേരളം ഇന്ന് വലിയ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. കേരളത്തിലെ അടിസ്ഥാന വികസനങ്ങളും മറ്റും വലിയ രീതിയിൽ മാറിയിട്ടുണ്ട്. കേരളത്തിൽ ഇപ്പോൾ മുള്ളതു പോലെയുള്ള ഒരു ഭരണ സംവിധാനം വർഷങ്ങൾക്കുമുമ്പേ വരേണ്ടതായിരുന്നു എന്ന് പൊതുജനങ്ങളുടെയിടയിലും പൊതുവായി സംസാരം ഉണ്ടായിരിക്കുകയാണ്. ഇതെല്ലാം നമ്മുടെ പ്രവർത്തനങ്ങളുടെ ഭാഗമായി വരുന്നതാണ്. തീർച്ചയായും ഇതൊക്കെ കേരളത്തിലെ ജനങ്ങൾ ചർച്ച ചെയ്യപ്പെടുകയാണ്. രണ്ട് പക്ഷത്ത് നിൽക്കുന്ന ആൾക്കാരാണ് ഇവിടെ ഭരണത്തിൽ വരുമ്പോൾ പ്രതിപക്ഷവും ഭരണപക്ഷവുമായി വരുന്നത്. പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള പ്രവർത്തനങ്ങൾ ഇവിടെ കേരളത്തിലെ ജനങ്ങൾ സമഗ്രമായി ചർച്ച ചെയ്യപ്പെടുകയുണ്ടായി. കേരളത്തിൽ ഉണ്ടായ ചില മാറ്റങ്ങൾ ജനങ്ങളുടെ ദൃഷ്ടിയിൽ ഉണ്ട്. കഴിഞ്ഞ അമ്പത് വർഷക്കാലം ഉണ്ടാകാത്ത മാറ്റങ്ങളാണ് പൊതുവേ കേരളത്തിൽ ഉണ്ടായിട്ടുള്ളതെന്ന് ജനങ്ങൾ വിലയിരുത്തുകയാണ്. തീർച്ചയായും ഓരോ ജനപ്രതിനിധികൾക്കും അത് തുറന്നു പറയാനുള്ള മാനസികാവസ്ഥ

ഉണ്ടാകണം. ഭരണ-പ്രതിപക്ഷ അംഗങ്ങൾ എല്ലാവരുംതന്നെ തങ്ങളുടെ മണ്ഡലങ്ങളിൽ ഉണ്ടായിട്ടുള്ള വികസന പ്രവർത്തനങ്ങൾ, നാടിന്റെ ക്ഷേമ ഐശ്വര്യങ്ങളിലുണ്ടായ മാറ്റങ്ങൾ ഇതെല്ലാം പറയുകയാണെങ്കിൽ ജനങ്ങൾ കാത്തിരിക്കുന്നത് നല്ല ഭരണത്തെയാണ് എന്ന് തീർച്ചയായും കാണാൻ കഴിയും. ഇവിടെ എല്ലാ എം.എൽ.എ.മാരുടെയും മണ്ഡലങ്ങളിലേയ്ക്ക് നല്ല രീതിയിലുള്ള വികസന പ്രവൃത്തികൾ എത്തിയിട്ടുണ്ട്. എനിക്ക് അഭിമാനത്തോടെ പറയാൻ കഴിയും, ഞാൻ ഒരു ജനപ്രതിനിധിയായി ഇവിടെ വരുന്ന സമയത്ത് ഉണ്ടായിരുന്ന കുടിശ്ശികകൾ മാറ്റിയിട്ടാണ് എന്റെ നിയോജക മണ്ഡലം ഇപ്പോൾ എത്തിയിരിക്കുന്നത്. എല്ലാ ആവശ്യങ്ങൾക്കും ഈ ഗവൺമെന്റ് പൂർണ്ണമായ പരിഗണന നൽകി, പൂർണ്ണമായ രീതിയിലുള്ള പണം നൽകി, പൂർണ്ണമായ സാധ്യതകൾ നൽകി, ആവശ്യമുള്ള, ഉന്നയിക്കപ്പെട്ട എല്ലാ വിഷയങ്ങളും ഡോ. തോമസ് ഐസക്കും ഇടതുപക്ഷ ജനാധിപത്യ മുന്നണിയും അംഗീകരിച്ചു തരികയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലമായി ആ നിയോജകമണ്ഡലത്തിന്റെ പരാധീനതകൾ പരിഹരിച്ചു പോകുവാനുള്ള സാധ്യതകളുണ്ടാകും. ഇതെല്ലാം എല്ലാ സ്ഥലങ്ങളിലുമുണ്ടായിട്ടുണ്ട്. എനിക്ക് ഇവിടെ സൂചിപ്പിക്കുവാനുള്ളത് - ഏറ്റവും ചരിത്രപരമായ മുഹൂർത്തമാണ്, കർഷക തൊഴിലാളി പെൻഷൻ കുടിശ്ശിക ഉണ്ടായിരുന്നത് ഈ ഗവൺമെന്റ് കൊടുത്തുതീർത്തു. ജനങ്ങൾ കഷ്ടപ്പെടാതെ ഇരിക്കുന്നതിനുള്ള നിരവധി ഏർപ്പാടുകൾ ചെയ്തു. വളരെ സന്തോഷം. കർഷക തൊഴിലാളി പെൻഷന് ഇപ്പോൾ വരുമാന പരിധി നിശ്ചയിച്ചിരിക്കുന്നു. മറ്റ് പെൻഷനുകൾക്കൊന്നും വരുമാന പരിധി നിലനില്ക്കുന്നില്ല. നമ്മുടെ നാട്ടിലെ കോടിക്കണക്കിന് ജനങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ നൽകി സംരക്ഷിക്കുന്ന, വലിയ ഒരു ത്യാഗം ചെയ്യുന്ന ഏറ്റവും മൈവദത്തമായ പ്രവർത്തനങ്ങൾ ചെയ്യുന്ന പാവപ്പെട്ട കർഷക തൊഴിലാളികൾ, അവരുടെ പെൻഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളിലെ വരുമാന പരിധി ഒഴിവാക്കണമെന്നാണ് എനിക്ക് ധനകാര്യ വകുപ്പുമന്ത്രിയോട് സൂചിപ്പിക്കുവാനുള്ളത്. അതുപോലെ തന്നെ മലബാർ മേഖലയിൽ, വടക്കൻ മേഖലയിൽ ഇപ്പോൾ പ്ലസ് ടു സംവിധാനമില്ലാത്ത, ഹയർ സെക്കന്ററി സ്കൂളില്ലാത്ത ഗ്രാമങ്ങൾക്ക് ആ കോഴ്സുകൾ അനുവദിച്ചു കൊടുത്തുകൊണ്ട് അവിടത്തെ വിദ്യാഭ്യാസ നിലവാരം ഈ ഗവൺമെന്റ് കൂടുതൽ കൂടുതൽ ഉയരത്തിലേയ്ക്ക് കൊണ്ടുവന്നു. തെക്കൻ കേരളത്തിലെ പല പഞ്ചായത്തുകളിലും ഇപ്പോൾ ഹയർ സെക്കണ്ടറി സംവിധാനം ഇല്ലാത്ത പ്രദേശങ്ങളുണ്ട്. ഈ തെക്കൻ കേരളത്തിലെ ജനങ്ങളെ, അവരുടെ വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കുവാൻ വേണ്ടി ഇതുപോലെയുള്ള സംവിധാനങ്ങൾ നൽകി ഹയർ സെക്കണ്ടറി സ്കൂളുകൾ ഉണ്ടാകാനുള്ള സാധ്യത ഒരുക്കിത്തരണമെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. മറ്റൊരു വിഷയം, നാളികേര കർഷകർക്ക് കഴിഞ്ഞ ബഡ്ജറ്റിലൂടെ പെൻഷൻ നൽകുവാനുള്ള നടപടികളെടുത്ത് ഇന്ത്യയിലെ നാളികേര കൃഷി രംഗത്ത് വലിയ മാറ്റമുണ്ടാക്കുവാൻ കഴിഞ്ഞ ഒരു ഗവൺമെന്റാണ് ഇത്. ഈ ബഡ്ജറ്റിൽ ഇതിനാവശ്യമായ തുക മാറ്റിവച്ചതായി കാണുന്നില്ല. നാളികേര കർഷകർക്ക് ആവശ്യമായ പെൻഷൻ കൊടുക്കുവാനുള്ള തുക മാറ്റിവച്ചുകൊണ്ട്, എല്ലാ മേഖലകളിലും ജനങ്ങളെ സംതൃപ്തരാക്കിയ ഈ ഗവൺമെന്റ് കേരളത്തിലെ കോടിക്കണക്കിന് നാളികേര കർഷകരുടെ

LIBRARY ARCHIVES Kerala Legislative Assembly

ജീവിത നിലവാരം ഉയർത്തുന്നതിനും അവരെ സഹായിക്കുന്നതിനുമുള്ള നിലപാട് കൂടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ മറ്റൊരു വിഷയം എന്റെ മണ്ഡലവുമായി ബന്ധപ്പെട്ടതാണ്. കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ ഞാൻ ഉന്നയിച്ച എല്ലാ കാര്യങ്ങളും അനുവദിച്ചു തന്നു എന്ന് സൂചിപ്പിച്ചു. അന്ന് അനുവദിച്ച മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെട്ട, ഏറണാകുളം-കോട്ടയം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ചെറുകരയിലെ, ഏഷ്യയിലെതന്നെ ഏറ്റവും ലാഭകരമായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി. ആ ഫാക്ടറി സ്ഥിതി ചെയ്യുന്ന പ്രദേശത്ത് ഒരു പാലം വേണമെന്ന ആവശ്യം ഉന്നയിച്ചു. ധനകാര്യ വകുപ്പു മന്ത്രി അത് അനുവദിക്കുകയും ചെയ്തു. അന്ന് എട്ടു കോടി രൂപയായിരുന്നു അതിന്റെ എസ്റ്റിമേറ്റ് തുകയെങ്കിൽ എ.എസ്. ലഭ്യമായത് രണ്ടര കോടി രൂപയ്ക്കാണ്. ആ വിഷയം പല തവണ ബഹുമാന്യനായ ധനകാര്യ വകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും പരിഹാരം ഉണ്ടായില്ല. ഇപ്പോഴും ഞാൻ ആ വിഷയം സൂചിപ്പിച്ചിട്ടുണ്ട്. അതിന് പൂർണ്ണമായി എ.എസ്. നൽകി അതിന്റെ തുക അനുവദിച്ചു നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടെ ഞങ്ങൾ മൂവാറ്റുപുഴ കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ഒരു വിഷയം സൂചിപ്പിക്കുകയാണ്. മൂവാറ്റുപുഴ വാട്ടർ അതോറിറ്റി ഡിവിഷന്റെ കീഴിലുള്ള മെയിന്റനൻസ് കരാറുകാർ കഴിഞ്ഞ കുറച്ചു ദിവസങ്ങളായി പണി മുടക്കിന്റെ വക്കിൽ നില്ക്കുകയാണ്. വിവരങ്ങൾ അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത് അവർക്ക് കഴിഞ്ഞ കാലങ്ങളിൽ നൽകിയ പ്രവൃത്തിയുടെ പണം നൽകാൻ കഴിഞ്ഞിട്ടില്ല എന്നാണ്. അത് അടിയന്തരമായി കൊടുത്തുതീർക്കണം. ഈ ഗവൺമെന്റ് കഴിഞ്ഞ കാലങ്ങളിൽ നടപ്പാക്കിയ 700 കോടി രൂപയുടെ കുടിവെള്ള പദ്ധതികൾ എത്രയുംവേഗം നടപ്പാക്കണം. രൂക്ഷമായ കുടിവെള്ള ക്ഷാമം ഉണ്ടാകാതിരിക്കാൻ മെയിന്റനൻസ് കരാറുകാർക്ക് കുടിശ്ശിക കൊടുത്തു കഴിഞ്ഞാൽ തീർച്ചയായും ആ പദ്ധതികൾ നടപ്പാക്കാൻ സാധിക്കും. ഈ ഗവൺമെന്റിന്റെ എല്ലാ പ്രവൃത്തികളും പൂർണ്ണമായി ജനങ്ങളുടെ വികാരങ്ങൾ മനസ്സിലാക്കിയാണ് എന്ന് ഇവിടെ സൂചിപ്പിച്ചു. ഗവൺമെന്റിന്റെ ഈ ബഡ്ജറ്റ് പാസ്സാക്കിക്കൊടുത്തുകൊണ്ട് അതിനാവശ്യമായ സഹായങ്ങൾ നൽകിക്കൊണ്ട് ഇത് ഏകകണ്ഠമായി പാസ്സാക്കണമെന്നാണ് എനിക്ക് സഭയോട് പൊതുവായി അഭ്യർത്ഥിക്കുവാനുള്ളത്. തീർച്ചയായും ഈ ബഡ്ജറ്റ് വരും കാലഘട്ടത്തിൽ കേരളത്തിന്റെ ചരിത്രപരമായ മുഹൂർത്തത്തിന് സാക്ഷ്യം വഹിക്കും. ഈ ഗവൺമെന്റിന്റെ തുടർന്ന് ഉണ്ടാകുന്ന കാലഘട്ടങ്ങളിൽ ജനങ്ങളുടെ പക്ഷത്തു നിന്ന് പ്രവർത്തിക്കുമ്പോൾ ഈ സഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കുവാനായി ഡോ. തോമസ് ഐസക് വീണ്ടുമെത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. തീർച്ചയായും ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വീണ്ടും കേരളത്തിൽ അധികാരത്തിൽ തിരിച്ചെത്തി ജനങ്ങൾ ആഗ്രഹിക്കും പ്രകാരമുള്ള പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കും. ഞാൻ ബഡ്ജറ്റിനെ പൂർണ്ണമായി പിന്താങ്ങുകയാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. വായനക്കാർക്ക് ഇഷ്ടമാണെങ്കിൽ സങ്കല്പ വായു വിഹായസ്സിൽ ഏറിയാലും എന്ന വരികൾകൊണ്ട് ബഡ്ജറ്റ് തുടങ്ങണമായിരുന്നു. ഡോ. തോമസ് ഐസക് ആദ്യം അവതരിപ്പിച്ച ബഡ്ജറ്റിന്റെ ചർച്ചയിലും ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ഇത് പറഞ്ഞിരുന്നു. സങ്കല്പങ്ങളുടേയും സ്വപ്നങ്ങളുടേയും ലോകത്താണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി. അപ്പുറത്തുള്ളവരും യാഥാർത്ഥ്യങ്ങളെ പൂർണ്ണമായി വിസ്മരിക്കുകയാണ്. സ്വപ്നങ്ങൾ പൂത്തുലഞ്ഞു നില്ക്കുകയാണ് ഈ ബഡ്ജറ്റിൽ. സ്വപ്നങ്ങൾ അലങ്കരിക്കും നമ്മുടെ ബഡ്ജറ്റ് കണ്ട് സ്വർഗ്ഗം നാണിക്കുന്നു എന്ന് അപ്പുറത്തുള്ളവർക്ക് വേണമെങ്കിൽ പാടാം. നിങ്ങളുടെ സങ്കല്പങ്ങളിലെ കേരളം അതിമനോഹരമാണ്. പൂർണ്ണമായ വികസനത്തിലേയ്ക്ക് എത്തിയിരിക്കുന്നു. എല്ലാ കാര്യങ്ങളും ചെയ്തിരിക്കുന്നു. നമ്മുടെ കേരളത്തിലെ ജനങ്ങൾ സമൃദ്ധിയിലും സുഭിക്ഷതയിലുമാണ് കഴിയുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, അങ്ങ് സ്വപ്നങ്ങളിൽനിന്നും സങ്കല്പങ്ങളിൽനിന്നും യാഥാർത്ഥ്യങ്ങളിലേയ്ക്ക് ഇറങ്ങി വരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ സ്വപ്നങ്ങളുടെ ലോകത്തു മാത്രം കഴിഞ്ഞാൽ ശരിയാകുകയില്ല. നിങ്ങൾ അഞ്ചു കൊല്ലം ഭരിച്ചു. അപ്പോൾ യാഥാർത്ഥ്യങ്ങളിലേയ്ക്ക് നിങ്ങൾ ഇറങ്ങി വന്നാൽ നിങ്ങൾക്ക് അറിയാം കേരളത്തെ എവിടെ എത്തിച്ചിരിക്കുന്നു എന്ന്. നല്ല ഒരു റോഡെങ്കിലുമുണ്ടോ കേരളത്തിൽ? ഇപ്പോൾ 40,000 കോടി രൂപ റോഡിന് നീക്കിവച്ചതിനെപ്പറ്റി അഭിമാനപൂർവ്വം പറയുകയാണ്. എന്തുകൊണ്ടാണ് 40,000 കോടി രൂപ റോഡിന് വയ്ക്കേണ്ടി വന്നത്? മൂന്നു കൊല്ലം വികസനത്തിന് അവധി കൊടുത്തു. എന്നിട്ട് പ്രവർത്തനങ്ങളൊക്കെ നിലച്ചു. ഒരു കാര്യം മനസ്സിലാക്കണം, കുടിശ്ശിക കൊടുത്തു തീർക്കുവാൻ വേണ്ടി എല്ലാ പ്രവർത്തനങ്ങളും നിർത്തുകയാണ്. എന്നിട്ട് ഒരു പതിനഞ്ച് കോടി രൂപ തന്നു. ബഹുമാനപ്പെട്ട മന്ത്രി, കഴിഞ്ഞ കാലത്ത് ഞങ്ങളുടെയൊക്കെ മണ്ഡലങ്ങളിൽ ഒരു കൊല്ലംതന്നെ മുപ്പതും നാല്പതും കോടി രൂപയുടെ വർക്കുകൾ നടത്തിയിരുന്നു. ഇവിടെ നിങ്ങളുടെ ഓരോരുത്തരുടേയും കാര്യം പറയണം. പ്രതിപക്ഷത്തിരുന്ന ഒരുപാട് ആളുകൾ അന്ന് അവരുടെയൊക്കെ മണ്ഡലങ്ങളിൽ നടന്നതിനെപ്പറ്റി പറഞ്ഞിരുന്നു. ഇത് അവസാനം കൊണ്ടുവന്ന് പതിനഞ്ചു കോടി രൂപയിൽ ഒതുക്കി. എന്നിട്ട് ആ പതിനഞ്ചു കോടി രൂപയെപ്പറ്റി നിങ്ങൾ വലുതായി പറയുകയാണ്. ഇപ്പോൾ 40,000 കോടി രൂപ വേണ്ടിവന്നത് എന്തുകൊണ്ടാണ്? റോഡ് മര്യാദയ്ക്ക് മെയിന്റനൻസ് നടത്താൻ തയ്യാറായില്ല. പുതുതായി റോഡുകൾ ഉണ്ടാക്കാൻ ശ്രമിച്ചില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പണ്ട് പ്ലാനിംഗ് ബോർഡ് മെമ്പർ ആയിരിക്കുമ്പോൾ പറഞ്ഞ ഒരു കാര്യമുണ്ട്. റോഡും പാലവുമല്ല വികസനം. അദ്ദേഹം പറയുന്നതു കേട്ട് ഞാനും കുറച്ച് നടന്നിരുന്നു. പിന്നീട് ജനങ്ങളിൽനിന്ന് അടി കിട്ടും എന്നു കണ്ടപ്പോൾ അതിൽനിന്ന് ഒഴിവായതാണ്. അവസാനം അദ്ദേഹത്തിന് മനസ്സിലായി, പാർലമെന്റ് തെരഞ്ഞെടുപ്പിലും പഞ്ചായത്ത് തെരഞ്ഞെടുപ്പിലും നല്ല അടി ജനങ്ങൾ കൊടുത്തു. ഇനി ഈ റോഡുണ്ടാക്കണം. അതിനാണ് ഈ നാൽപ്പതിനായിരം കോടി രൂപ വേണ്ടിവന്നത്. അതുതന്നെ പശ്ചാത്താപമാണ്. പ്രായശ്ചിത്തമാണെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ എന്താണുള്ളത്? ഇവർ എന്ത് ചെയ്തു എന്നാണ് പറയുന്നത്? തമിഴ്നാട്ടിലൊക്കെ ഫ്ളൈ ഓവറുകൾ ധാരാളമുണ്ട്. വികസന രംഗത്ത് എന്ത് ദ്രുതഗതിയിലാണ് അവർ പോകുന്നത്? ഇപ്പോൾ നിങ്ങളുടെ പാർട്ടിയുടെ സെക്രട്ടറി പറയുന്നത് മോഡലായി തമിഴ്നാട് വേണമോ ഗുജറാത്ത് വേണമോ എന്നാണ്. ഞങ്ങൾ അതിലേയ്ക്കൊന്നും പോകുന്നില്ല. കേരളം സാമൂഹ്യ

LIBRARY ARCHIVES Kerala Legislative Assembly

വികസന രംഗത്ത് വളരെ മുന്നിൽ നിന്ന ഒരു സംസ്ഥാനമാണ്. അതാണ് പിന്നോക്കം പോകുന്നത്. മാലിന്യ നിർമ്മാർജ്ജന പദ്ധതി ഇല്ല. പട്ടിണി പാവങ്ങളുടെ എണ്ണം വർദ്ധിച്ചു വരികയാണ്. തൊഴിലില്ലായ്മ വർദ്ധിക്കുകയാണ്. കേന്ദ്ര സർക്കാർ ഗ്രാന്റും സഹായവും ഗണ്യമായി നൽകിയിട്ടും അത് വേണ്ട വിധത്തിൽ ഉപയോഗിക്കുവാൻ തയ്യാറാകുന്നില്ല.

[12.00 Noon]

തൊഴിലില്ലായ്മ വർദ്ധിച്ചു വരികയാണ്. തൊഴിലില്ലായ്മയുടെ കണക്ക് 2005-ൽ 36 ലക്ഷമായിരുന്നെങ്കിൽ ഇപ്പോൾ 43 ലക്ഷമാണ്. വികസനത്തിന്റെ ആത്യന്തിക ലക്ഷ്യമെന്നു പറയുന്നത് എംപ്ലോയ്മെന്റ് ജനറേഷനാണ്. വികസനത്തിന് പറയുന്ന മറ്റൊരു വാക്ക് ensure in the livelihood security എന്നാണ്. അപ്പോൾ ഇവിടെ തൊഴിലവസരങ്ങൾ വളർത്തുന്ന ഒരു വികസനവും ഇല്ല. അതുപോലെ ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി ആവിഷ്കരിച്ച ആർക്കോ ഇ.എം.എസ്.-നോട് ദേഷ്യമുണ്ടായതുകൊണ്ടാകാം ആ പദ്ധതി നടപ്പിലാക്കാതിരിക്കാനുള്ള ഉത്തരവുകൾ മാറ്റി മറിച്ചിറക്കിയത്. ഭവന നിർമ്മാണ പദ്ധതി ആരംഭിക്കണമെങ്കിൽ കെ. അച്ചുതമേനോൻ ഗവൺമെന്റിന്റെ കാലത്ത് എം.എൻ. ഗോവിന്ദൻ നായർ നടപ്പാക്കിയ ലക്ഷം വീട് പദ്ധതി പോലുള്ളത് കൊണ്ട് വരൂ. ഞങ്ങൾ അനുകൂലിക്കും. ഇങ്ങനെ പേരിന് ഇ.എം.എസ്.-നെ അപമാനിക്കാൻ വേണ്ടിയാണ് നിങ്ങൾ ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി നടപ്പാക്കിയത്. ഞങ്ങളുടെ ഒരു പ്രാദേശിക നേതാവ് പ്രസംഗിക്കാറുണ്ട്, ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയനുസരിച്ചുള്ള ഒരു ഭവനം നിർമ്മിച്ചാൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച്. തല ഒരു മുറിക്കകത്താണെങ്കിൽ കാല് പുറത്തു പോകും. അങ്ങനെയുള്ള ഭവനമാണ് നിർമ്മിച്ചു കൊടുക്കുന്നത്. വികസന മേഖല മുഴുവൻ സ്തംഭിച്ച് ദുരിതങ്ങളും പ്രയാസങ്ങളും അനുഭവിക്കുന്ന ജനങ്ങൾ. ഇതാണ് നിങ്ങളുടെ അഞ്ച് വർഷത്തെ ഭരണത്തിന്റെ ബാക്കിപത്രം. എന്നിട്ടും നിങ്ങൾ പൊങ്ങച്ചം പറയുന്നു. ടാഗോറിന്റെ മണ്ട വരികൾ ഉദ്ധരിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

തന്റെ ദുർവൃത്തികളെപ്പറ്റി പൊങ്ങച്ചം പറയുന്ന അധികാരത്തെ

വീഴുന്ന മഞ്ഞ ഇലകളും കടന്നു പോകുന്ന മേഘങ്ങളും കളിയാക്കുന്നു .

ഇവിടെ കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിലും പഞ്ചായത്ത് തെരഞ്ഞെടുപ്പിലും തോറ്റപ്പോൾ പറഞ്ഞ ഒരു കാര്യമുണ്ട്, ഞങ്ങൾ ചെയ്യുന്ന വികസന പ്രവർത്തനങ്ങളൊന്നും ജനങ്ങൾ കാണുന്നില്ല. ഞാൻ അത് പരിശോധിച്ചു. എന്താണ് ജനങ്ങൾ കാണാത്ത വികസന പ്രവർത്തനം? എച്ച്.എം.ടി. ഭൂമി വിറ്റത്, അതുപോലെ മെർക്കിസ്റ്റൺ എസ്റ്റേറ്റ്, ഇ.എഫ്.എൽ. ഭൂമി സേവി മനോമാത്യുവിന് കൊടുത്തത്, അട്ടപ്പാടി ഭൂമി കാറ്റാടി കമ്പനിക്ക് കൊടുത്തത്, ഇപ്പോൾ ഇൻഫോപാർക്ക് മുന്ന് സ്വകാര്യ കമ്പനികൾക്ക് കൊടുത്തത്, ലോട്ടറിയിൽ നിന്ന് എൺപതിനായിരം കോടി രൂപ സ്വകാര്യ ലോട്ടറിക്കാർക്ക് കൊള്ളയടിക്കാൻ അവസരം കൊടുത്തത്. ഈ നേട്ടങ്ങളൊക്കെ ജനങ്ങൾ കണ്ടിട്ടില്ലെന്ന് നിങ്ങൾ വിചാരിക്കും. ജനങ്ങൾ അറിഞ്ഞതുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾക്ക് പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ തിരിച്ചടി കിട്ടിയത്. ജനങ്ങൾക്ക് ഒന്നും ചെയ്യാത്ത, വെറും വാചകമടിയിൽ മാത്രം കാര്യങ്ങൾ ചെയ്തു എന്ന് പറയുന്ന ഗവൺമെന്റിന്റെ ഈ ബഡ്ജറ്റിനെ ശക്തമായി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ അനുകൂലിക്കുകയാണ്. എനിക്ക് തൊട്ടു മുൻപ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം ധനകാര്യ വകുപ്പുമന്ത്രി സ്വപ്നലോകത്താണ് ജീവിക്കുന്നതെന്നും ഈ ഗവൺമെന്റ് ഒന്നും ചെയ്തിട്ടില്ലാ എന്നും സ്ഥാപിക്കാനാണ് ശ്രമിച്ചത്. ബഹുമാനപ്പെട്ട കെ. കുട്ടി അഹമ്മദ് കുട്ടി ഗവൺമെന്റ് ചെയ്ത കാര്യങ്ങൾ മനസ്സിലാക്കുന്നതിൽ ഒരു കൊച്ചു കുട്ടിയായിപ്പോയല്ലോ എന്ന സങ്കടമാണുള്ളത്. നിയമസഭയിൽ 156-ാമത്തെ ചോദ്യത്തിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നൽകിയ ഉത്തരം തന്നെ ഈ ഗവൺമെന്റ് നടപ്പിലാക്കിയ ക്ഷേമ പ്രവർത്തനങ്ങളുടേയും വികസന പ്രവർത്തനങ്ങളുടേയും ഒരു ചിത്രം വരച്ചു കാട്ടുകയാണ്. 2001-06-ൽ സർക്കാർ ചെലവ് 53 ശതമാനം ആയിരുന്നെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അത് 100 ശതമാനത്തിലധികം വർദ്ധിച്ചിരിക്കുകയാണ്. നിങ്ങൾ വച്ച കണക്കുകൾ പ്രകാരം 19528 കോടി രൂപ മാത്രമാണ് 2005-06-ലെ സർക്കാർ ചെലവെങ്കിൽ 2010-11-ന് 39790 കോടി രൂപയാണ്. 100 ശതമാനത്തിൽ കൂടുതൽ വർദ്ധനവ് ഉണ്ടായിരിക്കുകയാണ്. 2005-06-ൽ കൃഷിക്കുവേണ്ടി 324 കോടി രൂപ ചെലവാക്കിയ സ്ഥാനത്ത് കഴിഞ്ഞ സാമ്പത്തിക വർഷം 705 കോടി രൂപയാണ് ചെലവാക്കിയത്. റോഡുകളുടേയും പാലങ്ങളുടേയും പണി നടക്കുന്നില്ലെന്നാണ് ശ്രീ. കുട്ടി അഹമ്മദ് കുട്ടിയുടെ ആക്ഷേപം. അവസാന വർഷം യു.ഡി.എഫ്. ഗവൺമെന്റ് 533 കോടി രൂപ മാത്രമാണ് റോഡുകൾക്കും പാലങ്ങൾക്കും ചെലവാക്കിയതെങ്കിൽ 2009-10-ൽ 1072 കോടി രൂപ ചെലവാക്കിയിരിക്കുന്നു. വ്യാവസായിക മേഖലയിൽ 201 കോടി രൂപയുടെ സ്ഥാനത്ത് 347 കോടി രൂപ ചെലവാക്കിയിരിക്കുന്നു. സാമൂഹ്യ സുരക്ഷാ പദ്ധതിക്ക് 2001-06-ൽ ആകെ ചെലവാക്കിയത് 134 കോടി രൂപയാണെങ്കിൽ ഈ ഗവൺമെന്റ് 788 കോടി രൂപ ചെലവാക്കി. ഇതിൽ 488 ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. ക്ഷേമ പെൻഷനുകൾക്ക് 134 കോടി രൂപ ചെലവാക്കിയ സ്ഥാനത്ത് 389 കോടി രൂപ ചെലവാക്കിയിരിക്കുന്നു. ഭക്ഷ്യ സബ്സിഡിക്ക് 34 കോടി രൂപ ചെലവാക്കിയിരുന്ന സ്ഥാനത്ത് ഇന്ന് 235 കോടി രൂപ പ്രതിവർഷം ചെലവാക്കുന്നു. പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിന് 395 കോടി രൂപയാണ് ആ ഗവൺമെന്റ് ചെലവാക്കിയതെങ്കിൽ ഇന്ന് 840 കോടി രൂപ ചെലവാക്കുന്നു. മൽസ്യ മേഖലയിൽ 527 കോടി രൂപയാണ് ആകെ ചെലവാക്കിയതെങ്കിൽ ഈ ഗവൺമെന്റ് 3092 കോടി രൂപ ചെലവാക്കി. ഇതൊന്നും കണ്ടില്ലെന്ന് പറയുന്ന അവസ്ഥാവിശേഷത്തിലേക്ക് ശ്രീ. കുട്ടി അഹമ്മദ് കുട്ടിയെപ്പോലുള്ള ആളുകൾ എത്തിച്ചേരുന്നത് വളരെ സങ്കടകരമാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും അധികം ക്ഷേമ പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും നടന്ന കാലഘട്ടം ഏതെന്ന് ചോദിച്ചാൽ അത് 2006-11 കാലഘട്ടമാണെന്ന് ഏത് കൊച്ചുകുട്ടിയും പറയുന്ന സ്ഥിതിവിശേഷമുള്ളപ്പോൾ പ്രതിപക്ഷം അത് അംഗീകരിക്കാൻ തയ്യാറാകേണ്ട

LIBRARY ARCHIVES Kerala Legislative Assembly

തായിരുന്നു എന്ന് മാത്രമാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. തെരഞ്ഞെടുപ്പ് അടുത്ത് വരുന്നതുകൊണ്ട് തെറ്റായ വാർത്തകൾ പ്രചരിപ്പിച്ച് ഒരു പുകമറ സൃഷ്ടിക്കാൻ ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. ഇന്ന് അടിയന്തരപ്രമേയമായി ഉന്നയിച്ച പ്രശ്നം വഴിവിട്ട് നിയമനങ്ങൾ നടത്തി സ്ഥിരപ്പെടുത്തുന്നു എന്നുള്ളതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. യിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയും പി.എസ്.സി. മുഖേനയും 20,000-ൽ അധികം നിയമനങ്ങൾ നടത്തി. പത്താൻപതും ഇരുപതും കൊല്ലമായി തൊഴിലെടുക്കുന്ന എംപാനൽ കണ്ടക്ടർമാരേയും ഡ്രൈവർമാരേയും സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ഇടതുപക്ഷ ജനാധിപത്യ മുന്നണി സ്വീകരിച്ചപ്പോൾ അത് പിൻവാതിൽ നിയമനത്തിലൂടെ സ്ഥിരപ്പെടുത്തുന്നതാണോ? ഇരുപത് കൊല്ലം ഒരു സ്ഥാപനത്തിൽ പണിയെടുത്ത ആളുകളെ നിർദ്ദയം പിരിച്ചു വിടണമെന്നാണോ യു.ഡി.എഫ്. ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോദ്യം ചോദിക്കാൻ പോകുന്നതിനു മുൻപ് യു.ഡി.എഫ്. ഗവൺമെന്റ് ട്രാൻസ്പോർട്ട് വകുപ്പിൽ ചെയ്ത ഒരു നിയമനത്തിന്റെ കാര്യം ശ്രദ്ധയിൽ കൊണ്ടുവരാതിരിക്കാൻ കഴിയില്ല. 2006 ഫെബ്രുവരി മാസം എന്ന് പറയുന്നത് ആ ഗവൺമെന്റിന്റെ അവസാന മാസമാണ്. കെ.ടി.ഡി.എഫ്.സി. എന്ന സ്ഥാപനത്തിൽ 106 പേരെ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് ഇറക്കിയത് 22-2-2006 ലാണ്. അവർ പറയുന്ന ന്യായം 96 പേർ ഉണ്ടെന്നാണ്. പക്ഷെ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയതിനുശേഷം, ആ ഗവൺമെന്റ് വന്നതിനുശേഷം കുറേ അധികം ആളുകളെ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചത് 22-2-2006-ലാണ്. 22-2-2006-ൽ 106 പോസ്റ്റ് ക്രിയേറ്റ് ചെയ്തു. അന്നുതന്നെ സർവ്വീസ് കണ്ടീഷൻസ് ഉണ്ടാക്കി അവരെ സ്ഥിരപ്പെടുത്തി. ഒരു നടപടിയും ഇല്ലാതെയാണ് അവരെ എടുത്തത്. എംപ്ലോയ്മെന്റിൽനിന്ന് പേര് വിളിക്കാതെ, പോസ്റ്റ് ഇല്ലാതെ, ഇന്റർവ്യൂ ഇല്ലാതെ, അഡ്വർടൈസ്മെന്റ് ഇല്ലാതെ ഇഷ്ടമുള്ള ആളുകളെ, ബന്ധുക്കളെ നിയമിക്കുകയാണുണ്ടായത്. ഞാൻ ഇവിടെ പേര് വെളിപ്പെടുത്തുന്നില്ല. ഇങ്ങനെ ചെയ്ത ആളുകളാണ് കെ.എസ്.ആർ.ടി.സി., വാട്ടർ അതോറിറ്റി അടക്കമുള്ള സ്ഥാപനങ്ങളിൽ 6-ഉം 8-ഉം വർഷങ്ങളായി ജോലിയെടുക്കുന്ന സാധാരണക്കാരായ പാവപ്പെട്ട തൊഴിലാളികളെ സ്ഥിരപ്പെടുത്തുവാൻ നടപടിയെടുക്കുമ്പോൾ അതിനെതിരെ അടിയന്തിര പ്രമേയം കൊണ്ടുവന്ന് ഒരു പുകമറ സൃഷ്ടിക്കാൻ ശ്രമിക്കുന്നത്.

<u>ശ്രീ. പി. സി. ജോർജ്:</u> യു.ഡി.എഫ്. നിയമിച്ച ആളുകളെ മാത്യു റ്റി. തോമസ് മന്ത്രിയായിരുന്നപ്പോൾ പിരിച്ചുവിട്ടു. കോടതിയിൽ പോയി എന്നിട്ടും പിരിച്ചു വിട്ടു എന്നാണ് അദ്ദേഹം പറഞ്ഞത്. അതാണല്ലോ വസ്തുത. ആ നിലയ്ക്ക് ഇപ്പോൾ നിയമിച്ച ആളുകളെ അടുത്ത ഗവൺമെന്റ് വരുമ്പോൾ പിരിച്ചു വിടണമെന്നാണോ അങ്ങ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. മാത്യു റ്റി. തോമസ്:</u> ഒരു മന്ത്രി സത്യപ്രതിജ്ഞ ചെയ്തതിനു ശേഷം മൂന്നാം ദിവസം മന്ത്രിയുടെ സ്വന്തക്കാരനെ അവിടെ നിയമിക്കുകയാണ്. പോസ്റ്റില്ല, ഇന്റർവ്യൂ ഇല്ല, അഡ്വർടൈസ്മെന്റില്ല. അങ്ങനെ തുടർന്നുള്ള മൂന്നുനാല് മാസം കൊണ്ട് പത്ത് അറുപത് പേരെ ഇല്ലാത്ത പോസ്റ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

നിയമിക്കുകയാണ്. എന്നിട്ട് മന്ത്രിസഭ പോകുന്നതിനുമുൻപ് പോസ്റ്റ് ക്രിയേറ്റ് ചെയ്ത് മന്ത്രിസഭാ തീരുമാനം എടുക്കുകയും അവരെ റെഗുലറൈസ് ചെയ്യുകയും ചെയ്ത ഗവൺമെന്റും അതിലെ യു.ഡി.എഫ്. കാരുമാണ് ദീർഘകാലമായി പ്രവർത്തിക്കുന്ന ആളുകളെ സ്ഥിരപ്പെടുത്താനുള്ള നടപടി സ്വീകരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ ആക്ഷേപിക്കുന്നത്. ഇവിടെ ആരംഭിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ റിക്രൂട്ട്മെന്റിനുവേണ്ടി ഒരു നടപടിക്രമം സ്വീകരിച്ചിരിക്കുന്നു. അവിടെ റിട്ടൺ ടെസ്റ്റുണ്ടാകും, എക്സാമിനേഷന്റെ മാർക്കിന് പ്രാദേശികമായ വെയ്റ്റേജുണ്ടാകും. ഇങ്ങനെ എല്ലാ കാര്യത്തിലും മാനദണ്ഡങ്ങൾ സ്വീകരിച്ചുകൊണ്ട് പ്രവർത്തിക്കുകയും ക്ഷേമ പ്രവർത്തനങ്ങൾക്കും വികസന പ്രവർത്തനങ്ങൾക്കും വേണ്ടി പ്രവർത്തിക്കുകയും ചെയ്ത, ജനങ്ങളുടെ സ്വപ്നങ്ങൾ സാക്ഷാത്കരിച്ച ഗവൺമെന്റിന്റെ ഈ ബഡ്ജറ്റ് നിർദ്ദേശത്തെ ഞാൻ അനുകൂലിക്കുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇവിടെ പ്രധാനപ്പെട്ട പ്രശ്നം....

<u>മി. ചെയർമാൻ</u>: പ്രസംഗം കഴിഞ്ഞു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: പ്രസംഗം കഴിഞ്ഞാണ് പോയിന്റ് ഓഫ് ഓർഡർ. മറ്റേത് പ്രസംഗത്തെ ഇന്റർഫിയർ ചെയ്യുകയാണ്. ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത് സമയം കഴിഞ്ഞിട്ടുതന്നെയാണ്. ഇവിടെ പ്രധാനപ്പെട്ട പ്രശ്നം പബ്ലിക് സർവ്വീസ് കമ്മീഷന്റെ ലിസ്റ്റ് നില നിൽക്കുമ്പോൾ ആ ലിസ്റ്റിനെ മറികടന്നുകൊണ്ട് അനധികൃത നിയമനം നടക്കുന്നുവെന്നുള്ളത് ഹൈക്കോടതി പോലും ചോദ്യം ചെയ്തിട്ടുള്ളതാണ്. ഈ രാജ്യത്തെ നീതിന്യായ കോടതി ചോദ്യം ചെയ്തിട്ടുള്ള ഒരു കാര്യത്തെ ഇവിടെ വകുപ്പിന്റെ ഫണ്ട് കൈകാര്യം ചെയ്തിരുന്നൊരു മന്ത്രിതന്നെ ഈ നിയമസഭയിൽ ചോദ്യം ചെയ്യുന്നത് ഓർഡറിലാണോ? അത് ഓർഡറിലല്ല. അതുകൊണ്ട് അത് സഭാ രേഖകളിൽ കാണരുത്.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: ഞാൻ പറഞ്ഞത് ഇല്ലാത്ത പോസ്റ്റിൽ നിയമനം നടത്തിയതിനുശേഷം അത് റെഗുലറൈസ് ചെയ്ത് നിയമനം നടത്തുമ്പോൾ ഒരു ഇന്റർവ്യൂ ഇല്ല, അഡ്വർട്ടൈസ്മെന്റില്ല. ഇങ്ങനെയൊരു തസ്തികയുണ്ടെന്ന് പ്രസിദ്ധീകരിച്ചിട്ടില്ല, എംപ്ലോയ്മെന്റ് നിയമനം ഇല്ല. പോസ്റ്റില്ല. പോസ്റ്റില്ലാത്തിടത്ത് നിയമനം നടത്തിയശേഷം അത് റെഗുലറൈസ് ചെയ്ത ആളുകളാണ് പുതിയ സ്ഥാപനങ്ങൾ തുടങ്ങുന്നതിനെ എതിർക്കുന്നത്. ഇതൊരു പുകമറ സൃഷ്ടിക്കലാണ്. ഒരു കാരണവശാലും യു.ഡി.എഫ്.-ന്റെ ഈ തന്ത്രങ്ങൾ, കുപ്രചരണങ്ങൾ വിലപ്പോവില്ല എന്നുമാത്രം പറയുന്നു. ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ അനുകൂലിക്കുന്നു.

<u>ശ്രീ. സി.കെ.പി. പത്മനാഭൻ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ സ്വാഗതം ചെയ്യുകയാണ്. ഈ ബഡ്ജറ്റുമായി ബന്ധപ്പെട്ട് ഒരുപാട് ചർച്ചകൾ വന്നതുകൊണ്ട് ചർച്ച ചെയ്ത കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. വിട്ടുപോയതും വ്യക്തത വരുത്തേണ്ടതുമായ ചില ഭാഗങ്ങളുണ്ട്. അത് ആദ്യമേ

LIBRARY ARCHIVES Kerala Legislative Assembly

സൂചിപ്പിക്കുകയാണ്. ഒന്ന്, രാവിലെ ഞാൻ ചോദ്യോത്തരത്തിൽ ചോദിച്ചു, ഉറപ്പു നൽകുകയും ചെയ്തു, ഒന്നുകൂടി ആവർത്തിക്കുകയാണ്, നാളികേര കൃഷിക്കാരുടെ പെൻഷൻ അടിയന്തിരമായി പ്രഖ്യാപിക്കേണ്ടതുണ്ട്. അതു പോലെ സ്കൂൾ യൂണിഫോം കൈത്തറിയാക്കുമ്പോൾ സൗജന്യമായി കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്. അത് കേരളത്തിൽ ഉത്പാദിപ്പിക്കുന്ന കൈത്തറിയെന്ന് പ്രത്യേകമായി നിർവ്വചിക്കണം. ബി.പി.എൽ. നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കാൻ കളക്ടർക്ക് അപേക്ഷ കൊടുക്കാനാണ് പറയുന്നത്. അത് പരിഹരിക്കാൻ പെട്ടെന്ന് കഴിയില്ല, അതുകൊണ്ട് പഞ്ചായത്തിൽ അതിനുള്ള സംവിധാനം ഉണ്ടാക്കണം. തൊഴിലുറപ്പു പദ്ധതിയിൽ ഖാദി/കയർ തൊഴിലാളികൾക്ക് തൊഴിൽദിനം 150 ദിവസമാക്കാനും വേതനം 150 രൂപയാക്കി മാറ്റാനും നിർദ്ദേശമുണ്ടാകണം. ഗ്രാമീണ മേഖലയിൽ യു.പി. സ്കൂളുകളിൽ തേനീച്ച വളർത്തൽ പരിശീലനവും കുട്ടികൾക്ക് പാലിന് പകരം തേൻ ചേർത്ത വെള്ളം നൽകാനുള്ള പദ്ധതിയും ആവിഷ്ക്കരിക്കണം. പ്ലാസ്റ്റിക് പൂർണ്ണമായി ഇല്ലാതാക്കാൻവേണ്ടി കോഴിക്കോട് കോർപ്പറേഷൻ നടത്തിയ പ്രവർത്തനത്തെ എല്ലാവരും അനുകൂലിച്ചിട്ടുണ്ട്. പക്ഷേ ഇപ്പോഴും മാലിന്യമുണ്ടാക്കുന്ന വില കുറഞ്ഞ പ്ലാസ്റ്റിക് വിൽക്കുകയാണ്. അത്തരം പ്ലാസ്റ്റിക്കിന്റെ നികുതി നല്ലതു പോലെ വർദ്ധിപ്പിക്കണം. പത്രപ്രവർത്തകരുടെ പെൻഷൻ വർദ്ധിപ്പിച്ചതുപോലെതന്നെ പത്രജീവനക്കാരുടെ പെൻഷനും വർദ്ധിപ്പിക്കേണ്ടതുണ്ട്. പത്ര ജീവനക്കാർക്കുവേണ്ടി പ്രഖ്യാപിച്ച ക്ഷേമനിധി അടിയന്തിരമായും നടപ്പാക്കണം. രണ്ട് കാറുകളിലധികം വാങ്ങിവയ്ക്കുന്ന പല വീടുകളുമുണ്ട്. രണ്ട് മക്കളുണ്ടെങ്കിൽ അഞ്ച് കാറുകൾ വാങ്ങുന്നവരുണ്ട്. ഇത്തരം ആളുകളാണ് റോഡിൽ വലിയ കുഴപ്പങ്ങളുണ്ടാക്കുന്നത്. അതുകൊണ്ട് അമിതമായി കാറും വാഹനങ്ങളും വാങ്ങിക്കൂട്ടുന്നവർക്കെതിരെ പ്രത്യേകമായ ആഡംബര നികുതി കൊണ്ടുവരാൻ തയ്യാറാകണം. കണക്കില്ലാതെ ആളുകളെ കല്ല്യാണത്തിന് ക്ഷണിച്ച് ആ മാലിന്യങ്ങളെല്ലാം റോഡിൽ തട്ടുകയാണ് ചെയ്യുന്നത്. കണക്കില്ലാതെ മാലിന്യം കൊണ്ടിടുന്നവരിൽനിന്നും കനത്ത പിഴ ഈടാക്കാനുള്ള സംവിധാനമുണ്ടാകണം. ഒരു കുഞ്ഞ് ജനിക്കുമ്പോൾ 10,000 രൂപ സ്ഥിര നിക്ഷേപമെന്ന പദ്ധതി വളരെ ആവേശകരമാണ്. പക്ഷേ ചിലർക്ക് അത് മനസ്സിലായിട്ടില്ല. അതു കൊണ്ട് അത് ഒന്നുകൂടി ലളിതവത്ക്കരിച്ച് പതിനെട്ട് വയസ്സാകുമ്പോൾ അവർക്ക് ഒരുലക്ഷം രൂപ തിരിച്ചുനൽകുമെന്നുള്ളത് മാറ്റി പതിനെട്ട് വയസ്സ് കഴിയുമ്പോഴേയ്ക്കും കേരളത്തിലെ സകല കുട്ടികളും ലക്ഷാധിപതിയാകുന്ന തരത്തിൽ ഇപ്പോൾ 10,000 രൂപ നിക്ഷേപിച്ചാൽ അഞ്ചു വയസ്സാകുമ്പോൾ അത് 20,000 രൂപയാകും, പത്തു വർഷമാകുമ്പോൾ അത് 40,000 രൂപയാകും, പതിനഞ്ച് വയസ്സാകുമ്പോൾ അത് 80,000 രൂപയാകും, പതിനെട്ട് വയസ്സാകുമ്പോൾ അത് ഒരു ലക്ഷം രൂപയാകും. അതിനെ ആ രൂപത്തിൽ നിർവ്വചിച്ചു കഴിഞ്ഞാൽ ആളുകൾക്ക് കുറേക്കൂടി ബോധ്യപ്പെടുകയും ഇത് ആവേശകരമായ പദ്ധതിയായി മാറുകയും ചെയ്യും. കഴിഞ്ഞ ബഡ്ജറ്റിലൂടെ കേരളത്തെ പുരോഗതിയിലേയ്ക്ക് നയിക്കുന്നതിന് ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. കുറേക്കൂടി പുരോഗതിയിലേയ്ക്ക് ഉയർത്താൻ ഉതകുന്നതാണ് ഈ ബഡ്ജറ്റ് എന്നതിൽ തർക്കമില്ല. നിയമസഭാ രേഖകൾ പരിശോധിച്ചു നോക്കിയാൽ ഇത്രയും ആധികാരിക വിക്ഷണമുള്ള ഒരു ബഡ്ജറ്റ് കേരളത്തിൽ ഇന്നുവരെ ആർക്കും

LIBRARY ARCHIVES Kerala Legislative Assembly

അവതരിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് കാണാൻ കഴിയുന്നത്. യു.ഡി.എഫ്-ന്റെ അവസാനകാല ബഡ്ജറ്റ് ഞാൻ പരിശോധിച്ചു. അതിൽ യു.ഡി.എഫ്-ന്റെ ഭരണ നേട്ടങ്ങൾ ശ്രീ. വക്കം പുരുഷോത്തമൻ വിവരിക്കുന്നുണ്ട്. പേജ് 14 ഖണ്ഡിക 77 - അതിൽ അവർ അവകാശപ്പെട്ടത് കേരളത്തിൽ ഒരു ലക്ഷം പേരിൽ ഇന്ന് നാൽപ്പതിലധികം ആളുകൾ ആത്മഹത്യ ചെയ്യുന്നുണ്ട്. അതു പോലെതന്നെ ഒരുലക്ഷത്തോളം വരുന്ന ആളുകൾ മാനസികരോഗികളായിത്തീർന്നിട്ടുണ്ട്. ഈ സ്ഥിതിയിൽ എല്ലാ താലൂക്ക് കേന്ദ്രത്തിലും മാനസികരോഗികൾക്ക് പത്തുവീതം കിടക്കകളുണ്ടാക്കിക്കൊടുക്കുമെന്നാണ് അന്ന് ശ്രീ. വക്കം പുരുഷോത്തമനും ശ്രീ. ഉമ്മൻ ചാണ്ടിയും ചേർന്ന് പ്രഖ്യാപിച്ചത്. അപ്പോൾ കേരളത്തിൽ അവരുടെ ഭരണത്തിന്റെ ഫലമായി ഭ്രാന്തൻമാരുണ്ടായി, ആത്മഹത്യകളുണ്ടായി എന്ന് കാണാൻ കഴിയും. രണ്ടാമത്തെ പേജിൽ വീണ്ടും ആവർത്തിച്ച് പറയുന്നത് ഇവരുടെ കണക്ക് അശാസ്ത്രീയമായതു കൊണ്ട് ഈ ഭ്രാന്തുള്ളവരുടെ കണക്കെടുക്കാൻ പ്രത്യേക ഒരു കമ്മീഷനെ വയ്ക്കുമെന്നാണ്. അപ്പോൾ എന്തായിരുന്നു കേരളത്തിന്റെ അവസ്ഥയെന്ന് മനസ്സിലാകും. അതിന്റെ രേഖ എന്റെ കയ്യിലുണ്ട്. വെറുതെ പറയുന്നതല്ല. ഇതാണ് യു.ഡി.എഫ്.-ന്റെ ഭരണ നേട്ടമെന്ന് കാണാൻ കഴിയും. കാർഷിക മേഖല തകർത്തു, വ്യാവസായിക മേഖല തകർത്ത് കേരളത്തെ ഭ്രാന്തൻമാരും ആത്മഹത്യ ചെയ്യുന്നവരുമാക്കി മാറ്റിയ ഭരണമാണ് അഞ്ചുവർഷക്കാലത്തെ യു.ഡി.എഫ്-ന്റെ ഭരണമെന്ന് കാണാൻ സാധിക്കും.

ശ്രീ. കെ. സി. ജോസഫ്: ശ്രീ. സി.കെ.പി. പത്മനാഭൻ കർഷക സഹകരണ സംഘം പ്രസിഡന്റാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് പ്രഖ്യാപിച്ച ഏറ്റവും വലിയ പദ്ധതിയാണ് കർഷക കടാശ്വാസ കമ്മീഷൻ. സഭ നിയമം പാസ്സാക്കി കമ്മീഷൻ നിലവിൽ വന്നു. ഈ അഞ്ചു കൊല്ലംകൊണ്ട് കടാശ്വാസ കമ്മീഷൻ തീരുമാനപ്രകാരം എത്ര കോടി രൂപയുടെ ആശ്വാസം കൃഷിക്കാർക്ക് കൊടുത്തുവെന്ന് അങ്ങേയ്ക്ക് പറയാൻ പറ്റുമോ?

ശ്രീ. സി.കെ.പി. പത്മനാഭൻ: അത് ഇവിടുത്തെ ചോദ്യോത്തരം വായിച്ചാൽതന്നെ മനസ്സിലാകും. അതല്ലേ അതിൽ കാണേണ്ടത്? കർഷക കടാശ്വാസത്തിൽ സ്വകാര്യ പണമിടപാടുകാരന്റെ കടം എഴുതിത്തള്ളാൻ ഇൻഡ്യയിലാദ്യമായി നിയമം ഉണ്ടാക്കിയത് ഈ ഗവൺമെന്റാണ്. നിങ്ങൾ ഹുണ്ടിക വ്യാപാരികളെ സംരക്ഷിക്കാൻവേണ്ടി നിയമമുണ്ടാക്കിയവരാണെന്ന കാര്യവും തുറന്നു പറയേണ്ടതുണ്ട്.

ശ്രീ. പി. കൃഷ്ണപ്രസാദ്: 2008-ൽ കടം എഴുതിത്തള്ളിയെന്ന് പറഞ്ഞതിനുശേഷം 2009-ൽ 17,368 കർഷക ആത്മഹത്യ രാജ്യത്താകെയുണ്ടായി. കേരളത്തിലാണ് ഇപ്പോൾ കർഷക ആത്മഹത്യ ഇല്ലാതാകുന്നത്, വയനാട്ടിലാണ് ഇല്ലാതിരിക്കുന്നത്. രാജ്യത്താകെ കർഷക ആത്മഹത്യ ഇപ്പോഴും നടക്കുന്നുണ്ടെന്നുള്ള കാര്യം നിങ്ങൾ കാണണ്ടേ?

ശ്രീ. സി.കെ.പി. പത്മനാഭൻ: അതൊന്നും അവർ കാണുന്നില്ല. അവർ ഒരു പ്രത്യേക മാനസികാവസ്ഥയിലാണ്. ഭ്രാന്തന്മാരെ സൃഷ്ടിച്ചതാണ് അവരുടെ ഭരണമെന്ന് ഞാൻ പറഞ്ഞല്ലോ? ഇപ്പോൾ അവരെത്തന്നെ പിടികൂടിയ അവസ്ഥ ഞാൻ വേറെ പറയുന്നുണ്ട്. ഈ ബഡ്ജറ്റിന്റെ ഏറ്റവും വലിയ പ്രത്യേകത ദളിത് ക്രൈസ്തവർക്ക് പട്ടികജാതിക്കാരെപ്പോലെ

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസാനുകൂല്യം നൽകണമെന്ന ആവശ്യം ഈ ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടെന്നുള്ളതാണ്. മുമ്പ് ഈ ആവശ്യം കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനം ഉന്നയിച്ചതായിരുന്നു. അന്ന് ഇവിടെ അതിന് ഭീഷണിയുയർത്തിയത് ബി.ജെ.പി.ക്കാരാണ്. അന്ന് യു.ഡി.എഫ്.കാർ പറഞ്ഞത് മതം മാറുമ്പോൾ ആലോചിക്കണമായിരുന്നു എന്നാണ്. പക്ഷേ ഇപ്പോൾ കേരളത്തിലെ എൽ.ഡി.എഫ് ഗവൺമെന്റ് ധീരമായ നിലപാട് സ്വീകരിച്ച് മതപരിവർത്തനം നടത്തിയിട്ടും ദരിദ്രരായി കഴിയുന്ന ദളിത് ക്രൈസ്തവരുടെ പുരോഗതിക്കുവേണ്ടി കൊണ്ടുവന്ന ഈ നയത്തെ ഞാൻ പ്രത്യേകമായി അംഗീകരിക്കുകയാണ്. കേരളത്തിൽ ഡോ. തോമസ് ഐസക്കിന്റെ ബഡ്ജറ്റിൽ ഇങ്ങനെ നിരവധി കാര്യങ്ങൾ ചെയ്തതായി കാണാൻ കഴിയും. കേരളത്തിന്റെ കാർഷിക മേഖലയിൽ വമ്പിച്ച പുരോഗതി ഉണ്ടായിട്ടുണ്ട്. പക്ഷേ ഈ പുരോഗതിയെ ഇവിടെ ന്യായീകരിച്ചത് ആസിയൻ കരാർ ഉണ്ടായതുകൊണ്ടാണ് വില കൂടിയതെന്നാണ്. ഉദാഹരണത്തിന് ആസിയൻ കരാറിന്റെ നേട്ടംകൊണ്ടാണ് ഈ വിലക്കയറ്റം എന്ന് ഇവർ ന്യായീകരിക്കാൻ തയ്യാറായി. പക്ഷേ ഞാൻ പറയുന്നത് ആസിയൻ കരാറിനെ ചെറുത്ത് ഞങ്ങൾ സൃഷ്ടിച്ച മനുഷ്യച്ചങ്ങലയും ഞങ്ങൾ നടത്തിയ പോരാട്ടവും ഈ ഗവൺമെന്റിന്റെ നിശ്ചയദാർഢ്യവുമാണ് ഈ വിലക്കയറ്റമെന്നാണ്. ഉദാഹരണത്തിന് റബ്ബറിന് ഇപ്പോൾ 220 രൂപയും കൊപ്രയ്ക്ക് 60 രൂപയും ഏലത്തിന് 1400 രൂപയും വിലയുണ്ട്. ഈ വില ഇന്ന് കിട്ടുമെന്ന കാര്യം ഉറപ്പായത് ആസിയൻ കരാർ നടപ്പിലാക്കാത്തതിന്റെ ഫലമായാണ്. കരാർ ഒപ്പിട്ടു. ഇവർ ഇവിടെ പറയുന്നത് എന്താണ്? ആസിയൻ കരാർ നല്ലതാണ്, ഇന്നത്തെ വില കുറയ്ക്കാൻവേണ്ടി എന്നാണ്. ആസിയൻ കരാറുകൊണ്ട് വില കൂടുന്നുണ്ടെങ്കിൽ കുറേക്കൂടി കരാർ ഉണ്ടാക്കി നിങ്ങൾ തരണം. അപ്പോൾ ഞങ്ങൾക്ക് വില കൂടുമല്ലോ? വെറും അർത്ഥമില്ലാത്ത, അടിസ്ഥാനമില്ലാത്ത, താൽക്കാലികമായ വിജയത്തിനുവേണ്ടി എന്തും വിളിച്ചു പറയുന്നവരാണ് പ്രതിപക്ഷം എന്ന് ഇവിടെ തെളിയിക്കപ്പെടുകയാണ്. ഇവർ കേരളത്തിന്റെ ശത്രുക്കളാണ്. ഈ ബഡ്ജറ്റിനെ എതിർക്കാൻ യു.ഡി.എഫ്.കാർ അതിന്റെ ഉള്ളടക്കത്തെയല്ല കാണുന്നത്. വരുന്ന ഭരണം എൽ.ഡി.എഫ്-ന് കിട്ടില്ല എന്നു പറയാനാണ് ഇവരെല്ലാം പരിശ്രമിച്ചത്. ഭരണം ആരുടെ കയ്യിൽ നൽകണമെന്ന് ജനങ്ങളാണ് തീരുമാനിക്കുന്നത്. പക്ഷേ ഞങ്ങൾ കേരളത്തിലെ ജനങ്ങളോട് പറയും, ഞങ്ങൾക്ക് അധികാരം തരണമെന്ന്. ഉറച്ച ഭരണം, സുസ്ഥിര ഭരണം കാഴ്ചവച്ചാൽ വീണ്ടും തരണമെന്ന് ഞങ്ങൾ ജനങ്ങളോട് പറയും. അഞ്ചു വർഷക്കാലത്തെ യു.ഡി.എഫ്. ഭരണത്തെ വീണ്ടും ഞങ്ങൾ ജനങ്ങളെ ഓർമ്മപ്പെടുത്താനാണ് ആലോചിച്ചത്. പക്ഷേ ഇപ്പോൾ ഞങ്ങളേക്കാൾ ഓർമ്മപ്പെടുത്താൻവേണ്ടി അവർതന്നെ മുന്നോട്ടുവന്നിട്ടുണ്ട്. അതിന്റെ ഏറ്റവും വലിയ തെളിവാണ് അഞ്ചുവർഷക്കാലത്തിനിടയിൽ രണ്ട് മുഖ്യമന്ത്രിമാർ, 45 മന്ത്രിമാർ, 22 വെടിവയ്പ്, 220 വർഗ്ഗീയ കലാപങ്ങൾ, 18 കൊലപാതകങ്ങൾ, 1500 കർഷക ആത്മഹത്യകൾ, പരമ്പരാഗത മേഖലയുടെ തകർച്ച, കേരളത്തെ കട്ടു മുടിച്ച അഴിമതി, പെൺവാണിഭത്തിൽ മന്ത്രിമാർക്ക് പങ്ക്, കള്ളനോട്ട്, കള്ളപ്പണം, വിദേശത്ത് അടിച്ച നോട്ട്, സ്പെഷ്യൽ ഓർഡർ, അടി മുതൽ മുടിവരെ കൈക്കൂലി, കോൺഗ്രസ്സുകാർ തമ്മിലുള്ള തമ്മിലടി ഇവ ഉണ്ടായത്. ഇതൊക്കെ ആരെങ്കിലും മറന്നുപോയിട്ടുണ്ടെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

വീണ്ടും ഓർമ്മപ്പെടുത്താൻ കോൺഗ്രസ്സുകാർതന്നെ മുന്നോട്ടുവന്നതിനെ ഞങ്ങൾ അഭിനന്ദിക്കുകയാണ്. ഇതൊക്കെ പറഞ്ഞ് വോട്ട് പിടിക്കാൻ ഞങ്ങൾ ഉദ്ദേശിച്ചതാണ്. പക്ഷേ ഞങ്ങളുടെ പണി അവർതന്നെ ഇപ്പോൾ ഏറ്റെടുത്തിട്ടുണ്ട്. ഞങ്ങൾ യു.പി.എ.-യ്ക്ക് ആദ്യം പിന്തുണ നൽകി. പിന്തുണ പിൻവലിച്ചപ്പോൾ ഇവർ എന്താണ് പറഞ്ഞത്? ശല്യക്കാർ ഒഴിവായിക്കിട്ടിയതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട് എന്ന്. ഞങ്ങളെ ശല്യക്കാരായി ഇവർ പറഞ്ഞു. ശല്യക്കാർ ഒഴിവായ ശേഷമാണ് സത്ഭരണം കാഴ്ചവയ്ക്കുമെന്ന് ശ്രീമതി സോണിയാ ഗാന്ധി പ്രഖ്യാപിച്ചത്. ആ സത്ഭരണത്തിന്റെ വാർത്തയും പുറത്തുവന്നു. 1.76 ലക്ഷം കോടിയുടെ 2-ജി സ്പെക്ട്രം, രണ്ട് ലക്ഷം കോടിയുടെ 3- ജി സ്പെക്ട്രം, 8300 കോടിയുടെ കോമൺവെൽത്ത് ഗെയിംസ്, ആദർശ് ഫ്ളാറ്റ് ഇങ്ങനെയുള്ള അഴിമതികളാണ്. ആദർശ് ഫ്ളാറ്റിന്റെ കാര്യത്തിൽ അഴിമതിയെക്കാളും രാജ്യത്തിനുവേണ്ടി വെടിയേറ്റുമരിച്ച ജവാന്റെ വിധവകളെ വഴിയാധാരമാക്കുന്ന കൾമഷന്മാരാണ് ഇവരെന്ന് തെളിയിക്കപ്പെട്ടു. ശ്രീ. ശശി തരൂർ 73 കോടി രൂപയുടെ അഴിമതി, ആദ്യം കാമുകി പിന്നീട് ഭാര്യയായി മാറി. 2006-ലെ പൊതു വെളുപ്പൊക്കുദുരിതാശ്വാസനിധിയിൽ 17 കോടി, ശവപ്പെട്ടി 100 കോടി, അസ്ലൻ അലിഖാൻ നികുതി വെട്ടിപ്പ് 5000 കോടി, 2008-ലെ സത്യം കമ്പ്യൂട്ടർ കുംഭകോണം പതിനായിരം കോടി ഇതൊക്കെ കണ്ട് മൗനം നടിക്കുന്ന പ്രധാനമന്ത്രി, രാജ്യവഞ്ചകനായ രാജയെ രക്ഷിക്കാൻ പ്രധാനമന്ത്രി സ്ഥാനം നിലനിർത്താൻവേണ്ടി ഇന്നലെ പറയുകയാണ് കൂട്ടുകക്ഷി മന്ത്രിസഭയിൽ അഴിമതി നടക്കുമെന്ന്. ഇങ്ങനെ നാണംകെട്ട പ്രധാനമന്ത്രിയെ രാജ്യം കണ്ടിട്ടുണ്ടോ? നാണംകെട്ട പ്രധാനമന്ത്രിയല്ലേ കൂട്ടുകക്ഷി മന്ത്രിസഭയിൽ അഴിമതി നടക്കുമെന്ന് പറയുന്നത്. ജനങ്ങൾക്ക് മാത്രമല്ല ഈ കോടതിക്കുതന്നെ ഈ ഗവൺമെന്റിനെ, ഇവരെ മടുത്തില്ലേ? കേന്ദ്രമന്ത്രി കപിൽ സിബൽ പറയുന്നത് 2-ജിയിൽ ഒരു പൈസയുടേയും നഷ്ടമില്ലെന്നാണ്. പക്ഷേ സുപ്രീം കോടതി പറഞ്ഞു മര്യാദയ്ക്ക് പെരുമാറാൻ കേന്ദ്രമന്ത്രിമാർ തയ്യാറാകണമെന്ന്. ഞങ്ങളാണോ പറഞ്ഞത്? ഇതാണ് കോൺഗ്രസ്സിന്റെ ഇവിടത്തെ അവസ്ഥ. ഇതിനിടയിലാണ് ബോഫോഴ്സ് കേസ് പിൻവലിക്കാൻവേണ്ടി ശ്രീമതി സോണിയാ ഗാന്ധി പരിശ്രമം നടത്തിയത്. ഇതിന് എന്താണ് ന്യായീകരണം? പത്തിരുപത് വർഷമായില്ലേ? ഇനി കേസ് പോകണമെന്നാണ്. അവരെ രക്ഷിക്കാൻ വേണ്ടി നാണംകെട്ട നിലപാട് നിങ്ങൾ ഇപ്പോൾ സ്വീകരിച്ചു. ഈ സത്ഭരണം കാഴ്ചവച്ചവർക്ക് ഇനി കേരളം ഭരിക്കണം പോലും.

ശ്രീ. കെ. ബാബു: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: ശ്രീ. സി.കെ.പി. പത്മനാഭൻ, പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. കെ. ബാബു: ശ്രീ. സി.കെ.പി. പത്മനാഭൻ ശ്രീമതി സോണിയാ ഗാന്ധിയുമായി ബന്ധപ്പെടുത്തി** പറയുകയുണ്ടായി. അതിന് എന്തെങ്കിലും തെളിവ് ഉണ്ടെങ്കിൽ വയ്ക്കണം. അതല്ലാതെ അനാവശ്യമായി ഇത്തരം ആരോപണങ്ങളുന്നയിക്കുന്നത് ശരിയല്ല. ...(ബഹളം)..... എന്തെങ്കിലും അടിസ്ഥാനമുണ്ടെങ്കിൽ അത് സഭയുടെ മേശപ്പുറത്ത് വയ്ക്കണം. അതല്ലെങ്കിൽ അങ്ങനെ പറഞ്ഞത് പിൻവലിക്കുകയോ സഭാ രേഖയിൽനിന്ന് നീക്കം ചെയ്യുകയോ വേണം.

** സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ, അടിസ്ഥാനരഹിതമായ പ്രസ്താവനകൾ സഭയിൽ നടത്തരുത്.

ശ്രീ. സി. കെ. പി. പത്മനാഭൻ: സർ, അപ്പോൾ എനിക്ക് വീണ്ടും തുടരാമല്ലോ. ഇതിൽ അടിസ്ഥാനരഹിതമായ പ്രസ്താവന സഭയിൽ നടത്തരുതെന്ന ചെയറിന്റെ പ്രഖ്യാപനത്തെ ഞാൻ മാനിക്കുന്നു. പക്ഷേ ചെയർകൂടി വായിച്ചിട്ടുണ്ടാകും നിരവധി മാസികകളിൽ വന്ന വാർത്തകൾ. ഇ.എം.എസ്. ജീവിച്ചിരിക്കുമ്പോൾത്തന്നെ പറഞ്ഞതാണ് ഒക്ടാവിയ ക്വത്റോച്ചിയും ശ്രീമതി സോണിയാ ഗാന്ധിയും തമ്മിൽ ബന്ധമുണ്ട് എന്ന് ഈ രാജ്യത്ത് ആധികാരികമായ രേഖ യുണ്ട്. അത് മനസ്സിലാക്കാൻ ഇവിടെയുള്ള വിവേകമുള്ളവർ തയ്യാറാക്കണം.

മി. ചെയർമാൻ: മാസ്സികയിൽ വായിച്ചുവെന്നാണ് അദ്ദേഹം പറയുന്നത്.

ശ്രീ. സി. കെ. പി. പത്മനാഭൻ: സർ, പക്ഷേ നിങ്ങൾ മനസ്സിലാക്കണം ഇവിടെ രണ്ടുവർഷക്കാലംകൊണ്ട് ഇവർ കാഴ്ചവച്ച സഭരണമാണ് കാണാൻ സാധിക്കുന്നത്. എന്നാൽ ഇതൊക്കെ ജനങ്ങളെ വീണ്ടും ഓർമ്മിപ്പിക്കാൻ ഇപ്പോൾ യു.ഡി.എഫ്. തന്നെ വേണ്ടി വന്നു. ഐസ്ക്രീം കേസ് ഞങ്ങൾ ഉണ്ടാക്കിയതല്ലല്ലോ. ഇന്നലെ പത്രത്തിൽ വാർത്ത വന്നു. വ്യക്തമായി കൊടുത്ത മൊഴിയുടെ വാർത്തയാണ് ചോർന്നുവന്നത്. ഐസ്ക്രീം കേസ് അട്ടിമറിക്കാൻ പത്തുകോടി രൂപ ചെലവഴിച്ചു . ഒരു ഡസൺ പെൺകുട്ടി കൾക്ക് പണം നൽകി. റെജീനയ്ക്ക് മൊഴി മാറ്റി പറയാൻ രണ്ട് ലക്ഷത്തി അറുപത്തയ്യായിരം രൂപ, റെജുലയ്ക്ക് മൊഴി മാറ്റാൻ 3,11,000 രൂപ, 12 സാക്ഷി കൾക്ക് 3 ലക്ഷം രൂപ വീതം, ജസ്റ്റീസ് തങ്കപ്പൻ, നാരായണക്കുറുപ്പ് എന്ന ജഡ്ജിക്ക് അനേകം ലക്ഷങ്ങൾ, ഗർഭിണിയായാൽ പെണ്ണിന് ഇവരുടെ വക ഭർത്താവ്, ഭർത്താക്കന്മാർക്ക് വിദേശത്തുപോകാൻ വിസ, വിദേശത്തേയ്ക്കുള്ള പണം കടത്ത്, പാകിസ്ഥാനിൽ കള്ളനോട്ട്, ആദായനികുതി വെട്ടിപ്പ്, മന്ത്രിയായിരിക്കുമ്പോൾ വഴിവിട്ട് സഹായിച്ചതിന് ..... (ബഹളം)..... ഇനി ഞാൻ ചെയ്യുകയില്ലായെന്ന് മുൻമന്ത്രി. വൈകിയാണെങ്കിലും തെറ്റുസമ്മതിച്ചതിൽ കൂട്ടുപ്രതിക്ക് സന്തോഷം. കൂടെ കൂട്ടുവൻ ജയിലിലേയ്ക്ക് പോയി. പിന്നാലെകൂട്ടുവരെ പിടിക്കുമെന്ന് എൽ.ഡി.എഫ്. ഉറക്കെ പ്രഖ്യാപിച്ചപ്പോൾ പ്രതിപക്ഷത്തുള്ളവർ തലകുനിച്ചിരിപ്പ്.....

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ....

ശ്രീ. സി.കെ.പി. പത്മനാഭൻ: ഇവർക്ക് ഭരണം വേണംപോലും. കേരളജനത വിഡ്ഢികളാണോ? ...(ബഹളം).....5 വർഷം മുമ്പ് യു.ഡി.എഫ്.നെ വെറുതെവിട്ടവരാണ് ഈ ജനങ്ങൾ.

ശ്രീ. കെ. ബാബു: സർ, പോയിന്റ് ഓഫ് ഓർഡർ. ഇവിടെ സി.പി. ഐ.(എം)-ലെ ഒരു എംഎൽഎ. കണ്ണൂർ ജില്ലാ സെക്രട്ടറി ശ്രീ. പി. ശശിക്കെതിരായി പരാതി കൊടുത്തതായി പത്രങ്ങളിൽ വന്നു. ശ്രീ. സി.കെ.പി. പത്മനാഭനാണ് പരാതി കൊടുത്തതെന്ന് ഈ നാട്ടിലെ എല്ലാവർക്കും അറിയാം. എന്തിനാണ് പരാതികൊടുത്തതെന്നതും അറിയാം. ഈ വസ്തുതകൾ മറച്ചുവച്ചുകൊണ്ട് ശ്രീ. സി.കെ.പി. പത്മനാഭൻ പെൺവാണിഭം, പെൺവാണിഭം എന്നു പറയുന്നത് ഓർഡറിലാണോ?

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: അങ്ങേയ്ക്ക് പ്രസംഗം തുടരാം.

ശ്രീ. സി.കെ.പി. പത്മനാഭൻ: സർ, ഇത് കോൺഗ്രസ്സുകാർക്ക് മനസ്സിലാക്കാൻ കുറച്ചുതാമസമുണ്ട്. മനസ്സിലാകുന്ന സന്ദർഭത്തിൽ ഇവിടെ വച്ച് ശ്രീ. കെ. ബാബു പറയും ഞാൻ അന്ന് പറഞ്ഞത് തെറ്റായിപ്പോയിയെന്ന്. അതിനുള്ള അവസരം നിങ്ങൾക്കുണ്ടാകും. അത്രയേ ഞാൻ പറയുന്നുള്ളൂ. ഇതിൽ വേണ്ടാത്ത വർത്തമാനം പറഞ്ഞിട്ട് ആളുകളെ ഇൻസൾട്ട് ചെയ്യാൻ ശ്രമിക്കണ്ട. സഭാമര്യാദയുണ്ട്. അത് പാലിക്കണം. ഉടുതുണി അഴിച്ച് ഓടിയ നിങ്ങളുടെ ഒരാളുണ്ടല്ലോ. അയാളുടെ കാര്യം ഞങ്ങൾ ഇവിടെ പറയുന്നില്ല. നിങ്ങളുടെ നേതാവ്, ആദ്യം പെണ്ണിനേയുംകൊണ്ടല്ലേ ഓഫീസിൽ പോയത്. അത് ഞങ്ങളാരെങ്കിലും ഇവിടെ പറഞ്ഞോ? അത് നിങ്ങളുടെ ആഭ്യന്തരകാര്യം. ആ കാര്യത്തിൽ ഞങ്ങൾ ഇടപെടുന്നില്ല. 2006-ൽ യു.ഡി.എഫ്.-ന് ഈ കേരളജനത പ്രഖ്യാപിച്ചത് വെറും തടവാണ്. യു.ഡി.എഫ്-ന് 2011-ൽ കേരള ജനത പ്രഖ്യാപിക്കാൻ പോകുന്നത് കഠിനതടവാണ്. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. അഴിമതിക്കെതിരായ പോരാട്ടം, ദല്ലാളന്മാർക്കെതിരായ പോരാട്ടം, പെൺവാണിഭക്കാർക്കെതിരായ പോരാട്ടം ലോകമാകെ നടക്കുകയാണ്. ഈജിപ്റ്റ്, ടുണീഷ്യ, യമൻ, അൾജീരിയ, ജോർദാൻ, മൊറാക്കോ, ബഹറിൻ ഇവിടെയെല്ലാം വമ്പിച്ച പ്രക്ഷോഭം നടക്കുകയാണ്. സാമ്രാജ്യദാസന്മാർക്കെതിരെയും അഴിമതിക്കെതിരെയും പെൺവാണിഭത്തിനെതിരെയും പോരാട്ടം. ഈ പോരാട്ടം ഇന്ത്യയിൽ നടക്കും. ഐ.എൻ.ടി.യു.സി.യുടെ ദേശീയ അദ്ധ്യക്ഷൻ പറഞ്ഞു ഇവറ്റകളോട് ഉപദേശിച്ച് ഉപദേശിച്ച് ഞാൻ മടുത്തു. ഇവരിൽനിന്നും നീതി കിട്ടില്ല, അതുകൊണ്ട് സി.ഐ.റ്റി.യുമായി യോജിച്ച് പണിമുടക്കുമെന്ന്. മാർച്ച് മാസം 23-ാം തീയതി കേരളത്തിൽ തെരഞ്ഞെടുപ്പ് നടക്കുമ്പോൾ ഞങ്ങളും ഐ.എൻ.റ്റി.യു.സി.ക്കാരും ഒന്നിച്ച് പോരാടുന്ന അവസ്ഥ കേരളത്തിൽ കാണാനാകും. അതോടുകൂടി നിങ്ങളുടെ അന്ത്യം കുറിക്കാൻ പോകുകയാണ്. ഇങ്ങനെ കേരളത്തിലാകെ മാറ്റം വരാൻ പോകുകയാണ്. ഈ സാഹചര്യത്തിലാണ് വിലക്കയറ്റം, തൊഴിലില്ലായ്മ തുടങ്ങി സകല ജീവിത പ്രശ്നങ്ങളും പരിഹരിക്കുന്ന ബഡ്ജറ്റ് സഖാവ് തോമസ് ഐസക് കൊണ്ടുവന്നത്. ഈ ബഡ്ജറ്റിനെ ഇപ്പോൾ യു.ഡി.എഫ് എതിർത്തുകൊണ്ടിരിക്കുകയാണ്, എൽ.ഡി.എഫ്. അധികാരത്തിൽ വരുമെന്നുമാത്രമല്ല ഞങ്ങൾ അധികാരത്തിൽ വരുന്നത് തടയാൻവേണ്ടി ഇപ്പോൾ ആലോചിക്കുന്നത് എന്താണ്? കൊലപാതകരാഷ്ട്രീയം. എന്റെ നാട്ടിൽ കൊലപാതകം നടത്തി. ആ കൊലപാതകത്തെ അപലപിക്കുന്നതിനുപകരം അവിടത്തെ എം.പി. പോയി ആ കൊലപാതകികളെ ന്യായീകരിക്കാൻ ശ്രമിച്ച അവസ്ഥയുണ്ടായി. ഞങ്ങളെ കൊന്നിട്ട് തോൽപ്പിക്കാമെന്നാണ് ആലോചിക്കുന്നത്. പക്ഷേ നിങ്ങൾ ഒരു കാര്യം ആലോചിക്കണം. 5 വർഷക്കാലം നിങ്ങൾ ഭരിച്ചപ്പോൾ ഞങ്ങളിലുള്ള 200-ൽപ്പരം ആളുകളെ കൊലപ്പെടുത്തിയിട്ടുണ്ട്. ആ കൊലപാതകത്തിന്റെ രക്തസാക്ഷിത്വത്തിൽനിന്നാണ് ഞങ്ങൾ അധികാരത്തിൽ വന്നത്. ബംഗാളിൽ രണ്ടാം യു.പി.എ. വന്നതിനു ശേഷം 395 പേരെ ഈ ഒന്നരക്കൊല്ലത്തിനിടയിൽ കൊല ചെയ്തു. നിങ്ങൾ ഓർക്കണം. 1977 വരെ 1350 പേരെ നിങ്ങൾ കൊലപ്പെടുത്തിയപ്പോൾ ആ രക്തസാക്ഷിത്വത്തിനുമേലേയാണ് ഞങ്ങൾ അധികാരത്തിൽ വന്നത്. ഞങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

കൊന്നിട്ട് തോൽപ്പിക്കാൻ നിങ്ങൾ ആലോചിക്കുന്നുണ്ടെങ്കിൽ രക്തസാക്ഷിത്വത്തിൽ ഉടലെടുത്ത ഈ സർക്കാർ, ആ രക്തസാക്ഷികളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിന്റെ ഭാഗമായിത്തന്നെ ഈ ബഡ്ജറ്റ് നടപ്പാക്കും. ഇവിടെ നിലനിൽക്കും. കഴിഞ്ഞ 5 വർഷം കൊണ്ട് കേരളത്തിൽ വികസനത്തിന്റെ പുനിലാവ് പരത്താൻ ഡോ. ടി. എം. തോമസ് ഐസക്കിന് സാധിച്ചിട്ടുണ്ട്. അദ്ദേഹം പൂർണ്ണചന്ദ്രനെപ്പോലെ ഉദിച്ചുനിൽക്കുകയാണ്, തെളിഞ്ഞുനിൽക്കുകയാണ്. ആ പൂർണ്ണചന്ദ്രൻ ഉദിച്ചുനിൽക്കുമ്പോൾ ചില ശ്വാനന്മാരും സൃഗാലന്മാരും ഓരിയിടുക സ്വാഭാവികമാണ്. ആ ഓരിയിടൽ മാത്രമായിട്ടാണ് ഞാനിതിനെ കാണുന്നത്. ഞാൻ ഈ ബഡ്ജറ്റിനെ പരിപൂർണ്ണമായി പിന്തുണയ്ക്കുകയാണ്.

ശ്രീ. യു.സി. രാമൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. എനിക്ക് ആദ്യമായി സൂചിപ്പിക്കാനുള്ളത് എന്റെ നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഒൺമാൻ ട്രഷറി ഇപ്പോൾ അടച്ചുപൂട്ടിയിരിക്കുകയാണ്. ഈ ട്രഷറി തുറന്നുപ്രവർത്തിപ്പിക്കണമെന്ന് രണ്ടുമൂന്നുതവണ ബഹുമാനപ്പെട്ട മന്ത്രിക്ക് എഴുതിക്കൊടുത്തിട്ടുള്ളതാണ്. അങ്ങയുടെ മറുപടി പ്രസംഗത്തിലെങ്കിലും കുന്നമംഗലത്തെ ഒൺമാൻ ട്രഷറിക്കുപകരം അവിടെ പുതിയ ട്രഷറി അനുവദിക്കുമെന്ന പ്രഖ്യാപനം ഞാൻ പ്രതീക്ഷയോടെ കാത്തിരിക്കുകയാണ്. അവിടെ ഇത് പ്രവർത്തിക്കാനാവശ്യമായ കെട്ടിടവും അനുബന്ധ ഉപകരണങ്ങളുമെല്ലാം നാട്ടുകാരും പഞ്ചായത്ത് ഭരണസമിതിയും സൗജന്യമായി ഒരുക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് മറ്റ് ബാദ്ധ്യതകളില്ലാതെ, ചെലവില്ലാത്ത രൂപത്തിൽ ട്രഷറി നടത്തിക്കൊണ്ടുപോകുന്നതിന് അങ്ങ് അനുവദിക്കണമെന്നാണ് ആമുഖമായി എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പൊതുവായി സൂചിപ്പിക്കാനുള്ള കാര്യം ഇടതുപക്ഷജനാധിപത്യമുന്നണിയുടെ മുഖം വികൃതമായി കിടക്കുകയാണ്. മുഖം വികൃതമായ എൽ.ഡി.എഫ്. സർക്കാരിന് അപവാദപ്രചരണമല്ലാതെ മറ്റൊന്നും കൂട്ടുപിടിക്കാൻ ഇല്ലാത്ത ഒരു ദുർഗതിയിലേയ്ക്ക് എത്തിയിട്ടുണ്ട് എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ. നേരത്തെ ശ്രീ. സി.കെ.പി. പത്മനാഭൻ അദ്ദേഹത്തിന്റെ പ്രസംഗം തുടങ്ങിയപ്പോൾ കോഴിക്കോട് കോർപ്പറേഷൻ മാലിന്യ വിമുക്തമാക്കാൻ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെപ്പറ്റി പറഞ്ഞു. കോഴിക്കോട് കോർപ്പറേഷനല്ല, കോഴിക്കോട് ജില്ലയാണ് പ്ലാസ്റ്റിക് മാലിന്യമുക്ത ജില്ലയായി പ്രഖ്യാപിച്ചത്. അതിനുമുമ്പ് ത്രിതല പഞ്ചായത്ത് ഇലക്ഷൻ നടന്നു. എന്റെ ജില്ല പ്ലാസ്റ്റിക് മാലിന്യമുക്ത ജില്ലയായി പ്രഖ്യാപിക്കുന്നതിനുമുമ്പ് നടന്ന ത്രിതല പഞ്ചായത്ത് ഇലക്ഷനിൽ ഏതാണ്ട് 59 ഗ്രാമപഞ്ചായത്തുകൾ മാർക്സിസ്റ്റ് മാലിന്യ വിമുക്ത പഞ്ചായത്തുകളായി ഈ സംസ്ഥാനത്ത് പ്രഖ്യാപിച്ചിട്ടുണ്ട്.. എന്റെ ജില്ലയിലെ കൂരാച്ചുണ്ട് പഞ്ചായത്ത്, അതുപോലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂരിലെ മാത്തൂർ പഞ്ചായത്ത് തുടങ്ങിയ നിരവധി പഞ്ചായത്തുകൾ ഇങ്ങനെ മാർക്സിസ്റ്റ് വിരുദ്ധ പഞ്ചായത്തുകളായി ജനം പ്രഖ്യാപിച്ചിട്ടുണ്ട്. ഈ രൂപത്തിലാണ് സർക്കാർ പോകുന്നതെങ്കിൽ അടുത്ത നിയമസഭാതെരഞ്ഞെടുപ്പിനുശേഷം കേരളനിയമസഭ മാർക്സിസ്റ്റ് വിരുദ്ധ സഭയായി വരുമെന്ന കാര്യത്തിൽ എനിക്ക് യാതൊരു തർക്കവുമില്ല. ത്രിതല പഞ്ചായത്ത് ഇലക്ഷനുമുൻപ് നിങ്ങൾ പറഞ്ഞ ഒരു പ്രസ്താവനയുണ്ട്. ഈ സർക്കാരിൽ നിന്ന് ഗുണം കിട്ടിയവർ മാത്രം വോട്ട് ചെയ്താൽ മതി

LIBRARY ARCHIVES Kerala Legislative Assembly

ത്രിതല പഞ്ചായത്തിൽ ഞങ്ങൾ ജയിച്ചുവരും എന്ന് ഞാൻ ഒന്നുകൂടി ചോദിക്കട്ടെ ഈ സർക്കാരിൽ നിന്ന് ഗുണം കിട്ടിയ ആളുകൾ മാത്രം വോട്ട് ചെയ്താൽ മതി എൽ.ഡി.എഫ്. ജയിച്ചുവരും എന്നു പറയാൻ എങ്ങനെ സാധിക്കും.

ശ്രീ. പി. വിശ്വൻ: സർ, പോയിന്റ് ഓഫ് ഓർഡർ. റൂൾ 284 (8) ബഹുമാനപ്പെട്ട യു.സി. രാമൻ സംസാരിക്കുമ്പോൾ സഭയുടെ നല്ല നിലയ്ക്കുള്ള മൂവ്മെന്റിനെ തടയാൻ വാസ്തവ വിരുദ്ധമായ കാര്യങ്ങളാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. കോഴിക്കോട് ജില്ലയിൽ ആകെ എഴുപത്തഞ്ച് ഗ്രാമപഞ്ചായത്തുകളേയുള്ളൂ. ആ ഗ്രാമ പഞ്ചായത്തുകളിൽ നാൽപ്പത്തിയൊന്ന് ഗ്രാമപഞ്ചായത്തുകൾ ഭരിക്കുന്നത് ഇന്നും എൽ.ഡി.എഫ്. ആണ്. പിന്നെ ഞങ്ങൾ എങ്ങനെയാണ് അൻപത്തൊൻപതിൽ തോൽക്കുക? സത്യവിരുദ്ധമായ ഇത്തരം കാര്യങ്ങൾ സഭയിൽ പറയേണ്ട ആവശ്യമില്ല. അത് വാസ്തവ വിരുദ്ധമാണ്.

ശ്രീ. യു.സി. രാമൻ: ബഹുമാനപ്പെട്ട സുഹൃത്ത് വിശ്വൻ മാഷ് മറ്റേതോ ലോകത്താണ്. ഞാൻ കേരള സംസ്ഥാനത്തെ കണക്കാണ് കാട്ട് ചെയ്തത്. കണ്ണൂർ, മാത്തൂർ ഉൾപ്പെടെയുള്ള പഞ്ചായത്തുകളാണ്. അതുകൊണ്ട് വീണ്ടും അൻപത്തൊൻപത് എന്ന് അടിവരയിട്ട് പറയുന്നു. കിലുക്കം എന്ന സിനിമയിൽ രേവതി അവതരിപ്പിക്കുന്ന കഥാപാത്രം ഹോട്ടലിലെ ഭീമമായ ബിൽ കൊടുക്കാൻ കാശില്ലാതെ വന്നപ്പോൾ അങ്കമാലിയിലെ പ്രധാനമന്ത്രി എന്റെ അമ്മാവനാണ് അവിടെ നിന്ന് വാങ്ങിച്ചോ എന്നാണ് പറയുന്നത്. അതു പോലെയാണ് ഈ ബഡ്ജറ്റ്. അടുത്ത് വരാൻ പോകുന്ന സർക്കാരിന്റെ പിടലിക്ക് എല്ലാ ഭാരവും വയ്ക്കുന്ന, ഒരിക്കലും നടക്കാൻ സാധ്യതയില്ലാത്ത മനോഹരമായ സ്വപ്നങ്ങളുടെ ഒരു അവതരണം മാത്രമാണ് ബഹുമാനപ്പെട്ട ധനമന്ത്രി ഇവിടെ നടത്തിയിട്ടുള്ളത്. അദ്ദേഹം പറയുന്നത് ഇത് ഹരിത ബഡ്ജറ്റാണെന്നാണ്. ഇത് ഹരിത ബഡ്ജറ്റല്ല ദുരിത ബഡ്ജറ്റാണെന്നാണ് ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുന്നത്. കഴിഞ്ഞ നാലേമുക്കാൽ വർഷം ജനങ്ങൾക്ക് ദുരിതം മാത്രം സംഭാവന ചെയ്ത സർക്കാർ അഞ്ചാം വർഷം ഇറക്കുന്ന തെരഞ്ഞെടുപ്പ് പ്രകടന പത്രികയെ ബഡ്ജറ്റ് എന്ന് എങ്ങനെ വിളിക്കാൻ പറ്റുമെന്നാണ് ഞാൻ ചോദിക്കുന്നത്? കളരിപ്പയറ്റിൽ പതിനെട്ടടവും തോറ്റയാൾ എടുക്കുന്ന അവസാനത്തെ അടവാണ് പൂഴിക്കടകൻ. ഈ ബഡ്ജറ്റിലൂടെ മുഴുവൻ കാണാൻ കഴിയുന്നത് ആ പൂഴിക്കടകൻ പ്രയോഗങ്ങളാണ്. ഓരോ മേഖലയിലും പ്രഖ്യാപിച്ചിരിക്കുന്ന പദ്ധതികളിൽ ഭൂരിപക്ഷവും കേന്ദ്ര പദ്ധതികളുടെ ഭാഗങ്ങളോ, കേന്ദ്ര ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളോ ആണ് എന്നതാണ് യാഥാർത്ഥ്യം. എന്നിട്ട് കിട്ടിയ അവസരങ്ങളിലെല്ലാം കേന്ദ്രത്തെ വിമർശിക്കാനും കുറ്റപ്പെടുത്താനുമുള്ള അവസരങ്ങളായി ഉപയോഗപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. തികഞ്ഞ നാണക്കേടാണ് എന്നാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. ആരോഗ്യ മേഖലയിൽ ചെലവാക്കിയ പണത്തിന്റെ ഭൂരിഭാഗവും എൻ.ആർ. എച്ച്.എം. പദ്ധതിയുടെ ഭാഗമായിട്ടാണ്. ഈ പദ്ധതികളുടെ ഉദ്ഘാടനം നടത്തുന്നതിനു വേണ്ടി പത്രങ്ങളിൽ ഫുൾപേജ് പരസ്യം കൊടുത്ത് തൃപ്തിയടയുക മാത്രമാണ് ഈ സർക്കാർ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസ രംഗത്താണെങ്കിലും ഹയർ സെക്കന്ററി സ്കൂൾ, അതുപോലെ വി.എച്ച്.

LIBRARY ARCHIVES Kerala Legislative Assembly

എസ്.എസ്. അങ്ങനെ എല്ലാ മേഖലയിലും തകർന്ന ഒരു കാഴ്ചയാണ് നമ്മൾ ഇവിടെ കണ്ടുകൊണ്ടിരിക്കുന്നത്. ഒരു ഭാര്യയും ഭർത്താവും ഒരു പശുവിനെ വാങ്ങുന്ന കാര്യം ചർച്ച ചെയ്തു. അത് സംബന്ധിച്ച് അവർ സ്വപ്നം കാണുകയാണ്. ഈ പശു വളർന്ന് പാൽ ഉത്പാദിപ്പിച്ച് പാലുകൊണ്ട് നേട്ടങ്ങളുണ്ടാക്കി കുടുംബം നല്ല രീതിയിൽ കഴിഞ്ഞു പോകാം എന്നൊക്കെ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഭാര്യ ഭർത്താവിനോട് പറഞ്ഞു ഇതിന്റെ കുറച്ച് പാൽ രോഗിയായി കിടക്കുന്ന എന്റെ അങ്ങളയ്ക്ക് കൂടി കൊടുക്കണമെന്ന്. ഇത് പറഞ്ഞയുടനെ അയാൾ ഭാര്യയ്ക്ക് അടി കൊടുത്തു. ഭർത്താവ് പറഞ്ഞത് എന്റെ പശുവിന്റെ പാൽ നിന്റെ അങ്ങളയ്ക്ക് കൊടുക്കാനുള്ളതാണോ എന്ന് ചോദിച്ചുകൊണ്ടാണ് അടിച്ചത്. ബഹളം കേട്ട് അയൽവാസി ഓടിവന്നു ചോദിച്ചു എന്താണ് തർക്കം? അപ്പോൾ അവർ കാര്യം പറഞ്ഞു. ഉടനെ അയൽവാസി രണ്ടുപേർക്കും ഓരോ അടി കൊടുത്തു. അപ്പോൾ അവർ ചോദിച്ചു എന്തിനാണ് നിങ്ങൾ ഞങ്ങൾ രണ്ടു പേരെയും അടിച്ചത് എന്ന്? അപ്പോൾ അയാൾ പറഞ്ഞത് നിങ്ങൾ വാങ്ങാൻ പോകുന്ന പശു എന്റെ പറമ്പിലെ പുല്ല് തിന്നാൻ സാധ്യതയുണ്ട്. അതു കൊണ്ട് മുൻകൂട്ടി അടിച്ചതാണെന്നാണ്. അതുപോലെയാണ് ബഹുമാനപ്പെട്ട ധനമന്ത്രി അൽബറാക്ക് എന്ന പേരിൽ ഒരു പലിശരഹിത ഇസ്ലാമിക ബാങ്കിന്റെ കാര്യം പറഞ്ഞത്. ആ സ്ഥാപനം ഇവിടെ രൂപീകരിച്ചിട്ടില്ല. എന്നിട്ടാണ് പറയുന്നത് അതുവഴി നാൽപ്പതിനായിരം കോടി രൂപയുടെ വികസന ഫണ്ട് കണ്ടെത്തും. ആ തുക കൊണ്ട് റോഡ് നവീകരണ പ്രവർത്തനം ആരംഭിക്കും എന്നൊക്കെ. കൃഷി-മൃഗസംരക്ഷണ മേഖലകളെ ഇത്ര അവഗണിച്ച ഒരു സർക്കാർ കേരളത്തിലുണ്ടായിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. പാവം മുല്ലക്കരയ്ക്കും നെൽകൃഷിക്കാർക്കുമായി ഇനി ഹരിശ്രീ പദ്ധതിയുണ്ടാക്കാനിറങ്ങുകയാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി. കേരളത്തിനുവേണ്ടി വിദേശ രാജ്യങ്ങളിൽ ചോര നീരാക്കുന്ന മലയാളികൾക്ക് വില യിട്ടിരിക്കുന്നത് കേവലം ഒൻപത് കോടി രൂപയാണ്. കൈരളി ചാനലിന് ഷെയർ പിരിക്കാൻ ഗൾഫ് നാടുകളിൽ കയറിയിറങ്ങി നടന്നപ്പോൾ പ്രവാസി കൾക്കുവേണ്ടി ക്രിയാത്മകമായി എന്തെങ്കിലും ചെയ്യാൻ ഈ സർക്കാർ തയ്യാ റാകേണ്ടിയിരുന്നുവെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെ തുല്യതയും വനിതാ വികസനവും എന്ന ഹെഡ്ഡിൽ ചില പദ്ധതികളൊക്കെ പ്രഖ്യാപിച്ചു. അതിൽ പറഞ്ഞിരിക്കുന്ന പ്രധാനപ്പെട്ട കാര്യം 200 ഹയർ സെക്കന്ററി സ്കൂളുകൾ, ബസ് സ്റ്റാൻഡുകൾ, ബോട്ടുജെട്ടികൾ, പൊതുകെട്ടിടങ്ങൾ, കമ്പോളങ്ങൾ എന്നി വിടങ്ങളിൽ മൂത്രപ്പുരയുണ്ടാക്കുന്നതിന് മൂവായിരം കോടി രൂപ വകയിരുത്തുന്നു വെന്നാണ്. പരിഷ്കൃത സമൂഹത്തിൽ അനിവാര്യമായ ഘടകമാണ് പ്രാഥമിക കൃത്യം നിർവ്വഹിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുക എന്നത്. മൂത്രപ്പുര നിർമ്മാണം പോലും വനിതകൾക്കുള്ള തുല്യതയും വികസനവും കണ്ടെത്താനുള്ള നയമായി പ്രഖ്യാപിക്കുന്ന ബഡ്ജറ്റിനെക്കുറിച്ച് വിമർശിച്ച് പോലും എന്താണ് പറയുക എന്നാണ് എനിക്ക് അറിയാത്തത്. ഇപ്പോൾ ഇവിടെ ചർച്ച ചെയ്യുന്നത് ഈ വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ മുന്നണിയെ ആര് നയിക്കുമെന്നാണ്. ബഹുമാനപ്പെട്ട വി.എസ്-നെക്കൊണ്ട് ഭരണം തിരിച്ചുപിടിക്കാൻ കഴിയില്ല എന്ന് അവർക്ക് അറിയാം. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

വി.എസ്.-നെ നിർത്താൻ അവർ തയ്യാറല്ല. അതുപോലെ ബഹുമാനപ്പെട്ട പാർട്ടി ജനറൽ സെക്രട്ടറിയാണെങ്കിൽ ലാവ്‌ലിനുമായി ബന്ധപ്പെട്ട കേസ്സിൽ അകപ്പെട്ട ആളായതുകൊണ്ട് അദ്ദേഹത്തെയും മുന്നിൽ നിർത്താൻ നിർവ്വാഹമില്ല. ഓരോ ആളേയും പരിശോധിച്ച് നോക്കുമ്പോൾ ഈ മുന്നണിയെ നയിക്കാൻ ആളില്ലാത്ത രൂപത്തിലാണ് കാര്യങ്ങൾ വന്നിരിക്കുന്നത്. മുന്നണിയെ വരും കാലങ്ങളിൽ നയിക്കാൻ ഒരാളെ തിരയുന്ന തിരക്കിലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി. ഇതിനു വേണ്ടിയാണ് ഇടത്തോട്ടും വലത്തോട്ടും രണ്ട് ജാഥയുമായി ഇവർ ഇറങ്ങിത്തിരിച്ചിരിക്കുന്നത്. ഫുട്‌ബോൾ മത്സരത്തിന്റെ സമയം എത്രയാണ് ഒന്നര മണിക്കൂർ ആണ്. ആ ഒന്നര മണിക്കൂറിൽ പരമാവധി ഗോളടിച്ചാലാണ് അടുത്ത കളിക്ക് അവസരം കിട്ടുക. ഇവിടെ തിരിച്ചാണ്. കിട്ടിയ അവസരങ്ങളിൽ പരമാവധി ഗോൾ വാങ്ങിവച്ചിരിക്കുകയാണ്. പിന്നെ അടുത്ത അവസരത്തിലേയ്ക്ക് പോകുമെന്ന് പറയുന്നതിൽ എന്ത് അർത്ഥമാണുള്ളതെന്ന് മനസ്സിലാകുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നത് ദിക്കുകൾ മങ്ങും ദിനാന്തത്തിലെ ഒറ്റ നക്ഷത്രമായി എന്റെ സ്വപ്നം ജ്വലിക്കുന്നു. മങ്ങിത്തുടങ്ങിയ ഈ സർക്കാരിന്റെ അന്ത്യത്തിൽ ഉദിച്ചു നിൽക്കുന്ന യു.ഡി.എഫ്.. എന്ന ഒറ്റ നക്ഷത്രത്തിന്റെ പ്രതീക്ഷയായ ജനങ്ങൾക്ക് നൽകാനാവൂ. യു.ഡി.എഫ്.-ന്റെ തിരിച്ചുവരവിന് വേണ്ടിയുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. ജനങ്ങളുടെ താത്പര്യത്തിൽ ഞങ്ങളും പങ്കുചേരുകയാണ്. ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ഈ ഗവൺമെന്റ് കഴിഞ്ഞ അഞ്ച് വർഷക്കാലം നടത്തിയ ഭരണം മുൻപുണ്ടായിരുന്ന യാഥാസ്ഥിതിക പിൻതിരിപ്പൻ നയങ്ങൾക്ക് ബദലായ നയം നടപ്പാക്കിയ കാലഘട്ടമാണ്. 2001-06-ൽ സർക്കാർ ചെലവ് 53 ശതമാനം വർദ്ധിച്ചപ്പോൾ ഈ സർക്കാരിന്റെ കാലത്ത് 100 ശതമാനത്തിലേറെ വർദ്ധിച്ചു. 2005-06-ൽ 19,528 കോടി രൂപയിൽനിന്ന് 2010-11-ൽ 39,700 കോടിയായാണ് വർദ്ധിച്ചത്. മൂലധന ചെലവ് മൊത്തം ചെലവിന്റെ 5.65 ശതമാനമായിരുന്നത് പന്ത്രണ്ടര ശതമാനം ആയി ഉയർന്നു. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ഈ അഞ്ച് വർഷം മുൻപ് ഉണ്ടായിരുന്നതിനേക്കാൾ ഏറെ വളർച്ച നേടിയെടുക്കാൻ സാധിച്ചുവെന്നാണ് ഇത് സൂചിപ്പിക്കുന്നത്. സർക്കാരിന്റെ ചെലവ് വർദ്ധിപ്പിക്കുമ്പോഴും കമ്മി കുറച്ചുനിർത്തുന്നതിനു വേണ്ടി പ്രത്യേകമായ ശ്രദ്ധ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സ്വീകരിച്ചിരുന്നു. 2006-11 -ൽ റവന്യൂ വരുമാനം 28.5 ശതമാനമായിരുന്നത് 15.5 ശതമാനമായി കുറഞ്ഞു. ധനക്കമ്മിയും കുറഞ്ഞു. ഈ കഴിഞ്ഞ ആറ് ബഡ്ജറ്റുകളിൽ ഒരു പ്രാവശ്യം പോലും ജനങ്ങൾക്ക് ഭാരം വരുന്ന വിധത്തിൽ എന്തെങ്കിലും പുതിയ നികുതി അടിച്ചേൽപ്പിക്കാതെ വരുമാനം വർദ്ധിപ്പിച്ചതാണ് ഏറ്റവും മികവ് കാട്ടുന്നത്. ബഡ്ജറ്റ് വരുമ്പോൾ സ്വാഭാവികമായും ജനങ്ങൾക്ക് ഉത്കണ്ഠയുണ്ടാകും. ഉപ്പിനും മുളകിനും സിഗരറ്റിനും ബീഡിക്കും അലുമിനിയം പാത്രത്തിനും എല്ലാം വില വർദ്ധിപ്പിക്കുന്ന സമീപനമാണ് ഇതിനുമുൻപുണ്ടായിട്ടുള്ളത്. എന്നാൽ അതിൽ നിന്നെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

വ്യത്യസ്തമായി സാധാരണക്കാരായ ആളുകൾക്ക് ഒരു പൈസയുടെ പോലും നികുതിഭാരം അടിച്ചേൽപ്പിക്കാതെയാണ് കഴിഞ്ഞ ആറ് ബഡ്ജറ്റുകളും ഡോ. തോമസ് ഐസക് കൊണ്ടുവന്നിട്ടുള്ളത്. 2005-06-ൽ 7,000 കോടി രൂപയായിരുന്നു നികുതി വരുമാനം. 2010-11-ൽ അത് 18,000 കോടി രൂപയായി വർദ്ധിച്ചു. പുതിയ നികുതി അടിച്ചേൽപ്പിക്കാതെ നികുതിച്ചോർച്ച തടഞ്ഞുകൊണ്ട് ഖജനാവ് സമ്പുഷ്ടമാക്കുന്ന സമീപനം ധനകാര്യ വകുപ്പുമന്ത്രി സ്വീകരിക്കുകയുണ്ടായി. കേന്ദ്ര ഗവൺമെന്റിന്റെ സഹായം നേരത്തെ ഉണ്ടായിരുന്നതുപോലെയെങ്കിലും നൽകാൻ തയ്യാറായിരുന്നുവെങ്കിൽ കുറേക്കൂടി കാര്യങ്ങൾ ചെയ്യാൻ സാധിക്കുമായിരുന്നു. കേന്ദ്രം സംസ്ഥാനത്തോട് കടുത്ത അവഗണനയാണ് കാണിക്കുന്നത്. 35.6 ശതമാനമായി കേന്ദ്ര വിഹിതം കുറഞ്ഞു. വീണ്ടും ആ വിഹിതം കുറയ്ക്കാനാണ് പതിമൂന്നാം ധനകാര്യ കമ്മീഷൻ ശ്രമിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികളിൽ ശ്രദ്ധേയമായ നേട്ടം കൈവരിക്കാൻ കഴിഞ്ഞത് വികസന പ്രവർത്തനങ്ങളിൽത്തന്നെയാണ്. ഈ ബഡ്ജറ്റ് വന്നപ്പോൾ റെയിൽവേ ബഡ്ജറ്റ് അവതരിപ്പിക്കുന്നപോലെ ഒരു റോഡ് ബഡ്ജറ്റാണോയെന്ന് നമുക്ക് തോന്നുന്ന വിധത്തിലായിരുന്നു റോഡിന്റെ വികസനത്തിന് പണം വകയിരുത്തിയിട്ടുള്ളത്. പഴയ നിലമാറി റോഡ് വികസനത്തിൽ ഈ ഗവൺമെന്റ് ശ്രദ്ധിച്ചുവെന്ന് പറഞ്ഞ് ഗവൺമെന്റിനെ അഭിനന്ദിക്കുന്ന, ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്ന സമീപനമാണ് അപ്പുറത്തുനിന്ന് സംസാരിച്ച ശ്രീ. ജോസഫ് അടക്കം സ്വീകരിച്ചത്. 5 വർഷം കൊണ്ട് ഐ.റ്റി പാർക്കുകളുടെ വിസ്തൃതി 339 ഏക്കറിൽനിന്ന് 2261 ഏക്കറായി ഉയർത്തിയത് ഗവൺമെന്റിന്റെ ശ്രദ്ധേയമായ നേട്ടമാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഐ.ടി. മേഖലയിൽ കെട്ടിടങ്ങളുടെ വിസ്തൃതി 18.9 ലക്ഷം ചതുരശ്ര അടിയിൽ നിന്ന് 76.1 ലക്ഷം ചതുരശ്ര അടിയായി വർദ്ധിപ്പിച്ചു. 39 ലക്ഷം ചതുരശ്ര അടി കെട്ടിടങ്ങൾ നിർമ്മാണത്തിലിരിക്കുകയാണ്. ഇവയെല്ലാം പൂർത്തിയാകുമ്പോൾ രണ്ട് ലക്ഷം പേർക്ക് ഐ.ടി. മേഖലയിൽ പുതുതായി തൊഴിലവസരം ലഭിക്കും. ആ വിധത്തിൽ ഐ.ടി. മേഖലയിൽ വികസനം കൈവരിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. സംസ്ഥാനത്തെ അസംഘടിത-പരമ്പരാഗത-കാർഷിക മേഖലകളെയും പൊതുമേഖലാ സ്ഥാപനങ്ങളെയും സംരക്ഷിക്കാൻ സാധിച്ചു. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. രാജ്യത്ത് ക്രമസമാധാന പാലനത്തിൽ മറ്റേതൊരു സംസ്ഥാനത്തെക്കാളും മെച്ചപ്പെട്ട പെർഫോർമൻസ് കൈവരിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. ആ വിധത്തിൽ അഭിവൃദ്ധിയുടെ പടവുകൾ കയറുന്ന ഒരു ഗവൺമെന്റിനെയും അതിന് നേതൃത്വം കൊടുത്ത മന്ത്രിമാരെയും ആക്ഷേപം പറയാൻ വേണ്ടിയാണ് നിങ്ങൾ ഇവിടെ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ആക്ഷേപം പറയുന്നവർക്ക് അതിനുള്ള യോഗ്യതയുണ്ടോ ഇല്ലയോ എന്നുള്ളത് വേറെകാര്യം. ഇന്നലെ ഇവിടെ സംസാരിച്ചപ്പോൾ ഡോ. തോമസ് ഐസക്കിനെതിരായി ലോട്ടറി അഴിമതി ആരോപണം നിങ്ങൾ ഉന്നയിക്കുകയുണ്ടായി. മുഖ്യമന്ത്രി സി.ബി.ഐ.-യോട് അന്വേഷിക്കണമെന്നാവശ്യപ്പെട്ടത് ഡോ. തോമസ് ഐസക്കിനെതിരായിട്ടാണോ? അല്ല. മണികുമാർ സുബ്ബയ്യ, സാന്റിയാഗോ മാർട്ടിൻ, മനു അഭിഷേക് സിംഗ്വി, ചിദംബരം, അദ്ദേഹത്തിന്റെ കുടുംബിനി ഇവർക്കെതിരായിട്ടാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇവരെല്ലാമല്ലേ ഈ കള്ളലോട്ടറി ഇവിടെ കൊണ്ടുവന്ന് വിറ്റ് കാശുണ്ടാക്കാൻ എല്ലാ സഹായവും ചെയ്തുകൊടുത്തത്. ലോട്ടിറി വിൽപ്പനയിലൂടെ ഇവിടത്തെ ജനങ്ങളെ കൊള്ളയടിക്കുകയാണെന്ന് പറഞ്ഞ് നിരവധി തവണ ഈ ഗവൺമെന്റ് കേന്ദ്രത്തിന് കത്തെഴുതിയെങ്കിലും ഒന്നും ചെയ്തില്ല. ലോട്ടറി നിയമം കേന്ദ്ര നിയമമാണ്. ഈ കൊള്ള അവസാനിപ്പിക്കാൻ വേണ്ടി സംസ്ഥാന ഗവൺമെന്റ് ഒരു നിയമം പാസ്സാക്കി. ആ നിയമത്തെ സാന്റിയാഗോ മാർട്ടിൻ ഹൈക്കോടതിയിൽ ചോദ്യം ചെയ്തു. ആരാണ് സാന്റിയാഗോ മാർട്ടിനുവേണ്ടി കേസ് വാദിക്കാൻ വന്നത്? കോൺഗ്രസിന്റെ Official spokesman ആയ മനു അഭിഷേക് സിംഗ്വിയല്ലേ? തങ്ങളുടെ തല രക്ഷിക്കാൻ വേണ്ടി ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടിയും കെ.പി.സി.സി. പ്രസിഡന്റുമെല്ലാം ഡൽഹിയിലേക്ക് കമ്പിയടിച്ചു- ഞങ്ങളെ ഇതാ ഇല്ലാതാക്കിയിരിക്കുന്നു. ഞങ്ങളെ നാണം കെടുത്തിയിരിക്കുന്നു. കോൺഗ്രസ് നേതാവ് ഈ ലോട്ടറി കൊള്ളക്കാരനു വേണ്ടി വാദിക്കാൻ വന്നിരിക്കുന്നു. അതിനുവേണ്ടി എടുത്ത നടപടിയെന്താണ്? കോൺഗ്രസിന്റെ ട്രീസലാമി എന്നുള്ള പദവിയിൽനിന്ന് അദ്ദേഹത്തെ താൽക്കാലികമായി മാറ്റി. ഇപ്പോൾ അദ്ദേഹം വീണ്ടും ട്രിസലാമി ആയി. 2 ജി സ്പെക്ട്രം കേസിൽ, കള്ള കമ്പനിക്കാർക്കുവേണ്ടി ഇപ്പോൾ വാദിക്കാൻ പോകുന്നത് അദ്ദേഹമല്ലേ? അതല്ലേ കോൺഗ്രസ് നേതാക്കന്മാരുടെ യോഗ്യത? അങ്ങനെ ചെയ്യുന്ന ആ നടപടികളെ കണ്ടുകെട്ടൽ ചെയ്യാനാണ് മുഖ്യ മന്ത്രി സി.ബി.ഐ.യെക്കൊണ്ട് ഇത്തരക്കാർക്കെതിരെ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടത്. അതിനെ ഡോ. തോമസ് ഐസക്കിനെതിരായിട്ട് മുഖ്യമന്ത്രി സി.ബി.ഐ. അന്വേഷണം നടത്താൻ പോകുന്നുവെന്നുപറഞ്ഞ് ആക്ഷേപിക്കാനുള്ള പാഴ്ശ്രമമാണ് നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ ദിവസം ഇവിടെ ശ്രീ. ജയരാജൻ സംസാരിച്ചപ്പോൾ ലാവ്‌ലിൻ കേസിൽ ശ്രീ. പിണറായി വിജയൻ പ്രതിയായി എന്ന് സൂചിപ്പിക്കുകയുണ്ടായി. എങ്ങനെയാണ് പ്രതിയായത് എന്നതിനെക്കുറിച്ച് ഇവിടെ വിശദമായി ചർച്ച ചെയ്തതാണ്. ലാവ്‌ലിൻ കേസിൽ ശ്രീ. ഉമ്മൻ ചാണ്ടി ഉൾപ്പെടെയുള്ളവർ വിജിലൻസിനെക്കൊണ്ട് അന്ന് അന്വേഷണം നടത്തിച്ചല്ലോ? എന്തെങ്കിലും ഒരു മന്ത്രിക്കെതിരെ പരാമർശമുണ്ടായോ? ഇല്ല. അതിനുശേഷം നിങ്ങൾ എപ്പോഴാണ് അന്വേഷണം സി.ബി.ഐ.ക്ക് വിടാൻ തീരുമാനിച്ചത്? കഴിഞ്ഞ നിയമസഭ തെരഞ്ഞെടുപ്പ് വന്നപ്പോൾ. തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് അത് സി.ബി.ഐ.ക്ക് വിടാൻ തീരുമാനിച്ചു. നിങ്ങൾ ഭരിക്കുന്ന അവസരത്തിൽ ഇലക്ട്രിസിറ്റി ബോർഡ് പറഞ്ഞു, ഇത് സി.ബി.ഐ.ക്ക് വിടേണ്ട കാര്യമില്ല. എന്നിട്ടും നിങ്ങൾ സി.ബി.ഐ.ക്ക് വിട്ടു. സി.ബി.ഐ. അത് ഏറ്റെടുക്കാൻ തയ്യാറായില്ല. അങ്ങനെ സി.ബി.ഐ അന്വേഷണം മുടങ്ങിപ്പോയി. വീണ്ടും ഒരു സഹകാരി അന്യായത്തിൻമേൽ ഹൈക്കോടതിയിൽ ഒരാൾ കേസ് ഫയൽ ചെയ്തതിന്റെ ഫലമായിട്ടാണ് ഹൈക്കോടതി അത്യാവശ്യപ്പെട്ടത്. അങ്ങനെയാണ് സി.ബി.ഐ. അന്വേഷിക്കുന്നത്. രാഷ്ട്രീയപ്രേരിതമായിട്ടുള്ള അന്വേഷണമായ തിനാൽ അതിനെ രാഷ്ട്രീയമായി നേരിടുമെന്നും നിയമപരമായിട്ടുള്ളത് നിയമപരമായി നേരിടുമെന്നും ഈ പാർട്ടി അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു. ആ നടപടിയാണ് ഞങ്ങൾ സ്വീകരിക്കുന്നത്. അവിടെ ഞങ്ങൾ തല

LIBRARY ARCHIVES Kerala Legislative Assembly

കുനിക്കേണ്ട ആവശ്യം എന്താണ്? രാജ്യം മുഴുവൻ കൊള്ളയടിക്കുന്നതിന് ബദലായി, നിങ്ങൾ പുട്ടിന് പീരയിടുന്നതുപോലെ ലാവ്‌ലിൻ... ലാവ്‌ലിൻ എന്നുപറഞ്ഞുകൊണ്ട് നടക്കുകയല്ലേ. അത് ഈ രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും അറിയില്ലേ. കേസുകളിലെല്ലാം ശിക്ഷിക്കപ്പെട്ട നിങ്ങളുടെ ആളുകളുടെ സ്ഥിതി എന്താണ്? മുഴുവൻ ആളുകളും നിങ്ങളുടെ മുന്നിലില്ലേ. ശ്രീ. ബാലകൃഷ്ണ പിള്ള നിങ്ങളുടെ മുന്നിൽ ഇപ്പോഴും നിൽക്കുകയല്ലേ. നിങ്ങളുടെ തൊലിക്കട്ടിയൊന്ന് പരിശോധിക്കണം. രാജ്യത്തിന്റെ മുതൽ കൊള്ളയടിച്ച ഒരു മന്ത്രിയെ സുപ്രീംകോടതി ശിക്ഷിച്ചു. അപ്രകാരം ശിക്ഷിക്കപ്പെട്ട വ്യക്തിക്ക് സ്വീകരണം കൊടുക്കാൻ പോയ പാർട്ടി. എത്ര തരംതാണ പ്രവൃത്തിയാണ് നിങ്ങൾ കാണിച്ചത്? നിങ്ങളെന്തിനാണ് ആ ഉത്തരവാദിത്വം എറ്റെടുക്കാൻ പോയത്? ശ്രീ. ബാലകൃഷ്ണ പിള്ളയെ സ്വീകരിക്കാൻ പോയിരിക്കുന്നു, അദ്ദേഹത്തിനുവേണ്ടി വക്കാലത്ത് പറയാൻ പോയിരിക്കുന്നു. ഇതല്ലേ നിങ്ങൾ എടുക്കുന്ന സമീപനം. ഇവിടെ ശ്രീ. ബാലകൃഷ്ണ പിള്ള മാത്രമാണോ? ഇപ്പോൾ ഉയർന്നു വന്നിരിക്കുന്ന ആക്ഷേപങ്ങളെല്ലാം നിങ്ങൾക്ക് അഭിമാനമാണോ അതോ അപമാനമാണോ? ഇവിടെ നിങ്ങളുടെ കൂടാരത്തിലേക്ക് വന്ന ശ്രീ. അബ്ദുള്ളക്കുട്ടി. അദ്ദേഹം നിങ്ങളുടെ പഠന കോൺഗ്രസിൽ കയറി പ്രസംഗിച്ചതെന്താണ്? സഹകാര്യ മേഖലയ്ക്ക് പങ്കാളിത്തം കൊടുത്തുകൊണ്ട് ബി.ഒ.ടി. വ്യവസ്ഥയിൽ പണികൾ നടത്തുന്നതിനെ അദ്ദേഹം ന്യായീകരിച്ചു. ശ്രീ. വി.എം. സുധീരൻ അതിനെ എതിർത്തു. നിങ്ങൾ ആരുടെ കൂടെയാണ് നിൽക്കുക, ഏതാണ് നിങ്ങളുടെ നയം? ശ്രീ. ഉമ്മൻ ചാണ്ടി ഇതിനുശേഷം പ്രസംഗിക്കുന്നുണ്ടല്ലോ. അദ്ദേഹം പറയട്ടെ. ശ്രീ. അബ്ദുള്ളക്കുട്ടി പറഞ്ഞതാണോ അതോ ശ്രീ. വി.എം. സുധീരൻ പറഞ്ഞതാണോ നിങ്ങളുടെ നയം? ശ്രീ. രമേശ് ചെന്നിത്തല നടത്തിയ സ്റ്റേറ്റുമെന്റ് ശരിയല്ലായെന്ന് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പറയുകയുണ്ടായി. ശ്രീ. അബ്ദുള്ളക്കുട്ടിയെ സംരക്ഷിച്ചത് ശരിയല്ല, ശ്രീ. വി.എം. സുധീരനെ സംരക്ഷിക്കേണ്ടതായിരുന്നു. ശ്രീ. അബ്ദുള്ളക്കുട്ടി പറഞ്ഞതിനെക്കാൾ നാണക്കേടുണ്ടാക്കുന്നതാണ് ശ്രീ. രമേശ് ചെന്നിത്തലയുടെ സ്റ്റേറ്റ്മെന്റ്. അതിലാണ് ഞാൻ തല താഴ്ത്തുന്നത്; എനിക്ക് അപമാനമുണ്ടായി. അങ്ങനെ പറയാൻ പാടില്ലായിരുന്നു എന്നാണ് ശ്രീ. സുധീരൻ പറഞ്ഞത്. ഇവിടത്തെ കോൺഗ്രസിന്റെ നിലപാട് ശ്രീ. അബ്ദുള്ളക്കുട്ടിയുടെ കൂടെയാണോ, ശ്രീ. സുധീരന്റെ കൂടെയാണോ, അതല്ല ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞതിനോടൊപ്പമാണോ? ഇതിൽ നിന്ന് വ്യത്യസ്തമായാണ് ശ്രീ. ഉമ്മൻ ചാണ്ടി നിലപാട് സ്വീകരിച്ചിരിക്കുന്നത്. നിങ്ങളുടെ നയം ഏതാണെന്ന് വ്യക്തമാക്കണം. നിങ്ങൾക്ക് യോജിച്ച ഒരഭിപ്രായം ഏതെങ്കിലും കാര്യത്തിലുണ്ടോ? യു.പി.എ. ഗവൺമെന്റ് വന്നതിനുശേഷം ഒരു വർഷം കഴിഞ്ഞാണ് പ്രധാനമന്ത്രി പത്രക്കാരെ കണ്ടപ്പോൾ വായ് തുറന്നത് എന്നുള്ള കാര്യം എന്റെ സുഹൃത്ത് ശ്രീ. സി.കെ.പി. പത്മനാഭൻ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അദ്ദേഹം എന്താണ് പറഞ്ഞിരിക്കുന്നത്? പാവപ്പെട്ട കൃഷിക്കാരന് വെള്ളത്തിനും വിത്തിനും സബ്സിഡി കൊടുക്കുന്നതുപോലെ നിത്യോപയോഗ സാധനങ്ങളുടെ വില ഉയർന്നുപോകാതിരിക്കാൻ റേഷന് സബ്സിഡി കൊടുക്കുന്നതുപോലെ ഒരു സബ്സിഡിയാണ് 2 ജി സ്പെക്ട്രത്തിന്റെ കാര്യത്തിൽ രാജ്യത്തെ

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേറ്റ് മുതലാളിമാർക്ക് കൊടുത്തത് എന്നാണ്. ഒന്നേമുക്കാൽ ലക്ഷം കോടി രൂപ ഇന്ത്യയിലെ കോർപ്പറേറ്റ് കമ്പനികൾക്ക് സബ്സിഡി കൊടുത്തുവെന്നാണ്. നിങ്ങൾ അതിനോട് യോജിക്കുന്നുണ്ടോ? കേന്ദ്ര മന്ത്രിസഭയിലുള്ള ശ്രീ. രാജാ ജയിലിൽ കിടക്കുകയാണ്. അദ്ദേഹത്തിന് ഇറങ്ങിവരാൻ നിവൃത്തിയില്ല. അദ്ദേഹത്തെ സംരക്ഷിച്ചതിൽ പ്രധാനമന്ത്രിക്ക് പങ്കില്ലേ? അദ്ദേഹം സംശുദ്ധനാണ്. അദ്ദേഹത്തെക്കുറിച്ചൊന്നും പറയാൻ പാടില്ല എന്നൊക്കെ നിങ്ങൾ പറഞ്ഞല്ലോ. അദ്ദേഹത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലല്ലേ എസ് ബാന്റ് അഴിമതി നടന്നിരിക്കുന്നത്. ഐ.എസ്.ആർ.ഒ.യിലെ ഉദ്യോഗസ്ഥന്മാരും ഐ.എസ്.ആർ.ഒ.യുടെ കീഴിലുള്ള കമ്പനിയും ചേർന്ന് നടത്തിയ ഈ അഴിമതിയിൽ നിങ്ങൾ എന്ത് നടപടി സ്വീകരിച്ചു? 2 ജി സ്പെക്ട്രത്തിന്റെ കാര്യത്തിൽ 18 മാസത്തിനുമുമ്പേ ഈ അഴിമതിയെക്കുറിച്ച് അദ്ദേഹത്തിന് കത്ത് എഴുതിയില്ലേ. ആ കത്ത് മേശപ്പുറത്തിരുന്ന് ഉറങ്ങുകയല്ലേ ചെയ്തത്? പ്രധാനമന്ത്രി വല്ല ഡ്യൂട്ടിയും നിർവ്വഹിച്ചോ? ഒരു കൂട്ടു മന്ത്രിസഭയിൽ ഇതൊക്കെ നടക്കുമെന്നല്ലേ അദ്ദേഹത്തിന്റെ അഭിപ്രായം. യു.ഡി.എഫ്-ലും യു.പി.എ കക്ഷിയിലുമല്ലാതെ എൽ.ഡി.എഫ്. ഗവൺമെന്റും ഒരു കൂട്ടുമന്ത്രിസഭയാണല്ലോ. ഏതെങ്കിലും ഒരു മന്ത്രി ഇതുപോലെ അഴിമതി കാട്ടിയതായി നിങ്ങൾക്ക് ആരോപിക്കാനുണ്ടോ? ഒറ്റ അഴിമതിയില്ല. നിങ്ങളുടെ അഴിമതികൾ ഇവിടെ എണ്ണിയെണ്ണി ശ്രീ. സി. കെ.പി. പറഞ്ഞതുകൊണ്ട് ഞാൻ അത് ആവർത്തിക്കുന്നില്ല. ഇവിടെയുള്ള ഏതെങ്കിലും ഒരു മന്ത്രിയെക്കുറിച്ച് ഈ 5 വർഷക്കാലത്തിനിടയിൽ ഒരു അഴിമതി ആരോപണം ഉന്നയിക്കാൻ നിങ്ങൾക്ക് സാധിച്ചിട്ടില്ല. അതേസമയം ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളുടെ സ്ഥിതി എന്താണ്?

ശ്രീ. സി.കെ.പി. പത്മനാഭൻ: സർ, കേരളത്തിലെ ഈ മലിനീകരണം, അതായത് സാംസ്ക്കാരിക മലിനീകരണം നടത്തുന്നതിനെക്കുറിച്ച് ഇവിടെ പറഞ്ഞു. കോൺഗ്രസിന്റെ ഇടുക്കി പ്രമേയത്തിൽ ഇപ്പോൾ പറയുന്നത് പി.ജെ. ജോസഫ് എന്ന ദുർഗന്ധം, രാഷ്ട്രീയ വ്യഭിചാരം നടത്തുന്ന മാണി, മാധ്യമങ്ങളെ കബളിപ്പിക്കുന്ന എം.എൽ.എ. കുട്ടി, എന്നെ രണ്ടാംതരക്കാരനായി കാണുന്നു എന്ന് മുരളി, മാർക്സിസ്റ്റ് പാർട്ടിയിൽ നിന്നും എടുത്തുചാടിയ കീടം പറയുന്നതിന് വില കാണേണ്ട; എന്നെ വിമർശിക്കാൻ ആർക്കാണ് ഇവിടെ അധികാരം: എന്റെ നേതാക്കൾ കവല പ്രസംഗം നടത്തുന്നവരാണ്, തോന്നിയതുപോലെ പറയുന്നവരാണ് എന്ന് കെ.പി.സി.സി. പ്രസിഡന്റ്. ഇതെല്ലാം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതാണ് കേരളത്തിൽ മലിനീകരണം വരുത്തുന്നത്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, ഇത് എന്റെ ശ്രദ്ധയിൽ മാത്രമല്ല നാട്ടിലുള്ള എല്ലാ ജനങ്ങളുടെയും ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണല്ലോ. ഇതിന് എങ്ങനെ മറുപടി പറയാൻ കഴിയുമെന്നതിനെക്കുറിച്ചാണ് അവർ വിഷമിക്കുന്നത്. ഈ ആക്ഷേപങ്ങളൊക്കെതന്നെ മറുപടി പറയാൻ കഴിയാത്ത വിധത്തിൽ ഉയർന്നുവരികയാണ്. ലോകത്തെ ഞെട്ടിപ്പിക്കുന്ന അഴിമതിയല്ലേ നടത്തുന്നത്. ഒരു ഉത്ക്കണ്ഠയുള്ളത് ശ്രീ സി.കെ.പി. ചൂണ്ടിക്കാണിച്ചതുപോലെ രാജ്യത്തെ ജനങ്ങൾ മൂഴുവൻ ഒരു വശത്ത് പാപ്പരീകരിക്കപ്പെടുക, 80 കോടിയിൽപ്പരം വരുന്ന ആളുകൾ 20 രൂപയിൽ താഴെയുള്ള വരുമാനം കൊണ്ട് ജീവിക്കുക, ഒരുകോടി എൺപത്തിമൂന്ന് ലക്ഷം കുട്ടികൾ പോഷകാഹാരക്കുറവുകൊണ്ട് മരിച്ചു വീഴുക, ലോകത്ത് പോഷകാഹാരക്കുറവുള്ള

LIBRARY ARCHIVES Kerala Legislative Assembly

കുട്ടികളിൽ 42 ശതമാനവും ജീവിക്കുന്നവരുടെ രാജ്യമായി ഇന്ത്യാ രാജ്യം മാറുക, ഒരു വശത്ത് അതിസമ്പന്നന്മാർ ലോകത്തെ ഏറ്റവും വലിയ മുതലാളിമാരെ കവച്ചുവയ്ക്കുന്ന പുരോഗതി കൈവരിക്കുക, സമ്പത്ത് കുന്ന് കൂട്ടുക, അതിലൊരു മുതലാളിയായ റിലയൻസിനെയാണ് ഇപ്പോൾ 2 ജി സ്പെക്ട്രവുമായി ബന്ധപ്പെട്ട് സി.ബി.ഐ. ക്വസ്റ്റ്യൻ ചെയ്തുകൊണ്ടിരിക്കുന്നത്. ഇവർക്കെല്ലാം താങ്ങുംതണലുമായി നിൽക്കുന്ന ഒരു ഭരണകൂടം, ജനങ്ങളാണെങ്കിൽ അസംതൃപ്തികൊണ്ട് പൊറുതി മുട്ടുന്നു, രോഗവും പേറി നടക്കുകയാണ്, ചികിത്സിക്കാൻ മാർഗ്ഗമില്ല, മരിച്ചുവീഴുകയല്ലാതെ നിവൃത്തിയില്ല, പട്ടിണികിടന്ന് മരിക്കുന്നു, ഇന്ത്യാ രാജ്യത്ത് കിടക്കാൻ ഒരു തുണ്ട് ഭൂമിയില്ല, ഇപ്പോഴും 12 രൂപയുടെ വരുമാനം കൊണ്ട് ജീവിക്കുന്ന ഒരു അവസ്ഥ. നമ്മുടെ ചുറ്റുപാടുമുള്ള ഈ ചിത്രം ജനങ്ങൾ കാണുകയല്ലേ. ആ സംഭവങ്ങൾ ഇവിടെ സ്വാധീനിക്കില്ല എന്ന് പറയാൻ സാധിക്കുമോ. അങ്ങനെ വന്നാൽ ഇവരുടെയൊക്കെ ഇരിപ്പിടം എവിടെയായിരിക്കും? ഇപ്പോൾ ഈജിപ്തിലെ മുബാറക്കിന്റെ ഇരിപ്പിടം എവിടെയാണ്? ബംഗാളിൽ അന്തസ്സായി 30 വർഷം ഭരിച്ചതുപോലെ തിരിച്ചുവരും. അതിലൊന്നും നിങ്ങൾ പേടിക്കണ്ട. നിങ്ങളുടെ അവസ്ഥ എന്താകാൻ പോകുന്നുവെന്നുള്ള ചിത്രമാണ് ഇന്ന് കാണുന്നത്. ഇപ്പോൾ രണ്ടു ദിവസമായി നടത്തുന്ന വെളിപ്പെടുത്തലുകൾ എല്ലാം പറഞ്ഞാൽ, അതൊന്നും ഞങ്ങളല്ല പറയുന്നത്. ഞങ്ങൾ ഇതിൽ ഏതെങ്കിലും ഒന്ന് പറഞ്ഞോ? ശ്രീ. ബാലകൃഷ്ണ പിള്ളയെ സ്വീകരിക്കാൻ പോയ കാര്യത്തിൽ ഇന്നലെ ശ്രീ. കെ. സുധാകരന്റെ വെളിപ്പെടുത്തൽ ആദ്യം വന്നു. നിങ്ങൾ ആകെ പുലിവാൽ പിടിച്ചില്ലേ? ഞങ്ങളാണോ പറഞ്ഞത്? ഇപ്പോൾ ശ്രീ. കെ. സുധാകരൻ വെളിപ്പെടുത്തിയതിനെത്തുടർന്ന് ഓരോരുത്തരായി ചാനലിന്റെ മുമ്പിൽ വന്ന് പറയുകയല്ലേ? ഒരു ബാർ ഉടമ വന്ന് പറയുകയാണ് ഞങ്ങൾ ഇന്നയിന്ന ആളുകൾക്കെല്ലാം പണം കൊടുത്തു. ആർക്കെല്ലാം കൊടുത്തു എന്നാണ് പറയുന്നത്? നിങ്ങളെല്ലാം ഇന്നലെ ഇവിടെ വിശേഷിപ്പിച്ച, പ്രകീർത്തിച്ച അന്നത്തെ കെ.പി.സി.സി. പ്രസിഡന്റിന് പത്ത് ലക്ഷം രൂപ കൊടുത്തുവെന്നല്ലേ പറയുന്നത്, 21 ലക്ഷം രൂപ ഒരു ജഡ്ജിക്ക് കൊടുക്കുന്നതിന് ഞാൻ സാക്ഷിയാണെന്ന് ശ്രീ. കെ. സുധാകരനല്ലേ പറഞ്ഞത്. ഇപ്പോൾ ആ കാശ് കൊടുക്കാൻ പോയ ബാർ ഉടമസ്ഥൻ പറയുന്നത് ശ്രീ. കെ. സുധാകരനാണ് ഇടനിലക്കാരനായി നിന്ന് കാശ് വാങ്ങി കൊടുത്തത് എന്നല്ലേ? ഈ നിലയിൽ ഇത്രയും അധഃപതിച്ചൊരു കാലഘട്ടം കോൺഗ്രസ്സിന്റെ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ടോ? അത് നിങ്ങൾ ആലോചിക്കണ്ടേ? പ്രധാനമന്ത്രി ഇതെല്ലാം കണ്ടില്ല കേട്ടില്ല എന്ന് പറഞ്ഞ് പൂച്ച പാൽ കുടിക്കുന്നതുപോലെ ഇരുന്നാൽ മതിയോ? അദ്ദേഹം ഇതിൽ ഇടപെടണ്ടേ? Coalition മന്ത്രിസഭയിലായാലും കൂട്ടുമന്ത്രിമാർ കാണിക്കുന്ന കൊള്ളരുതായ്മകളെ അദ്ദേഹം കാണണ്ടേ? അതിന് തടയിടണ്ടേ? ഇല്ലെങ്കിൽ അദ്ദേഹം എന്ത് പ്രധാനമന്ത്രിയാണ്. അദ്ദേഹം ഇവിടെ വന്നതിനെ സംബന്ധിച്ച് വിവാദം നടന്നു. നേരത്തെ ഞാൻ സബ്മിഷൻ ഉന്നയിച്ച് അതിന് ക്ലാരിഫിക്കേഷൻ ചോദിച്ചിട്ട് തന്നില്ല. പക്ഷെ, ഈ അവസരത്തിൽ അത് ക്ലാരിഫൈ ചെയ്യേണ്ടിയിരിക്കുന്നു. ഇവിടെ നടന്ന സംഭവങ്ങൾ ഒരുപക്ഷെ അദ്ദേഹം അറിഞ്ഞുകാണില്ല. അതുകൊണ്ട് നിങ്ങളാണ് അദ്ദേഹത്തെ ഈ വെട്ടിലാക്കിയിട്ടുള്ളത്. നിങ്ങൾ എല്ലാവരും

LIBRARY ARCHIVES Kerala Legislative Assembly

കൂടിച്ചേർന്നാണ് പ്രധാനമന്ത്രിയെ കുഴപ്പത്തിൽ ചാടിച്ചത്. കഴിഞ്ഞ ദിവസം നിയമസഭ അതിനെ സംബന്ധിച്ച് യുനാനിമസ്സായി ഒരു നിലപാട് സ്വീകരിച്ചു. അപ്പോഴും ആ തെറ്റിനെ ന്യായീകരിക്കാനാണ് നിങ്ങൾ ശ്രമിച്ചത്. പക്ഷേ നിങ്ങൾ അപ്പോഴും അതിൽ ഉറച്ചു നിന്നു. അതെല്ലാം ശരിയാണെന്ന് പറഞ്ഞു. രാത്രിയായപ്പോൾ അദ്ദേഹം മുഖ്യമന്ത്രിയെ വിളിച്ചുപറഞ്ഞു, തെറ്റു പറ്റിപ്പോയി ക്ഷമിക്കണം എന്ന്. പക്ഷേ നേരത്തെ ഈ ഡിസ്ക്കഷൻ ആരംഭിച്ചപ്പോൾ തന്നെ പ്രതിപക്ഷ നേതാവ് അക്കാര്യം ചൂണ്ടിക്കാണിക്കാനോ. ഇതൊരു വീഴ്ചയാണെന്ന് സമ്മതിക്കാനോ തയ്യാറായില്ല. അതിനെ ജസ്റ്റിഫൈ ചെയ്യാനാണ് നിങ്ങൾ ശ്രമിച്ചത്. അപ്പോൾ ഞാൻ സബ്മിഷൻ ഉന്നയിച്ചു കൊണ്ട് പറഞ്ഞു, മറ്റേതെങ്കിലും സംസ്ഥാനത്താണെങ്കിൽ ആ കല്ല് കടലിൽ കിടക്കുമായിരുന്നുവെന്ന്. അതിനെയാണ് ഇന്നലെ ശ്രീ. പി.ടി. തോമസ് എം.പി.. നിങ്ങളുടെ അരുമ ശിഷ്യൻ എം.പി.മാരുടെ യോഗത്തിൽ ഞാൻ പറയാത്ത കാര്യം പറഞ്ഞത്. പ്രധാനമന്ത്രി മുഖ്യമന്ത്രിയെ വിളിച്ച് സംസാരിച്ചു. മുഖ്യ മന്ത്രി അതിന് തൃപ്തികരമായ മറുപടി പറഞ്ഞു. അതവിടെ ക്ലോസ് ചെയ്തു. അങ്ങ് അറിയാതെയായിരിക്കും ഇത് നടന്നിട്ടുള്ളത്. അങ്ങയുടെ അനുയായി കളായിരിക്കും ഈ പൊല്ലാപ്പ് കാണിച്ചുവച്ചിട്ടുള്ളത്. അത് ഞങ്ങൾക്ക് മനസ്സി ലായെന്ന് പറഞ്ഞ് ആ ടോപിക് ക്ലോസ് ചെയ്തു. അതിനുശേഷം ഇന്നലെ എം.പി.മാരുടെ യോഗത്തിൽ കയറി അങ്ങനെ പറയാമോ? ഞാൻ പറയാത്ത കാര്യം പറയാമോ? വിമാനം കടലിൽ വെടിവച്ച് ഇടുമെന്ന് ഞാൻ പറഞ്ഞോ? എന്നിട്ട് അതിനെ വ്യാഖ്യാനിക്കുകയാണ്. ഇന്ന് മലയാള മനോരമ പത്രവും കേരള കൗമുദി പത്രവും അതുപോലെ ചാനലുകളും എഴുതിയിരിക്കുകയാണ്. തമിഴ്നാട്ടിലാണെങ്കിൽ പ്രധാനമന്ത്രിയുടെ വിമാനം കടലിൽ വീഴ്ത്തുമായിരു ന്നുവെന്നാണ് നിയമസഭയിൽ ആനത്തലവട്ടം ആനന്ദൻ എം.എൽ.എ. പറഞ്ഞ തെന്നും അതിനർത്ഥം വിമാനം വെടിവച്ച് വീഴ്ത്തുമെന്നാണെന്നും ഇത് പ്രധാനമന്ത്രിയെ അവഹേളിക്കലാണെന്നും ശ്രീ. പി.ടി. തോമസ് പറഞ്ഞു. എം.പി.മാർ ഇങ്ങനെ തരംതാഴാമോ? എന്തും പറയാമോ? ഇതുതന്നെയാണ് മലയാള മനോരമയിലും വാർത്ത വന്നിരിക്കുന്നത്. ..... (ബഹളം)..... ഈദി അമീൻ-നെപ്പോലെയല്ല, ആയിക്കൂടായെന്ന് പറഞ്ഞു. ഈദി അമീൻ എന്നുമാത്രമല്ല, ഹിറ്റ്ലർ എന്നും പറഞ്ഞു. ഇതൊരു ജനാധിപത്യ രാജ്യമാണ്. അതുകൊണ്ട് ഈ പത്രത്തിൽ പറയുന്നതുപോലെ, ശ്രീ. പി.ടി. തോമസ് പറഞ്ഞതുപോലെ പ്രധാനമന്ത്രിയെ വെടിവച്ചു വീഴ്ത്തുമെന്നോ പ്രധാനമന്ത്രിയുടെ വിമാനം വെടിവച്ച് വീഴ്ത്തുമെന്നോ ഞാൻ പറഞ്ഞിട്ടില്ല. പറയാത്ത കാര്യം പറഞ്ഞുകൊണ്ട് ശ്രീ. പി. ടി. തോമസ് കോൺഗ്രസ്സ് നേതൃത്വത്തിന്റെ പ്രീതി സമ്പാദിക്കുവാൻ എടുത്ത നിലപാട് ശരിയല്ല. ഞാൻ ഈദി അമീന്റെ രാജ്യമല്ല ഇന്ത്യ എന്നു പറഞ്ഞിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ ഇതൊരു ഫെഡറൽ സ്വഭാവമുള്ള ഭരണഘടന നിലനിൽക്കുന്ന രാജ്യമാണ്. സംസ്ഥാനങ്ങളും കേന്ദ്രവും തമ്മിൽ ബന്ധം വേണം. സംസ്ഥാനമെന്നാൽ കോളനി രാജ്യമല്ല. ബ്രിട്ടീഷുകാരൻ ഭരിച്ചതുപോലെ ബ്രിട്ടീഷുകാരന്റെ ഒരു കോളനിയല്ല. ഡോ. മൻമോഹൻ സിംഗിന്റേയും കേന്ദ്ര ഗവൺമെന്റിന്റേയും ഒരു കോളനിയല്ല കേരളം. അതു ഞാൻ പറഞ്ഞതുതന്നെയാണ്. അവിടെ ഞാൻ ഉറച്ചുനിൽക്കുകയാണ്. അവിടെ വന്ന് ഇതുപോലെ ഒരു പ്രവർത്തി

LIBRARY ARCHIVES Kerala Legislative Assembly

കാണിച്ചാൽ അതിൽ പ്രതിഷേധിക്കാനുള്ള ആർജ്ജവമെങ്കിലും മലയാളികൾക്കുണ്ടാകണ്ടേ? പ്രതിഷേധിക്കുവാനുള്ള ആർജ്ജവമാണ് കേരളം കാട്ടിയത്. അവിടെ നിങ്ങൾ എവിടെയാണ് നിന്നത്. ആരുടെ കൂടെയാണ് നിന്നത്. മലയാളിയുടെ കൂടെ. കേരളത്തിന്റെ പ്പമാണ് നിൽക്കേണ്ടത്. നമ്മളെ ഇത്തരത്തിൽ അപമാനിച്ച് അവഹേളിച്ചവരുടെ കൂടെ നിൽക്കാനല്ലേ നിങ്ങൾ ഇപ്പോഴും ശ്രമിക്കുന്നത്. അവിടെയാണ് നിങ്ങൾക്ക് പിശകുപറ്റിയത്. ഏതായാലും ആ ടോപിക് ക്ലോസ് ചെയ്തതായതുകൊണ്ട് ഞാൻ അതിന്റെ കഥകളിലേയ്ക്ക് കൂടുതൽ കടന്നുപോകാൻ ആഗ്രഹിക്കുന്നില്ല. ഒരു കാര്യത്തിൽ നമ്മൾ ശ്രദ്ധിക്കേണ്ടതുണ്ട്. ഇവിടെ എൽ.ഡി.എഫ്. ഇനി അധികാരത്തിൽ വരാൻ പോകുന്നില്ലായെന്ന് നിങ്ങൾ പറഞ്ഞു. എൽ.ഡി.എഫ്. അധികാരത്തിൽ വരണമോ വേണ്ടയോ എന്ന് തീരുമാനിക്കേണ്ടത് ജനങ്ങളാണ്. കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പും പാർലമെന്റ് തെരഞ്ഞെടുപ്പുമാണ് നിങ്ങൾക്ക് സ്വപ്നം നെയ്യാൻ അവസരമുണ്ടാക്കി തന്നിരിക്കുന്നത്. പക്ഷെ. പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞ് പഞ്ചായത്ത് തെരഞ്ഞെടുപ്പ് വരുമ്പോഴേയ്ക്കും നിങ്ങളും ഞങ്ങളും തമ്മിൽ 657000 വോട്ടിന്റെ വ്യത്യാസമാണ്. ഒരു ബൂത്തിൽ 33 വോട്ട് മാറിയാൽ നിങ്ങൾ തറപറ്റും. അതിനുശേഷം വെള്ളം ഒരുപാട് ഒഴുകിപ്പോയപ്പോൾ ആ ഒഴുക്ക് ആർക്ക് അനുകൂലമാണെന്ന് കണ്ണുള്ളവർക്കെല്ലാം കാണാൻ കഴിയുന്നതാണ് കേരളത്തിലെ ഇപ്പോഴത്തെ രാഷ്ട്രീയ സ്ഥിതി. കഴിഞ്ഞ ഗവൺമെന്റിലുണ്ടായിരുന്ന എത്ര മന്ത്രിമാരാണ് ഇന്ന് തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ അർഹരായിട്ടുള്ളത്? യു.ഡി.എഫ്-ന്റെ എത്ര നേതാക്കന്മാർക്കാണ് മത്സരിക്കാൻ അയോഗ്യത കല്പിച്ച് ജയിലിലോ അല്ലെങ്കിൽ മത്സരിക്കാൻ കഴിയാത്ത ഒരു സ്ഥിതിയിലേക്കോ എത്തിച്ചേർന്നത്? ആ സ്ഥിതി ഇപ്പുറത്ത് ആർക്കെങ്കിലും ഉണ്ടോ? ഇതെല്ലാം ജനങ്ങൾ കാണുകയല്ലേ? ശ്രീ. പിണറായി വിജയന് ഒരു കുഴപ്പവും സംഭവിച്ചിട്ടില്ല. അതും ഇതുമായി താരതമ്യം ചെയ്തുകൊണ്ട് നിങ്ങൾക്ക് ജനങ്ങളുടെ കണ്ണിൽ പൊടി ഇടാൻ സാധിക്കില്ല. നിങ്ങൾ ഡോ. തോമസ് ഐസക്കിനെതിരായും ശ്രീ. പിണറായി വിജയനെതിരായും പറഞ്ഞത് ചേമ്പിലയിൽ വെള്ളം വീണതുപോലെ തെറിച്ച് പോകും.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് അങ്ങ് അവസാനിപ്പിക്കൂ.....

ശ്രീ. ആനത്തലവട്ടം ആനന്ദൻ: ചേമ്പിലയിൽ വെള്ളം വീണതിന്റെ ലക്ഷണം പോലും കാണുകയില്ല. അത് ജനങ്ങൾക്ക് അറിയാവുന്നതാണ്. അതുകൊണ്ട് ഞാൻ എന്റെ പ്രസംഗം നിട്ടിക്കൊണ്ടുപോകുന്നില്ല. കേരളത്തെ നല്ലൊരു സംസ്ഥാനമായി ഉയർത്തിക്കൊണ്ടുവരുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച ഭാവനയുള്ള ഈ ബഡ്ജറ്റിനെ ഒന്നുകൂടി പിൻതാങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സർ. ഞാൻ ഈ ബഡ്ജറ്റിലെ നിർദ്ദേശങ്ങളെ എതിർക്കുകയാണ്. എന്തുകൊണ്ടാണ് പ്രതിപക്ഷം ഈ ബഡ്ജറ്റിനെ എതിർക്കുന്നത് എന്ന് ഭരണകക്ഷിയിൽപ്പെട്ടവർ ചോദിക്കുകയുണ്ടായി. ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞ കാര്യങ്ങൾ മാറ്റിപ്പറയുന്നതാണ് എനിക്ക് ഒന്നാമതായി ചൂണ്ടിക്കാണിക്കുവാനുള്ളത്. അദ്ദേഹം ആദ്യം ഇവിടെ അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റ് 2006-07 അതിൽ ട്രഷറി ബാലൻസ്

LIBRARY ARCHIVES Kerala Legislative Assembly

മിച്ചമാകുന്നതാണ് മികച്ച ധനകാര്യ മാനേജ്മെന്റ് എന്നത് പൊള്ളയായ വാദമാണ്. ഭീമമായ തോതിൽ കടം വാങ്ങിച്ചുകൊണ്ടിരിക്കുന്ന സംസ്ഥാനം ഉയർന്ന പലിശയ്ക്ക് വാങ്ങുന്ന വായ്പയിൽ ഒരുഭാഗം ചെലവാക്കാതെ സ്ഥിരമായി ട്രഷറിയിൽ സൂക്ഷിച്ചാണ് മിച്ചമുണ്ടാക്കുന്നത്. ഇതിൽപ്പരം അബദ്ധം വേറെയുണ്ടോ? 31-03-2009-ലെ ട്രഷറി മിച്ചം 2584 കോടി രൂപയും 31-3-2010-ലെ മിച്ചം 3226 കോടി രൂപയുമായിരുന്നു. ട്രഷറി മിച്ചം വരുന്നത് അബദ്ധമാണെന്ന് പറഞ്ഞ നിങ്ങൾ എല്ലാവർഷവും വൻതോതിൽ ട്രഷറി മിച്ചം വരുത്തുകയാണ്. വാർഷിക പദ്ധതികളിൽ 2006 മുതൽ 2010 വരെയുള്ള വർഷങ്ങളിൽ 8557.55 കോടി രൂപ വെട്ടിക്കുറച്ചു. അങ്ങനെ പദ്ധതിച്ചെലവ് കുറയ്ക്കുന്നു. സാമ്പത്തിക ബുദ്ധിമുട്ട് കൊണ്ടല്ല. നിങ്ങൾക്ക് ട്രഷറി രിച്ചമാണ്. എന്നിട്ടും പദ്ധതി ചെലവ് ടാർജറ്റ് എത്തുന്നില്ലെങ്കിൽ അതിന്റെ അർത്ഥം നിങ്ങൾക്ക് ഫലപ്രദമായി ഫണ്ട് ചെലവഴിക്കുന്നതിന് സാധിക്കുന്നില്ല എന്നുള്ളതാണ്. 2006-ലെ യു.ഡി.എഫ്-ന്റെ ബഡ്ജറ്റിനെ അങ്ങ് രൂക്ഷമായി വിമർശിച്ചു. എന്താണ് കാര്യമെന്ന് ചോദിച്ചാൽ. യഥാർത്ഥത്തിൽ 2006-07-ൽ വരേണ്ട ചെലവുകൾ മുഴുവൻ അതിൽ കാണിച്ചിട്ടില്ല. 2000 കോടി രൂപയുടെ ചെലവ് തമസ്ക്കരിച്ചു. ആ ബഡ്ജറ്റിൽ പറഞ്ഞ ശമ്പള പരിഷ്ക്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾക്കുവേണ്ടി വേണ്ടത്ര തുക കൊള്ളിച്ചിട്ടില്ല എന്നുപറഞ്ഞുകൊണ്ട് വിമർശിച്ചു. ഇപ്പോഴത്തെ ബഡ്ജറ്റോ? 2009-ൽ പ്രഖ്യാപിച്ച 5000 കോടി രൂപയുടെ മാന്ദ്യ വിരുദ്ധ പാക്കേജിന് നിങ്ങൾ 4000 കോടി രൂപയുടെ ഭരണാനുമതി കൊടുത്തിട്ടുണ്ട്. പക്ഷേ ഒരു രൂപയും വകകൊള്ളിച്ചിട്ടില്ല. മൂലധനച്ചെലവ് 2910 കോടി രൂപ മാത്രമേ വച്ചിട്ടുള്ളൂ. 2010-11-ൽ 4135 കോടി രൂപ വച്ചിരുന്നതാണ്. 1225 കോടി രൂപ കഴിഞ്ഞ വർഷത്തേക്കാൾ കുറവായിട്ടാണ് വച്ചിരിക്കുന്നത്. ശമ്പള പരിഷ്ക്കരണം 7000 കോടി രൂപ വേണ്ടിടത്ത് 4995 കോടി രൂപയാണ് വച്ചിരിക്കുന്നത്. അങ്ങ് ഇവിടെ പല സ്കീമുകളും പ്രഖ്യാപിച്ചു. അതെല്ലാം കൂടി നോക്കുമ്പോൾ 7500 കോടി രൂപയുടെ യഥാർത്ഥ ചെലവ് ഇതിനകത്ത് കാണിച്ചിട്ടില്ല. യു.ഡി.എഫ് ഗവൺമെന്റിന്റെ ബഡ്ജറ്റിലെ മുഴുവൻ ചെലവും കാണിച്ചിട്ടില്ല എന്ന് പറഞ്ഞുകൊണ്ട് വിമർശിച്ച അങ്ങ് അതേ വഴിക്കല്ലേ സഞ്ചരിച്ചത് എന്ന് ആലോചിച്ചാൽ കൊള്ളാം.

[1.00 P.M.]

5 ബഡ്ജറ്റുകളുടെ തുടർച്ചയാണ് ഈ ബഡ്ജറ്റ്. ഈ ഗവൺമെന്റിനെ 5 കൊല്ലത്തേയ്ക്കാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ബഡ്ജറ്റ് നടപ്പിലാക്കാനാണ് ജനാധിപത്യ വ്യവസ്ഥിതിയിൽ ഭരണഘടന പ്രകാരം ഒരു ഗവൺമെന്റിന് സാധിക്കുന്നത്. നിങ്ങൾ ഇപ്പോൾ 6-ാമത്തെ ബഡ്ജറ്റ് അവതരിപ്പിക്കുകയാണ്. അവതരിപ്പിക്കാൻ പൂർണ്ണ അവകാശമുണ്ട്. പക്ഷേ അത് ഇംപ്ലിമെന്റ് ചെയ്യാൻ നിങ്ങൾക്ക് അവസരമില്ല. കാരണം, ഏപ്രിൽ 1 മുതലാണ് പുതിയ ഗവൺമെന്റ് അധികാരത്തിൽ വരുന്നത്. അത് ആര് വരുമെന്നുള്ളത് ജനങ്ങൾ തീരുമാനിക്കട്ടെ. ഞാൻ അതിനെക്കുറിച്ച് ഒന്നും പറയുന്നില്ല. അത് ജനങ്ങളുടെ അവകാശമാണ്. പക്ഷേ ഏപ്രിൽ 1 മുതൽ നടപ്പിലാകുന്ന ഒരു ബഡ്ജറ്റ്. മാർച്ച് മാസം ഒന്നാമത്തെ ആഴ്ചയിലോ രണ്ടാമത്തെ ആഴ്ചയിലോ ഇലക്ഷൻ നിബന്ധനകൾ പ്രാബല്യത്തിൽ വരാൻ പോകുന്നുവെന്ന് അറിഞ്ഞിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

അവസരത്തിൽ ഇത് എങ്ങനെ നടപ്പിലാക്കാൻ സാധിക്കും? 5 ബഡ്ജറ്റുകളുടെ തുടർച്ചയെന്നു നിങ്ങൾ പറഞ്ഞിരിക്കുന്നതെന്തൊക്കെയാണ്? ഏറ്റവും കൂടുതൽ പ്രതിപാദിച്ചിട്ടുള്ളത് റോഡുകളെക്കുറിച്ചാണ്. ഇത് റോഡുകളുടെ ബഡ്ജറ്റാണോ എന്ന് സംശയിച്ചുപോയി എന്ന് ശ്രീ. ആനത്തലവട്ടം ആനന്ദൻ പറഞ്ഞു. ഈ ഗവൺമെന്റ് വന്ന ഉടനെ നിങ്ങളെടുത്ത നയം എന്താണ്? യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മേജർ ഡിസ്ട്രിക്റ്റ് റോഡ്സ് ആക്കി മാറ്റിയ റോഡുകളെല്ലാം തിരിച്ച് ജില്ലാ പഞ്ചായത്തിന് കൊടുക്കുന്നുവെന്ന് പറഞ്ഞു. അവിടത്തെ എം.എൽ.എ.മാർ കൈയടിച്ചു. നിങ്ങളുടെ ആ ഒരൊറ്റ തീരുമാനമാണ് കേരളത്തിലെ റോഡുകളെ എല്ലാം കുളമാക്കിയത്. ഇവിടെ 40,000 കോടി രൂപയുടെ ഒരു പാക്കേജ് പ്രഖ്യാപിച്ചു. അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയും പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രിയും കൂടിയായിരുന്നു. എന്നിട്ടും കുഴികൾ എണ്ണാനേ സാധിച്ചുള്ളൂ. കുഴികൾ അടയ്ക്കാൻ സാധിച്ചിട്ടില്ല. കുഴികൾ അടയ്ക്കാൻപോലും സാധിക്കാത്ത അങ്ങ് 40,000 കോടി രൂപയുടെ ഒരു സ്കീം ഈ ഗവൺമെന്റിന് അവസരം കിട്ടാത്ത ഒരു കാലത്തേയ്ക്ക് പ്രഖ്യാപിച്ചിരിക്കുകയാണ്. അന്ന് യു.ഡി.എഫ്. ഗവൺമെന്റ് എടുത്ത ആ തീരുമാനം നിങ്ങൾ എന്തിനാണ് മാറ്റിയത്? ഇപ്പോൾ നിങ്ങൾ അത് തിരിച്ചുകൊണ്ടുവന്നു. ജില്ലാ പഞ്ചായത്തിന്റെ അവകാശങ്ങൾ കവർന്നെടുത്ത നടപടി ഞങ്ങൾ റദ്ദ് ചെയ്യുകയാണ്. ആ സീറ്റിൽ ഇരുന്ന് അങ്ങ് പറഞ്ഞത് ഓർക്കുന്നില്ലേ? ഭരണകക്ഷിക്കാരെല്ലാം കയ്യടിച്ചു. അന്നേ ഞങ്ങൾ പറഞ്ഞു, ഇത് തീക്കളിയാണ്. ഇത് ഇവിടത്തെ റോഡുകൾ മുഴുവൻ കുളമാക്കും. ഇപ്പോൾ നിങ്ങൾക്ക് ബോധ്യപ്പെട്ടു. അതിൽ നിന്ന് മാറി. അങ്ങ് ഹിൽ ഹൈവേയെക്കുറിച്ച് ഈ ബഡ്ജറ്റിൽ പറഞ്ഞിരിക്കുകയാണ്. എന്താണ് ഹിൽ ഹൈവേയുടെ സ്ഥിതി? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കണ്ണൂർ ജില്ലയിൽ ശ്രീ. കെ. സി. ജോസഫിന്റെ നിയോജകമണ്ഡലത്തിൽ 17 കിലോ മീറ്റർ ദൂരം റോഡ് ടെണ്ടർ ചെയ്ത് പണി ആരംഭിച്ചു. അതിന്റെ പണി പൂർത്തിയായി. പിന്നെ ഒരു റീച്ചിന് നിങ്ങൾ അനുമതി കൊടുത്തോ: 5 ബഡ്ജറ്റ് അവതരിപ്പിച്ചില്ലേ? ഈ 5 ബഡ്ജറ്റിൽ ഏതെങ്കിലും ഒരു റീച്ച് കൊടുത്തിട്ട് ഇന്ന് ഹിൽ ഹൈവേയെക്കുറിച്ച് പറഞ്ഞെങ്കിൽ അത് ബഡ്ജറ്റിന്റെ തുടർച്ചയെന്ന് നിങ്ങൾക്ക് അവകാശപ്പെടാമായിരുന്നു. ഒരു കിലോമീറ്റർ പോലും കൊടുത്തില്ല.

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u>: സർ, അങ്ങ് പറയുന്നത് ശരിയല്ല. എന്റെ മണ്ഡലത്തിൽ ഹിൽ ഹൈവേയുടെ ഒരു റീച്ചിന് 12 കോടി രൂപ തന്നു. തൊട്ടടുത്ത് ശ്രീ. കെ. സി. കുഞ്ഞിരാമന്റെ മണ്ഡലത്തിൽ 8 കോടി രൂപ കൊടുത്തു. രണ്ട് വർക്കുകളും ടെണ്ടർ ചെയ്തു.

<u>ശ്രീ. കെ. സി. ജോസഫ്</u>: അത് ഏത് സ്കീമിലാണ്. ഈ ബഡ്ജറ്റിലും കഴിഞ്ഞ 5 ബഡ്ജറ്റിലും ഹിൽ ഹൈവേയുടെ ഹെഡ് ഓഫ് അക്കൗണ്ടിൽ ഒരു പൈസ പോലും വകകൊള്ളിച്ചിട്ടില്ല. .....(ബഹളം).....

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, കഴിഞ്ഞ 5 ബഡ്ജറ്റിലും ഹിൽ ഹൈവേ എന്നുള്ള ഒരു പദപ്രയോഗം പോലുമില്ല. അത് വേണ്ടെന്ന് വച്ചു. സീ പോർട്ട്-എയർപോർട്ട് റോഡ് നടത്തുമെന്ന് ഈ ബഡ്ജറ്റിൽ പറഞ്ഞിരിക്കുകയാണ്. നിങ്ങൾക്ക് പറയാൻ നാണമില്ലേ എന്ന് ചോദിക്കുകയാണ്. യു.ഡി.എഫ്.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ കാലത്ത് സീപോർട്ട്-എയർപോർട്ട് റോഡ് കളമശ്ശേരി വരെ പണി പൂർത്തിയാക്കി. അവിടെ നിന്ന് അങ്ങോട്ടുള്ള റോഡിന്റെ സ്ഥലമെടുപ്പിനുള്ള മുഴുവൻ നടപടികളും പൂർത്തീകരിച്ചു. നിങ്ങൾ ഈ സ്ഥലമെടുക്കാനുള്ള പണം അടച്ചില്ല. അതിന്റെ നോട്ടിഫിക്കേഷനുള്ള സമയം കഴിഞ്ഞുപോയി.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ഞാൻ എന്തിന് നാണിക്കണം. കളമശ്ശേരിയിൽ നിന്ന് സീപോർട്ട്-എയർപോർട്ട് റോഡിന്റെ 250 കോടി രൂപയുടെ ഭൂമി അക്വയർ ചെയ്യണം. ഇപ്പുറത്ത് വീതി കൂട്ടണം. അത് ചെയ്യുമെന്നാണോ ഈ പറയുന്നത്? നിങ്ങൾ എയർപോർട്ട് വരെയുള്ള 250 കോടി രൂപയുടെ ഭൂമി എടുത്തോ?

ശ്രീ. ഉമ്മൻ ചാണ്ടി: ഡോ. തോമസ് ഐസക് അങ്ങ് ചുടായിട്ട് കാര്യമില്ല. സീപോർട്ട്-എയർപോർട്ട് റോഡ് കളമശ്ശേരി വരെ കൊണ്ട് നിർത്തിയിരിക്കുകയാണ്. അവിടെ നിന്ന് അങ്ങോട്ടുള്ള സ്ഥലമെടുക്കാനുള്ള മുഴുവൻ നോട്ടിഫിക്കേഷനും യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് പൂർത്തീകരിച്ചിരുന്നു. നിങ്ങൾ രൂപ അടച്ചില്ല. അത് ക്യാൻസലായി. പിന്നെ 5 കൊല്ലത്തേയ്ക്ക് നിങ്ങൾ അതിനെക്കുറിച്ച് ചിന്തിച്ചിട്ടില്ല. അത് പൂർത്തിയാക്കണമെന്ന് ഇപ്പോൾ നിങ്ങൾക്കൊരു വീണ്ടുവിചാരം വന്നിരിക്കുന്നു. 40,000 കോടി രൂപയുടെ പദ്ധതി. ഇത്രയും തുക എവിടെ നിന്നാണ് കണ്ടെത്തുക; എങ്ങനെയാണ് കണ്ടെത്തുക? ഒന്നും പറയുന്നില്ല. അങ്ങ് ഡോ. എ പി.ജെ. അബ്ദുൾ കലാമിനെക്കുറിച്ച് ഇതിനകത്ത് പറയുന്നുണ്ട്. പ്രിയപ്പെട്ട ധനകാര്യ വകുപ്പു മന്ത്രി.... കഴിഞ്ഞ 5 ബഡ്ജറ്റിലും ആ പേര് നിങ്ങൾ ശ്രദ്ധിച്ചിട്ടില്ല. ഡോ. എ.പി.ജെ. അബ്ദുൾ കലാം ഈ സഭയിൽ വന്ന് ഒരു അദ്ധ്യാപകൻ കുട്ടികൾക്ക് ക്ലാസ്സെടുക്കുന്നതുപോലെ കേരളത്തിന്റെ വികസനത്തിനു വേണ്ടിയുള്ള 10 നിർദ്ദേശങ്ങൾ വച്ചു. ഈ സഭ ഒരു ദിവസം മുഴുവൻ ചർച്ച ചെയ്തു. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും 3 നിർദ്ദേശങ്ങളും പ്രതിപക്ഷത്തുനിന്ന് 3 ആവശ്യങ്ങളും കൂടി വച്ചു. അങ്ങനെ ഡോ. അബ്ദുൾ കലാം പറഞ്ഞ പത്തിന പരിപാടികൾ ഉൾപ്പെടെ 16 ഇന പരിപാടികൾ ഈ സഭ അംഗീകരിച്ചു.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ, അദ്ദേഹം അന്ന് പറഞ്ഞ പതിനഞ്ചിന പരിപാടിയിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നായിരുന്നല്ലോ നഴ്സിംഗ്? ഈ ഗവൺമെന്റ് വന്ന വർഷം തന്നെ 2006-ൽ ആലപ്പുഴയിലും തൃശൂരിലും ഓരോ നഴ്സിംഗ് കോളേജ് തുടങ്ങാൻ 60 വീതം 120 കുട്ടികൾക്ക് സർക്കാർ ഫീസിൽ പഠിക്കാനാവശ്യമായ ഫണ്ട് മാറ്റിവയ്ക്കുകയും 2010 ഡിസംബർ മാസം അവരുടെ ലാസ്റ്റ് ബെല്ലിംഗ് സെറിമണി 120 കുട്ടികൾക്ക് കൂടി 25 വർഷത്തിനുശേഷം സർക്കാർ ഫീസിൽ പഠിക്കാനുള്ള അവസരം കേരള ചരിത്രത്തിൽ ആദ്യമായി ഉണ്ടാക്കിയിട്ടുള്ളത് ഈ ഗവൺമെന്റാണ്. ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ ഒരു സ്വപ്നമായിരുന്നു നഴ്സിംഗ് മേഖല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: അദ്ദേഹം പറഞ്ഞത് ഇന്ന് ലോകത്ത് ഏറ്റവും കൂടുതൽ സാധ്യതയുള്ളത് പാരാ മെഡിക്കൽ, നഴ്സിംഗ് അടക്കമുള്ള രംഗങ്ങളിലാണ്. ഈ 5 കൊല്ലം കൊണ്ട് 10,000 പേർക്ക് അവസരം കൊടുക്കണമെന്നാണ് അദ്ദേഹം പറഞ്ഞിരുന്നത്. അങ്ങ് 120 എന്നുപറഞ്ഞു. അത്രയും നന്നായി. അത് ഞാൻ സമ്മതിക്കുന്നു. പക്ഷേ നമുക്ക് ഇങ്ങനെ പോയാൽ മതിയോ? 5 കൊല്ലം കൊണ്ട് 120 നഴ്സിംഗ് വിദ്യാർത്ഥികൾക്ക് അവസരം കൊടുത്താൽ മതിയോ?

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: 50 കൊല്ലം മുമ്പ് കേരള ചരിത്രത്തിൽ സർക്കാർ മേഖലയിലുണ്ടായിട്ടുള്ള നഴ്സിംഗ് കോളേജുകളുടെ എണ്ണം 3 ആണ്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 5 നഴ്സിംഗ് കോളേജ് ആരംഭിച്ചുവെന്ന് മാത്രമല്ല, സർക്കാർ മേഖലയിലെ നഴ്സിംഗ് കോളേജുകൾക്ക് 22 കോടി രൂപ ചെലവഴിച്ച് ഹോസ്റ്റൽ, ലൈബ്രറി, കോമൺ കെട്ടിടം എല്ലാം പൂർത്തിയാക്കി. 50, കൊല്ലം കൊണ്ട് ഉണ്ടാക്കിയിട്ടുള്ളതിന്റെ ഇരട്ടിയാണ് 5 കൊല്ലം കൊണ്ട് ഉണ്ടാക്കിയിട്ടുള്ളത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ലോകം മുഴുവൻ മാറുകയാണ്. ഇന്ത്യ മുഴുവൻ മാറുകയാണ്. വളരെ വേഗത്തിലാണ് മാറുന്നത്. 50 വർഷംകൊണ്ട് 100 സീറ്റ് ഉണ്ടാക്കിയിട്ടുള്ളൂ. ഞങ്ങൾ അഞ്ചുവർഷംകൊണ്ട് 120 എന്നു പറഞ്ഞാൽ ഈ ശതമാന കണക്ക് മാറ്റിയേ മതിയാകൂ. എന്നാൽ മാത്രമേ കേരളം വളരുകയുള്ളൂ. ഡോ.എ.പി.ജെ. അബ്ദുൾ കലാം പറഞ്ഞ നിർദ്ദേശങ്ങളുമായി നമുക്ക് മുന്നോട്ടുപോകാൻ പറ്റിയില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, ഞാൻ ചോദിക്കട്ടെ, അങ്ങ് കഴിഞ്ഞ സ്കീമിൽ ഒരു പരിപാടി announce ചെയ്തു. അത് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയാണ്. ഇതിനായി 20 കോടി രൂപ നീക്കിവച്ചു. ഇപ്പോൾ പുതുക്കിയ ബഡ്ജറ്റിൽ അത് 10 കോടി രൂപയായി കുറച്ചു. അടുത്ത വർഷത്തേയ്ക്ക് 40 കോടി രൂപ വച്ചിട്ടുണ്ട്. അത് നടപ്പിലാക്കിയോ; എന്താണ് നടപ്പിലാക്കാത്തത്; അങ്ങ് ബഡ്ജറ്റിൽ പരിപാടികൾ പറഞ്ഞാൽ മതിയോ; അത് നടപ്പിലാക്കണ്ടേ? എനിക്ക് അതുമായി ബന്ധപ്പെട്ട് പറയുമ്പോൾ ഒരുകാര്യം ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ഇതിന്റെ വേതനം വർദ്ധിപ്പിക്കണമെന്നുള്ളത് എല്ലാവരുടെയും ആവശ്യമാണ്. കേന്ദ്ര ഗവൺമെന്റ് 125 രൂപ എന്നുള്ളത് 150 രൂപയാക്കി. 1-1-2011 മുതൽ അത് ഇംപ്ലിമെന്റ് ചെയ്തു. മുഴുവൻ തുകയും കേന്ദ്രത്തിൽനിന്ന് തരുന്നതല്ലേ; നിങ്ങൾ ഇപ്പോൾ ഓർഡർ ഇറക്കിയിരിക്കുന്നത് കൊടുക്കണ്ടായെന്നാണ്. എന്താണെന്ന് അറിയാമോ? 150 രൂപ നിരക്കിൽ വേതനം നൽകാവുന്നതാണ്, എന്നാൽ വേതനം വാങ്ങിക്കഴിഞ്ഞവർക്ക് ഈ ഉത്തരവിന്റെ തീയതി മുതൽമാത്രം 150 രൂപ വേതനം നൽകാവുന്നതാണ്. 1-1-2011-ൽ നടപ്പിലാക്കിയിട്ട് ഈ ഓർഡർ ഇറക്കിയിരിക്കുന്നത് 2-2-2011-ലാണ്. അപ്പോൾ ഒരുമാസത്തെ വേതനം കൊടുക്കണ്ടായെന്നാണ് തീരുമാനം. അൽപ്പം ബുദ്ധിമുട്ട് വരും. കൊടുത്തവർക്ക് രണ്ടാമത് കൊടുക്കുന്നതിനുവേണ്ടി ഒരു ഷീറ്റ് ഒന്നുകൂടി എഴുതേണ്ടിവരും. പാവപ്പെട്ടവർക്ക് 25 രൂപവച്ച് കൂടുതൽ കൊടുക്കാൻ കേന്ദ്ര ഗവൺമെന്റ്

തയ്യാറാകുമ്പോൾ അത് കൊടുക്കാതിരിക്കാനാണ് സംസ്ഥാന ഗവൺമെന്റ് നോക്കുന്നത്. കേന്ദ്ര ഗവൺമെന്റ് കൊടുത്ത തുക അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെങ്കിൽ ഈ ഓർഡറിന്റെ കോപ്പി ഞാൻ അങ്ങോട്ട് തരാം. ഇത് മാറ്റണം. കേന്ദ്ര ഗവൺമെന്റ് തരുന്ന തുകപോലും കൊടുക്കാൻ തയ്യാറാകുന്നില്ല. 100 ദിവസത്തെ ജോലിയാണ് തരുന്നത്. അത് കിട്ടുന്നില്ല. ആദ്യത്തെ വർഷം 22. പിന്നെ 32, 34. ഈ വർഷം എത്ര വരുമെന്ന് അറിയില്ല. വേതനംപോലും കിട്ടാതിരിക്കത്തക്ക വിധത്തിൽ ഇതുപോലെയുള്ള ഉത്തരവുകൾ ഒരിക്കലും ഇറക്കരുത്. അത് പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഡോ.എ.പി.ജെ. അബ്ദുൾ കലാം പറഞ്ഞതിൽ ഒരു പ്രധാനപ്പെട്ട പോയിന്റ് ദേശീയ ജലപാതയായിരുന്നു. കേരളത്തിന്റെ ഭാവിയെ സംബന്ധിച്ചും ടൂറിസത്തിന്റെയും കുറഞ്ഞ ചരക്കുനീക്കത്തിന്റെയുമൊക്കെ കാര്യങ്ങൾ വച്ചു നോക്കുമ്പോൾ ദേശീയ ജലപാത വളരെ പ്രധാനപ്പെട്ടതാണ്. പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ 225 കോടി രൂപ നമുക്ക് അനുവദിച്ചുവെങ്കിലും 136 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. നമുക്ക് ഇങ്ങനെ മതിയോ? സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കേന്ദ്ര ധനകാര്യ കമ്മീഷൻ തരുന്ന തുകപോലും ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യത്തിന് ഇങ്ങനെ ചെലവഴിച്ചാൽ മതിയോയെന്ന് നിങ്ങൾ ആലോചിക്കണം. 136 കോടി രൂപ ചെലവഴിച്ചിട്ടില്ല. ഈ ഗവൺമെന്റ് ഏറ്റവുമധികം അഭിമാനത്തോടുകൂടി പറഞ്ഞ രണ്ടുകാര്യങ്ങൾ സ്മാർട്ട് സിറ്റിയും മൂന്നാറുമാണ്. സ്മാർട്ട് സിറ്റിക്ക് നാലേമുക്കാൽ കൊല്ലമായിട്ടും തറക്കല്ലിട്ടതല്ലാതെ അതിന്റെ മുകളിൽ ഒരു കല്ലെടുത്തുവയ്ക്കാൻ പറ്റിയിട്ടില്ല. ഏതായാലും ഇന്ന് മുഖ്യമന്ത്രി സമ്മതിച്ചു. ഇൻഫോപാർക്കിൽ 60 ഏക്കർ സ്ഥലം സ്വകാര്യ കമ്പനികൾക്ക് കൊടുത്തു എന്ന്..... (ബഹളം) ..... രണ്ടാമത് തെറ്റ് തിരുത്തി. അസംബ്ലിയിൽ കിട്ടിയ മറുപടിവച്ച് മൂന്ന് കമ്പനികൾക്ക് 22 ഏക്കർ കൊടുത്തുവെന്നായിരുന്നു എന്റെ അറിവ്. അതു വച്ചുകൊണ്ടാണ് ഞാൻ അവസാനം ചോദിച്ചത്. പക്ഷേ അതിനുശേഷവും കൊടുത്തതുകൊണ്ടാകാം മുഖ്യമന്ത്രി 60 ഏക്കറെന്ന് പറഞ്ഞു. ഇൻഫോപാർക്ക് പൊതുമേഖലയിൽ നിലനിർത്തുമെന്ന് പറഞ്ഞിട്ട് ഐ.ടി. വികസനത്തിനു വേണ്ടി സ്വകാര്യ കമ്പനികൾക്ക് കൊടുത്തു. അതുതന്നെയാണ് യു.ഡി.എഫ്.ഉം ചെയ്തത്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, അവിടെ ഇൻഫോപാർക്കിൽ 50 ലക്ഷം ചതുരശ്ര അടിയുടെ കെട്ടിടം ഉയരുകയാണ്. രണ്ട് സ്മാർട്ട് സിറ്റിയുണ്ടാക്കുമെന്ന് പറഞ്ഞല്ലോ ..... (ബഹളം) ..... രണ്ടാമത്തെ സ്മാർട്ട് സിറ്റി വരുമ്പോൾ ഇപ്പുറത്ത് 50 ലക്ഷം ചതുരശ്ര അടിയുണ്ടാകും. ഈ പാർക്കെന്ന് പറയുന്നത് സർക്കാരിന് വ്യവസായം സ്ഥാപിക്കുന്നതിനല്ല, സ്വകാര്യ മൂലധനത്തെ ആകർഷിക്കാൻ വേണ്ടി തന്നെയാണ് ..... (ബഹളം) .....

ശ്രീ. ഉമ്മൻ ചാണ്ടി: അതുതന്നെയല്ലേ ഞങ്ങളും ചെയ്തത്.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക്: ഇപ്പോൾ 50 ലക്ഷം ചതുരശ്ര അടിയായി ഉയരാൻ പോകുന്ന ഇൻഫോപാർക്ക് നിങ്ങൾ ഇവർക്ക് വിട്ടുകൊടുക്കാനായിരുന്നു പ്ലാൻ ചെയ്തിരുന്നത്. അത് പറ്റില്ലായെന്നാണ് ഞങ്ങൾ പറഞ്ഞത്.

ശ്രീ. ഉമ്മൻ ചാണ്ടി: അതൊക്കെ നിങ്ങളുടെ വ്യാഖ്യാനങ്ങളാണ്. ഏതായാലും മുഖ്യമന്ത്രി സ്വകാര്യ കമ്പനികൾക്ക് കൊടുത്തുവെന്ന് സമ്മതിച്ചു. ഇപ്പോൾ ഇവിടെ വന്ന തർക്കം എന്താണ്? വിൽക്കാനുള്ള അവകാശം വേണോ വേണ്ടയോ? യു.ഡി.എഫ്.ന്റെ കാലത്ത് എല്ലാം വിറ്റ് തുലച്ചുവെന്നല്ലേ പറഞ്ഞത്. യു.ഡി.എഫ്.ന്റെ കാലത്ത് സ്മാർട്ട് സിറ്റിയുടെ ഡെഫിനിഷൻ വളരെ വ്യക്തമായിരുന്നു. സ്മാർട്ട് സിറ്റിക്കുവേണ്ടി കൊടുക്കുന്ന മുഴുവൻ ഭൂമിയും SEZ-ലോ SEZ-കളിലോ ആയിരിക്കുമെന്ന് വ്യക്തമാക്കിയിരുന്നു. ആ SEZ, SEZ-കൾ എന്നുള്ളത് നിങ്ങളുണ്ടാക്കിയ കരാറിൽ ചെറിയ വ്യത്യാസമേ വരുത്തിയുള്ളൂ. ഞാൻ വായിക്കാം. യു.ഡി.എഫ്.-ന്റെ കാലത്ത്, Smart City shall mean the project to be developed on the site as knowledge based information technology township as SEZ/SEZs and as envisaged in this agreement. LDF, Smart City shall mean the project to be developed on the site as knowledge based IT township as SEZ/SEZs എന്നുള്ളത് മാറ്റി, and as envisaged in this agreement എന്നാക്കി. ബാക്കി അതേ വാക്കുകളാണ്. SEZ-ൽ വന്നാൽ ഭൂമി വിൽക്കാൻ പറ്റുകയില്ല. അത് അന്ന് ഉറപ്പുവരുത്തിക്കൊണ്ട് ഉണ്ടാക്കിയിരുന്നതാണ്. അതുമാറ്റി. അപ്പോൾ പിന്നെ തർക്കമായി. ഇപ്പോൾ നിങ്ങൾ എന്താണ് ചെയ്തിരിക്കുന്നത്? യു.ഡി.എഫ്.ന്റെ കാലത്തുണ്ടായിരുന്ന വ്യവസ്ഥ തിരിച്ചുകൊണ്ടുവന്നു. SEZ-ലേ ഭൂമി കൊടുക്കുകയുള്ളൂ എന്ന്. പ്രശ്നം തീർന്നു. ഞാൻ ചോദിക്കുന്നു, എന്തിനാണ് ഈ നാലരക്കൊല്ലക്കാലം വിവാദമുണ്ടാക്കിയത്? അതിന് മറുപടി പറയണ്ടേ? നിങ്ങൾ നോക്കണം. യു.ഡി.എഫ്.-ന്റെ കാലത്ത് വ്യക്തമായി SEZ-ൽ മാത്രമേ ഭൂമി കൊടുക്കുകയുള്ളുവെന്ന് പറഞ്ഞിരുന്നു. ആ SEZ മാത്രം മാറ്റിയതാണ് പ്രശ്നങ്ങൾക്കെല്ലാം കാരണമായത്. മൂന്നാറിൽ ഈയിടെ റവന്യൂ വകുപ്പുമന്ത്രി പോയി. അദ്ദേഹത്തെ ഞാൻ അധികം കുറ്റപ്പെടുത്തുന്നില്ല. അദ്ദേഹത്തിന് അതിനകത്തുള്ള റോൾ വളരെ കുറവായിരുന്നു. 17,066.49 ഏക്കർ വനഭൂമിയായി വിട്ടുകൊടുത്തു. 1974-ൽ സി. അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ശ്രീ. കെ.സി. ശങ്കരനാരായണൻ ഐ.എ.എസ്. 17,922 ഏക്കർ സ്ഥലം ഫോറസ്റ്റ് ഭൂമിയായി ഡിക്ലയർ ചെയ്തുകൊണ്ടുള്ള ലാന്റ് ബോർഡിന്റെ അവാർഡ് വന്നു. 1980 ഏപ്രിൽ മാസം, അന്ന് മുഖ്യമന്ത്രി ഇ.കെ. നായനാരാണ്. അദ്ദേഹത്തിന്റെ കാലത്ത് ഇത് റവന്യൂ വകുപ്പ് വ്യക്തമായിട്ടുള്ള ഓർഡർ കൊടുത്ത് ഹാൻഡ് ഓവർ ചെയ്തു. 1974-ൽ ലാന്റ് ബോർഡ് വനഭൂമിയായി പ്രഖ്യാപിച്ച സ്ഥലം, 1980-ൽ ഹാൻഡ് ഓവർ ചെയ്ത സ്ഥലം, ഇപ്പോൾ 1766 ഏക്കർ ആയി കുറഞ്ഞു. ഏതാണ്ട് 800-ഓളം ഏക്കർ സ്ഥലം കുറച്ച് ഫോറസ്റ്റിന് കൊടുത്തതായി ഡിക്ലയർ ചെയ്തിരിക്കുകയാണ്. ഇത് ആരെ കബളിപ്പിക്കാനാണ്? 800 ഏക്കർ കയ്യേറിയ സ്ഥലമാണ് എന്ന് രാധ്യമങ്ങൾ പറഞ്ഞു. കയ്യേറ്റക്കാരെയൊക്കെ ഒഴിപ്പിക്കുമെന്ന് പറഞ്ഞു. അതുകഴിഞ്ഞിട്ട് രണ്ടുമൂന്ന് മാസമായി. ഒരാളെയും ഒഴിപ്പിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇവിടെ നടന്ന ചർച്ചയിൽ പാമോലിൻ കേസുമായി ബന്ധപ്പെട്ട് എന്നെ കുറ്റപ്പെടുത്തുന്ന രീതിയിൽ ചില പ്രസ്താവനകളുണ്ടായിട്ടുണ്ട്. ഞാൻ അതിൽ കുറ്റക്കാരനാണെങ്കിൽ ഒന്നാമത്തെ കുറ്റവാളികൾ നിങ്ങളാണ്, ഇടതു പക്ഷമാണ്. അതാണ് ഇതിനകത്തെ പ്രശ്നം. കാരണം ഇത് 1991 നവംബർ മാസത്തിലുണ്ടായ സംഭവമാണ്. അന്ന് ഞാൻ ധനകാര്യ വകുപ്പുമന്ത്രിയാണ്. 16-3-1992-ൽ സഭയിൽ ഈ പ്രശ്നം ഉന്നയിച്ചു. പാമോലിൻ കേസ്സിൽ അഴിമതിയുണ്ട്. അതിനെ തുടർന്ന് 16, 17, 18, 26, നാല് ദിവസം ഇവിടെ അടുപ്പിച്ച് ചർച്ചവന്നു. ആരൊക്കെയാണ് ആ ചർച്ചയിൽ പങ്കെടുത്തത്? അന്നത്തെ പ്രതിപക്ഷ നേതാവ് ശ്രീ. വി.എസ്. അച്ചുതാനന്ദൻ, പ്രമുഖരായ നേതാക്കളെല്ലാവരും ഉണ്ട്. ആ ചർച്ചയിലൊന്നും എന്നെ ആരും കുറ്റപ്പെടുത്തി പ്പറഞ്ഞിട്ടില്ല. അതുകഴിഞ്ഞ് അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ട് വന്നു. റിപ്പോർട്ട് മേശപ്പുറത്തു വന്നപ്പോൾ ചർച്ച വേണമെന്ന് പറഞ്ഞു. ചർച്ച നടത്തി. ഫയൽ മേശപ്പുറത്ത് വയ്ക്കണമെന്ന് പറഞ്ഞു. മേശപ്പുറത്തുവച്ചു. സാധാരണ ഫയൽ മേശപ്പുറത്തുവയ്ക്കുന്നത് ഗവൺമെന്റിന്റെ ഫയലാണ്. അപ്പോൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഫയൽ കൂടി കിട്ടിയാൽ മാത്രമേ ഇതിനകത്തെ കള്ളക്കളി മുഴുവൻ അറിയാനൊക്കുകയുള്ളുവെന്ന് പറഞ്ഞു. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഫയലും വച്ചു. അസാധാരണമായ നടപടിയാണിത്. ഇവിടെ ഏതെങ്കിലും ഒരു രേഖ ഉദ്ധരിച്ച് അത് മേശപ്പുറത്തുവയ്ക്കണം എന്നുപറഞ്ഞൊന്നും വച്ചതല്ല. പ്രതിപക്ഷത്തുനിന്നും ഫയൽ മേശപ്പുറത്തു വയ്ക്കണമെന്ന് പറഞ്ഞു. വച്ചു. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഫയലും വച്ചു. ഇതെല്ലാം പരിശോധിച്ചതിനുശേഷം ഇവിടെ 1.3.1994-ൽ ചർച്ച നടന്നു. ചർച്ച എന്നുപറഞ്ഞാൽ വളരെ വിശദമായ ചർച്ച. ഞാൻ ബഹുമാനപ്പെട്ട എം.എൽ.എ.മാർക്കുവേണ്ടി പറയുകയാണ്. അതിന്റെ പ്രിന്റ് ചെയ്ത ബുക്ക് നമ്മുടെ ലൈബ്രറിയിലുണ്ട്. അത് ഒന്ന് നോക്കണം. 105 പേജുണ്ട്. പാമോലിൻ സംബന്ധിച്ച ചർച്ചയിൽ പങ്കെടുത്തത് ഇ.കെ. നായനാർ, ശ്രീ. ടി.കെ. ഹംസ, വർക്കല രാധാകൃഷ്ണൻ, ശ്രീ. സത്യൻ മൊകേരി, വി.വി. രാഘവൻ, ടി.കെ. രാമകൃഷ്ണൻ, ശ്രീ. സി.കെ. ചന്ദ്രപ്പൻ, ശ്രീ. എ.സി. ഷൺമുഖദാസ്, ബേബി ജോൺ, കെ. ചന്ദ്രശേഖരൻ, ഡോ. കെ.സി. ജോസഫ്, ശ്രീ. ലോനപ്പൻ നമ്പാടൻ, ശ്രീ. ടി. ശിവദാസ മേനോൻ. ഇവരൊക്കെ ചർച്ചയിൽ പ്രസംഗിക്കുകയോ അല്ലെങ്കിൽ ഇടയ്ക്കുകയറി ചർച്ചയിൽ പങ്കെടുക്കുകയോ ചെയ്തവരാണ്. 105 പേജുള്ള ബുക്കാണിത്. (ബുക്ക് ഉയർത്തിക്കാണിക്കുന്നു). പ്രതിപക്ഷ നേതാവ് അന്നത്തെ ചർച്ചയിൽ ഉണ്ടായിരുന്നതായിട്ട് കാണുന്നില്ല. പക്ഷേ അദ്ദേഹം അതിന് മുമ്പ് അഞ്ച് ദിവസം തുടർച്ചയായിട്ട് നടന്ന ചർച്ചകളിലൊക്കെ പങ്കെടുത്തിട്ടുണ്ട്. ഈ ചർച്ചകളിലൊന്നും എന്നെക്കുറിച്ച് ഒരു അക്ഷരം പോലും പറയുന്നില്ല. നിങ്ങൾ അത് നോക്കണം. ഈ സംഭവം ഉണ്ടായ അന്ന് ഞാൻ ധനകാര്യ വകുപ്പുമന്ത്രിയായി അധികാരത്തിലിരിക്കുന്ന സമയമാണ്. ഞാനാണ് ഇതിന് ഗവൺമെന്റിനുവേണ്ടി മറുപടി പറയുന്നത്. സ്വാഭാവികമായും ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ എന്റെ പേര് പറയുന്നതിന് എല്ലാ വിധത്തിലും സാഹചര്യമുള്ള അവസരമാണ്. പക്ഷേ ആരും പറഞ്ഞില്ല. അത് പോകട്ടെ. 1996-ൽ ഇ.കെ. നായനാർ

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയായി വന്നപ്പോൾ ഇതിനെ സംബന്ധിച്ച് ഒരു കേസ് എടുത്തു. ഇതിന്റെ എല്ലാ വശങ്ങളും പരിശോധിച്ചതിനുശേഷം എടുത്ത പ്രതി പട്ടികയിൽ നിന്ന് എന്നെ ഒഴിവാക്കി. അഞ്ച് കൊല്ലം കേസ് അന്വേഷിച്ചതിനുശേഷം എന്നെ പ്രതി ചേർത്തതാണ്. ഇനി അതും പോകട്ടെ. നിങ്ങൾ അധികാരത്തിൽ വന്നിട്ട് അഞ്ച് കൊല്ലമാകാൻ പോകുകയാണ്. നിങ്ങൾ അധികാരത്തിൽ വന്ന സമയത്ത് ഞാൻ നിങ്ങളെ ആവശ്യത്തിലധികമൊന്ന് പ്രകോപിപ്പിച്ചു. എന്താണെന്ന് ചോദിച്ചാൽ ഞാൻ മുഖ്യമന്ത്രിയായിരുന്ന സമയത്ത് ഈ കേസ് പിൻവലിച്ചു. കാരണം ഞാൻ വിശ്വസിക്കുന്നു അന്ന് ആ ഇടപാടിൽ എട്ടര കോടി രൂപ ലാഭം കിട്ടിയതാണ്. അന്ന് പാമോയിൽ ജനങ്ങൾ ഏറ്റവും അധികം ആഗ്രഹിച്ചിരുന്ന ഒരു വസ്തുവാണ്. അതിനകത്ത് അഴിമതി നടന്നിട്ടില്ല എന്ന് വിശ്വസിച്ചുകൊണ്ട് ഞാൻ ആ കേസ് വിത്ഡ്രോ ചെയ്തു. സ്വാഭാവികമായും അത് കഴിഞ്ഞ് വന്ന ഗവൺമെന്റിന് വേണമെങ്കിൽ അത് റീ-ഓപ്പൺ ചെയ്യാമായിരുന്നു. ഈ അഞ്ച് കൊല്ലം അത് സംബന്ധിച്ച് ഒരു നടപടിയും എടുത്തിട്ടില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് നിങ്ങൾ ഒന്നുകൂടി പരിശോധിക്കണം. എന്നെ ഉൾപ്പെടുത്താൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ? നിങ്ങൾ ശ്രീ. ടി.എച്ച്. മുസ്തഫയെ കൂട്ടുപിടിച്ചിട്ടുവേണ്ട. കാരണം ഞാൻ ഈ കേസ് വിത്ഡ്രോ ചെയ്യാൻ വേണ്ടി സ്വീകരിച്ച അതേ ന്യായങ്ങളാണ് ശ്രീ. മുസ്തഫ ആ പെറ്റീഷനിൽ പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് ശ്രീ. മുസ്തഫ പറഞ്ഞത് വച്ചുകൊണ്ട് നിങ്ങൾക്ക് ഈ കേസ് ഡെവലപ് ചെയ്തുകൊണ്ടുപോകാൻ സാധിക്കില്ല. ശ്രീ. മുസ്തഫ പറഞ്ഞിരിക്കുന്നത് എന്റെ കേസാണ്. ഞാൻ എടുത്തിരിക്കുന്ന ഒരു നിലപാടുണ്ട്. ഈ ചർച്ച നടക്കുന്ന സമയത്ത് ഞാനാണ് മറുപടി പറയേണ്ടത്. ഏതവസരത്തിലും ഇതുമായി ബന്ധപ്പെട്ട നിലപാട് ഞാൻ എടുത്തിട്ടുണ്ട്. പരസ്യമായിട്ടാണ്. അതിനകത്ത് രാഷ്ട്രീയമൊന്നുമില്ല. ഇന്നത്തെ മുഖ്യമന്ത്രി ഇതിന്റെ പേരും പറഞ്ഞ് പലപ്രാവശ്യം കോടതിയിൽപ്പോയിട്ടുണ്ട്. അതുകൊണ്ട് ഇപ്പോഴാണെങ്കിലും ഒന്ന് പരിശോധിക്കണം.

ശ്രീ. പി. കൃഷ്ണപ്രസാദ്: സർ, അങ്ങ് പറയുന്നത് ആ വിഷയത്തിൽ ഒരു ധാർമ്മിക പ്രശ്നം അടങ്ങിയിട്ടുണ്ടെന്നാണ്. അങ്ങ് അന്ന് ധനകാര്യ വകുപ്പുമന്ത്രിയായിരുന്നു. അന്നത്തെ മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരനും ശ്രീ. ടി.എച്ച്. മുസ്തഫയും കോടതിയുടെ മുമ്പിൽ എത്തിക്കഴിഞ്ഞു. അങ്ങ് വിശ്വസിക്കുന്നത് ശരിയായിരിക്കാം. അങ്ങ് സത്യസന്ധനുമായിരിക്കാം. പക്ഷേ പൊതുസമൂഹത്തെ ബോദ്ധ്യപ്പെടുത്തേണ്ടതുണ്ട്. നമ്മൾ ബോദ്ധ്യപ്പെട്ടാൽ മാത്രം പോരാ, ജനങ്ങളെ ബോദ്ധ്യപ്പെടുത്തുക കൂടി ചെയ്യണം. അതുകൊണ്ടുതന്നെ മുഖ്യമന്ത്രിയായിരിക്കുമ്പോൾ ആ കേസ് പിൻവലിക്കാൻ അങ്ങ് തന്നെ എടുത്ത തീരുമാനം, ഇപ്പോൾ ഒരു പ്രകോപനമായി പോയി എന്ന് അങ്ങുതന്നെ അംഗീകരിക്കുന്ന ആ സംഗതി പൊതുജനസമൂഹം അംഗീകരിക്കുമോ? അതിൽ ഒരു ധാർമ്മിക പ്രശ്നം ഉളുളടങ്ങുന്നില്ല. അതിനെക്കുറിച്ച് അങ്ങേയ്ക്ക് ഒന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: ശ്രീ. പി. കൃഷ്ണപ്രസാദ് പറഞ്ഞ ഒരു കാര്യത്തോട് ഞാൻ യോജിക്കുന്നു. പൊതുപ്രവർത്തകർ ശരി ചെയ്താൽ മാത്രം പോര. ശരിയാണെന്ന് ബോദ്ധ്യപ്പെടുത്തുകയും വേണം. ഞാൻ ഇടക്കാലത്ത് എൺപത് ദിവസം വനംവകുപ്പ് മന്ത്രിയായിരുന്നതിനുശേഷം എന്റെ പേരിൽ ഒരു ആരോപണം വന്നു. അന്ന് സി.പി.ഐ (എം).-ന്റെ പടക്കുതിരയാണ് ശ്രീ. എം.വി. രാഘവൻ. അദ്ദേഹമാണ് നിയമസഭയിൽ എനിക്കെതിരെ അഴിമതി ആരോപണം ഉന്നയിച്ചത്. ഞാൻ അത് നിഷേധിച്ചപ്പോൾ ചർച്ച വേണമെന്ന് പറഞ്ഞു. ഞാൻ ചർച്ചയ്ക്ക് സമ്മതിച്ചു. ചർച്ച നടത്തിക്കഴിഞ്ഞപ്പോൾ അന്വേഷണം വേണമെന്ന് പറഞ്ഞു. അന്ന് മുഖ്യമന്ത്രി കെ. കരുണാകരനാണ്. ഞാൻ ഇത് സംബന്ധിച്ച് ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടു. കെ. കരുണാകരൻ അത് എഗ്രി ചെയ്തു. കേരളത്തിൽ ഒരു ഹൈക്കോടതി സിറ്റിംഗ് ജഡ്ജി നടത്തിയ ഏറ്റവും ഒടുവിലത്തെ അന്വേഷണം അതാണ്. അന്ന് ചീഫ് ജസ്റ്റിസ് ആയിരുന്ന എസ്. സുബ്രഹ്മണ്യം പോറ്റി തന്ന ഒരു സിറ്റിംഗ് ജഡ്ജിയെക്കൊണ്ട് കക്കി തടിയിടപാട് കേസ് സംബന്ധിച്ച് അന്വേഷണം നടത്തി. സംഭവം എന്താണെന്ന് അറിയാമോ? ഞാൻ പ്രതിയായില്ലെന്ന് മാത്രമല്ല സാക്ഷിയായിട്ടുപോലും എന്നെ വിളിച്ചില്ല. കക്കി തടിയിടപാട്. കേസ് വേറെവഴിക്ക് പോയി. സി.പി.ഐ.(എം.). സി.പി.ഐ. തർക്കമായി മാറി. അങ്ങനെ പോയി ഈ കേസ്. ഞാൻ ശരി ചെയ്താൽ പോരാ. ശരിയാണെന്ന് മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്തുകയും വേണം. ഈ പാമോലിൻ കേസിൽ ഇതുവരെ ഞാൻ ചെയ്തത് ശരിയാണെന്ന് എനിക്ക് പൂർണ്ണമായി ബോദ്ധ്യപ്പെടുത്താൻ സാധിച്ചിരുന്നു. കാരണം ഇത് സംബന്ധിച്ച് ചർച്ച വരുന്നു. പ്രതിപക്ഷം എന്റെ പേര് പറയുന്നില്ല. കേസ് വരുന്നു. കേസിനകത്ത് ഉൾപ്പെടുത്തുന്നില്ല. ശ്രീ. വി.എസ് അച്ചുതാനന്ദൻ കോടതിയിൽ പോകുന്നു. എന്നെക്കുറിച്ച് പറയുന്നില്ല. ഇപ്പോൾ ശ്രീ. ടി.എച്ച്. മുസ്തഫയുടെ മറവിൽ നിങ്ങൾ അവിടെയും ഇവിടെയുമൊക്കെ ശബ്ദമുണ്ടാക്കിയ സാഹചര്യത്തിൽ ശ്രീ പി. കൃഷ്ണപ്രസാദ് പറഞ്ഞ അതേ തത്വം വച്ചുകൊണ്ട് ശ്രീ. കോടിയേരി ബാലകൃഷ്ണനോട് ഞാൻ അഭ്യർത്ഥിക്കുകയാണ് ഇതിന് ഏതെങ്കിലും സാദ്ധ്യതയുണ്ടോ എന്നുള്ളത് ഒന്ന് പരിശോധിക്കണം. അത് പരിശോധിച്ച് ഏതെങ്കിലും വിധത്തിൽ ഞാൻ അതുമായി ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ എന്നെ ഉൾപ്പെടുത്താൻ സാധിക്കുന്നതാണെങ്കിൽ ഉൾപ്പെടുത്തണം. അത് ശ്രീ. ടി.എച്ച് മുസ്തഫയുടെ പേര് പറഞ്ഞുവേണ്ട. കാരണം ശ്രീ. മുസ്തഫ പറഞ്ഞ കാര്യങ്ങൾ ഞാൻ എടുത്തിട്ടുള്ള ഒരു നിലപാടിന്റെ ഭാഗമാണെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. The Prosecution, who rightly did not find fault with the Finance Minister, അതായത് പ്രോസിക്യൂഷൻ ശരിയായ മാർഗ്ഗത്തിൽ കുറ്റവിമുക്തനാക്കിയ ശ്രീ. ഉമ്മൻ ചാണ്ടി. അതാണ് ശ്രീ. ടി. എച്ച്. മുസ്തഫ പറഞ്ഞിരിക്കുന്നത്. അതേസമയത്ത് has unjustly arrayed this Petitioner as 2nd Accused. എനിക്കുവേണ്ടി ഒരു ഔദാര്യവും ആരോടും ഞാൻ ചോദിക്കുന്നില്ല. പക്ഷേ ഏതെങ്കിലും വിധത്തിൽ തെറ്റുണ്ടെങ്കിൽ, തെറ്റ് കണ്ടെത്തുന്നെങ്കിൽ നിങ്ങൾ അത് സംബന്ധിച്ചുള്ള കാര്യങ്ങൾ തീരുമാനിക്കണം.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

യു.ഡി.എഫ്.-ന്റെ നേതാക്കളെ അപമാനിക്കാൻ ചില ശ്രമങ്ങൾ നടക്കുന്നുണ്ട്. പക്ഷേ നിങ്ങൾ ഒന്ന് മനസ്സിലാക്കണം. പൊതുപ്രവർത്തകരെ മുഴുവൻ അടച്ചാക്ഷേപിക്കുന്ന രീതിയിലുള്ള ചില ശ്രമങ്ങൾ നമ്മുടെ സിസ്റ്റത്തിന്റെ വിശ്വസനീയതയെത്തന്നെ തകർക്കും. തെറ്റു ചെയ്തവരോട് ഒരു ദയാദാക്ഷിണ്യവും വേണ്ട. ശക്തമായി മുമ്പോട്ടു പോകുക. ഒരു പ്രശ്നവുമില്ല. പക്ഷേ 15 കൊല്ലം മുമ്പുണ്ടായ ഒരു സംഭവത്തിന്റെ പേരിൽ ആരെങ്കിലും എന്തെങ്കിലും വെളിപ്പെടുത്തിയെന്ന് പറഞ്ഞുകൊണ്ട് നടപടികളുമായി മുമ്പോട്ടു പോകുന്നത് ശരിയാണോ? ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് ഞാൻ ചോദിക്കുന്നു. പതിനഞ്ചു കൊല്ലം മുമ്പ് നടന്ന സംഭവത്തെക്കുറിച്ചൊരാൾ വെളിപ്പെടുത്തൽ നടത്തിയപ്പോൾ അത് കേട്ടെഴുതിയ ഡിവൈ.എസ്.പി. കൊടുത്ത റിപ്പോർട്ടിന്റെ പേരിൽ നിങ്ങൾ ശ്രീ. കുഞ്ഞാലിക്കുട്ടിക്കെതിരെ കേസെടുക്കാൻ പറഞ്ഞു. ഞാൻ ചോദിക്കട്ടെ. ഇന്നലെ മാതൃഭൂമിയിൽ വന്നൊരു വാർത്ത. നിയമവിദ്യാർത്ഥിനിക്ക് നടുറോഡിൽ പീഡനം- കേസെടുക്കാതെ പോലീസ്. തിരുവനന്തപുരം നഗരത്തിൽ ഒരു ലാ കോളേജ് വിദ്യാർത്ഥിനിക്കുണ്ടായ അനുഭവം. വനിതാ പോലീസിൽ ചെന്നു പരാതിപ്പെട്ടപ്പോൾ ഇവിടെ പരാതി സ്വീകരിക്കുകയില്ലെന്ന് അവർ പറഞ്ഞു. പോലീസ് സ്റ്റേഷനിൽ ചെല്ലുന്നു. അവർ കേസ്സെടുക്കുന്നില്ല. സിറ്റി പോലീസ് കമ്മീഷണറെ കണ്ടു. അദ്ദേഹം ഇത് മ്യൂസിയം പോലീസ് സ്റ്റേഷനിലേയ്ക്ക് വിട്ടു. അവിടെ ചെന്നപ്പോൾ എന്താണ് ഉണ്ടായത്? പ്രതികളെ കൂടി വിളിച്ചിട്ട് കോംപ്രമൈസ് ചെയ്യാനൊരുങ്ങി. പൈസ കൊടുത്ത് തീർക്കാം എന്ന്. ഇത് തിരുവനന്തപുരം നഗരത്തിലുണ്ടായത് ഈ നാടിന് അപമാനകരമല്ലേ? ഞാൻ ഒരാളുടെയും പേരു പറയുന്നില്ല. ഇത് ശരിയാണോ? അങ്ങ് അന്വേഷിക്കണം. അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് നോക്കണം. ഇതിനെതിരെ ശക്തമായ നടപടിയെടുക്കണം. രാഷ്ട്രീയമായ ഒരു തണൽ ലഭിച്ചാൽ ആർക്കും എന്തുമാകാം എന്നു വരുന്നത് ഒട്ടും ഭൂഷണമല്ല. യു.ഡി.എഫിന് എതിരെ കത്തിക്കയറി എന്താണ് പറയുന്നത്. യു.ഡി.എഫിന്റെ നേതാക്കളൊക്കെ ജയിലിലേയ്ക്ക് പോകുകയാണ്. നിങ്ങൾ ഒന്നോർക്കണം. ശ്രീ. പിണറായി വിജയന്റെ കാര്യം ഞാൻ പറയാനിരുന്നതല്ല. അദ്ദേഹത്തിനെതിരെ കൊടുത്ത കേസ്. പ്രോസീക്യൂഷൻ സാങ്ഷൻ കൊടുത്തതിനെതിരെ. ഗവർണ്ണറുടെ നടപടിക്കെതിരെ കേസ് നടത്തുന്ന അസാധാരണമായ സംഭവമാണ് കേരളത്തിലുണ്ടായത്. ഇത് യു.ഡി.എഫ്. കൊടുത്ത മറുപടിയല്ല സി & എ.ജി. പറഞ്ഞതാണ്. വിജിലൻസിലെ അന്വേഷണത്തെക്കുറിച്ച് ഇന്നലെ അങ്ങ് പറഞ്ഞല്ലോ. എന്തെങ്കിലും വിധത്തിലുള്ള ഇടപെടലുണ്ടായോ? ഉണ്ടായില്ല. കേസ് സി.ബി.ഐ.-ക്ക് വിട്ടത് ശക്തമായിട്ടുള്ള പ്രതിഷേധം വന്ന സമയത്ത് ഗവൺമെന്റിന് ഒന്നും മറച്ചുവയ്ക്കാൻ ഇല്ല എന്നു കാണിക്കാൻ വേണ്ടിയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: സർ, രണ്ടു മിനിട്ടു കൂടി. അത് സി.ബി.ഐ. അന്ന് എടുത്തില്ല. കോടതിയിൽ വന്നതിൽ പിന്നെയാണ് ആ കേസ് എടുത്തത്. നിയമം നിയമത്തിന്റെ വഴിക്ക് പോകുന്നതിനു പകരം അത് രാഷ്ട്രീയമാക്കി. ബന്ദ് നടത്തി, അതുകഴിഞ്ഞ് ഇപ്പോൾ ഗവർണ്ണർക്കെതിരെ കേസു കൊടുത്തിരിക്കുകയാണ്. എന്നിട്ടാണ് നിങ്ങൾ ഞങ്ങളുടെ നേരെ വിരൽ ചൂണ്ടുന്നത്. ഞാൻ വീണ്ടും ആവർത്തിക്കുന്നു, തെറ്റ് ആരു ചെയ്താലും നിയമത്തിന്റെ മുമ്പിൽ വരണം. യാതൊരു സംശയവുമില്ല. നിയമം നിയമത്തിന്റെ വഴിക്ക് പോകണം. അതിനകത്ത് എനിക്ക് യാതൊരു കൺസഷനും വേണ്ട. ....(ബഹളം).....

ശ്രീ. ആനത്തലവട്ടം ആനന്ദൻ: പിന്നെ എന്തിനാണ് ശ്രീ. ബാലകൃഷ്ണ പിള്ളയെ സ്വീകരിക്കാൻ പോയത്?

ശ്രീ. ഉമ്മൻ ചാണ്ടി: ഞാൻ പോയില്ല. ....(ബഹളം).....

മി. സ്പീക്കർ: പ്ലീസ്... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്.....

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ നിർത്തുകയാണ്. നിയമന നിരോധനത്തിന്റെ പേരിൽ ഇന്നു മാവിലെ യു.ഡി.എഫിന്റെ കാലത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. 30th ഏപ്രിൽ 2000, ഈ പീരിയഡ് യു.ഡി.എഫ്. അല്ലല്ലോ ഭരിച്ചത്. Measures for non-development expenditure control, ഒന്നാമത്തെ വ്യവസ്ഥ, No new posts will be created in Government during the current financial year. If new posts in schools are found inevitable it should as far as possible be filled up by redeployment. ഇത് 2000-ലെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തു കൊണ്ടുവന്നതാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധി വന്നപ്പോൾ 2000-ൽ ഏർപ്പെടുത്തിയതാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, അങ്ങ് ഇന്ന് ഈ നിയമസഭയിൽ പറഞ്ഞത് നിർഭാഗ്യകരവും ഇവിടെത്തെ തൊഴിലില്ലാത്ത ചെറുപ്പക്കാരെ മുഴുവൻ വേദനിപ്പിച്ചതുമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വേണ്ട, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ബൈപാസ് ചെയ്യുകയാണ്. പിന്നെ എന്തിനാണ് 45 ലക്ഷം പേർ വർഷംതോറും പേരു പുതുക്കി അവിടെ കാത്തിരിക്കുന്നത്. ഈ ഗവൺമെന്റ് എല്ലാ രംഗത്തും പരാജയപ്പെട്ടിരിക്കുകയാണ്. പാർലമെന്റ് തെരഞ്ഞെടുപ്പിൽ തോറ്റു, പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ തോറ്റു. അപ്പോഴാണ് നാലേമുക്കാൽ കൊല്ലക്കാലം ഒന്നും ചെയ്യാത്ത ഗവൺമെന്റ് ഇപ്പോൾ കുറെ കേസുകളുമായി വന്നിരിക്കുന്നത്. കുറെ കേസുകൾ കുത്തിപ്പൊക്കികൊണ്ടുവന്നിരിക്കുകയാണ്. അതുകൊണ്ടും നിങ്ങൾ രക്ഷപ്പെടാൻ പോകുന്നില്ല. കേരളത്തിലെ ജനങ്ങൾ, അവരുടെ മനസ്സിലുണ്ട് തീരുമാനം. അത് നടപ്പിലാക്കും. യാതൊരു സംശയവുമില്ല. ഈ ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. കെ. എം. മാണിയും ശ്രീ. ആര്യാടൻ മുഹമ്മദും ഓരോ പോയിന്റ് ഓഫ് ഓർഡർ എഴുതിത്തന്നിട്ടുണ്ട്. അത് മിനിസ്റ്റർ നോക്കിയിട്ട് നാളെ മറുപടി പറയാമെന്നാണ് പറഞ്ഞിട്ടുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് .....(ബഹളം).....

മി. സ്പീക്കർ: യെസ്.... യെസ്... മന്ത്രി പരിശോധിച്ച് നാളെ പറയാമെന്ന് പറഞ്ഞിട്ടുണ്ട്. ശ്രീ. ആര്യാടൻ മുഹമ്മദ്.....

ഡോ. തോമസ് ഐസക്: നാളെ നമുക്ക് അത് ചർച്ച ചെയ്യാം. ഞാൻ വിവരം ശേഖരിച്ചോട്ടെ.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇന്നലെ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ചെയറിൽ ഇരിക്കുന്ന സമയത്ത് ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ റെയ്സ് ചെയ്തു. അതായത് ബഹുമാന്യനായ കേന്ദ്രമന്ത്രി വയലാർ രവി അതുപോലെ പരേതനായ കെ. കരുണാകരൻ ഇവരെക്കുറിച്ച് ഒരു ആരോപണമുന്നയിച്ചു. ശ്രീ. വർക്കല രാധാകൃഷ്ണൻ സ്പീക്കറായിരിക്കുന്ന സമയത്ത് ... (തടസ്സം)....

മി. സ്പീക്കർ: അങ്ങ് അത് ഇന്നലെ പറഞ്ഞതാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: അത് പരിശോധിച്ച് പറയാമെന്നു പറഞ്ഞു. പക്ഷെ അത് പത്രങ്ങളിൽ വന്നു. ഇന്നലെത്തന്നെ വേണ്ടതായിരുന്നു. അതിന്റെ റൂളിംഗ് ഇന്നെങ്കിലും തരണം.

മി. സ്പീക്കർ: ഇന്ന് തരാൻ കഴിയില്ല. നാളെ തരാം ***

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, ഇത്തരത്തിലൊരു ബഡ്ജറ്റ് അവതരിപ്പിക്കുന്നതിനുള്ള നിയമപരമായ അവകാശം എനിക്കുണ്ടെങ്കിലും ധാർമ്മികമായിട്ടുള്ള അവകാശത്തെ ചോദ്യം ചെയ്യരുത്. കഴിഞ്ഞ കാലങ്ങളിൽ യു.ഡി.എഫിലേതടക്കമുള്ള ധനകാര്യ വകുപ്പുമന്ത്രിമാർ ചെയ്തിരുന്നതിന്റെ അപ്പുറമൊന്നും ഞാൻ ചെയ്തിട്ടില്ല. ശ്രീ. വക്കം പുരുഷോത്തമൻ അവതരിപ്പിച്ച 2006-07-ലെ ബഡ്ജറ്റ് പോലെ മൂന്നു മാസത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ട് എടുത്തുപോകുകയല്ല ചെയ്തിട്ടുള്ളത്. വാർഷിക പദ്ധതിയടക്കമുള്ള ബഡ്ജറ്റാണ് അവതരിപ്പിച്ചത്. 195 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ പ്രസംഗമധ്യേ പ്രഖ്യാപിക്കുകയും ചെയ്തു. തീർന്നില്ല, ഞാൻ ചെയ്യാത്ത ഒരു കാര്യം കൂടി നിങ്ങൾ ചെയ്തു. 17 കോടി രൂപയുടെ അഡീഷണൽ റിസോഴ്സ് മൊബിലൈസേഷനും വച്ചു. അത്രയും ഞാൻ ചെയ്തില്ലല്ലോ. നമ്മുടെ കേരളത്തിലെ അതേ രീതി. ഈ സർക്കാർ അധികാരത്തിൽ വന്നു. നിങ്ങൾ അംഗീകരിച്ച് പ്ലാനിംഗ് കമ്മീഷനുംകൂടി അംഗീകരിച്ച പ്ലാനിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. എന്റെ ബഡ്ജറ്റ് പ്രസംഗത്തിൽ മൂന്നൂറു കോടി രൂപയിൽ താഴെ രൂപയുടെ അധികമായിട്ടുള്ള വികസന പ്രവർത്തനങ്ങൾ പ്രഖ്യാപിച്ചതൊഴിച്ചാൽ വേറെയൊരു മാറ്റവും വരുത്തിയില്ലല്ലോ. അങ്ങനെ സമയം കളയുന്നതിനു പകരം അടുത്ത പഞ്ചവൽസര പദ്ധതിയുണ്ടാക്കുന്നതിനുള്ള പണിയിലാണ് പോയത്. അപ്പോൾ ഇതിൽ പുതിയ കാര്യമില്ല. നമ്മുടെ നാട്ടിലെ രീതിയും അംഗീകൃത കീഴ്വഴക്കവും ഇതുതന്നെയാണ്. അതൊന്നും ലംഘിച്ചിട്ടില്ല. പക്ഷെ ഇവിടെ പ്രസംഗത്തിൽ പലരും പറഞ്ഞ ഒരു കാര്യം ഇങ്ങനെയൊരു ബഡ്ജറ്റ് നേരത്തെയാകണമായിരുന്നു. ഇപ്പോൾ പോകുന്ന പോക്കിൽ കൊണ്ടുവന്നു എന്നുള്ള മട്ടിലാണ്. നമ്മുടെ ഭരണമവസാനിക്കുന്നു. ഇനി പുതിയ സർക്കാർ വരുന്നു. ഇപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞതുപോലെ ഇങ്ങനെയാണെന്ന്

*** സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നില്ല. എന്നാൽ പുതിയ സർക്കാരാണല്ലോ. അപ്പോൾ ഇത്രയും വലിയ വാഗ്ദാനങ്ങൾ, കാഴ്ചപ്പാടുകൾ ഇന്നലെ വരെ പറയാതിരുന്നത് എല്ലാം പറയുന്നത് ശരിയാണോ എന്നുള്ളതാണ്. രണ്ടുകാര്യങ്ങളാണല്ലോ ഇതിൽ ഏറ്റവും മുഴച്ചു നിൽക്കുന്നത്. ഒന്ന് ഒരുകാലത്തും ഇല്ലാത്ത വിധത്തിലുള്ള ക്ഷേമപ്രവർത്തനങ്ങളുടെ പ്രഖ്യാപനം. രണ്ട്, പശ്ചാത്തലസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ. പ്രത്യേകിച്ചും റോഡുകൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഒരു പുതിയ പരിപാടി. കഴിഞ്ഞ 5 വർഷത്തെ ബഡ്ജറ്റ് എടുത്തുനോക്കൂ. ഇന്റെറിം ബഡ്ജറ്റ് മുതൽ ഇന്നുവരെയുള്ള അന്തർധാര കേരളത്തിലെ ജനങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുക എന്നുള്ളതാണ്. അത് നിങ്ങളുടെ കാലത്ത് ഉണ്ടായില്ല. നിങ്ങളുടെ കാലത്തെ ഭരണവും ഈ ഭരണവും തമ്മിലുള്ള ഏറ്റവും അടിസ്ഥാനപരമായ വ്യത്യാസമെന്നു പറയുന്നത് ജനങ്ങളുടെ ക്ഷേമവും അവരുടെ സുരക്ഷിതത്വവും വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നിരന്തരമായ പ്രവർത്തനമാണ്. എല്ലാവർഷവും പെൻഷൻ തുക 50 രൂപ വച്ച് കൂട്ടി. നവജാത ശിശുക്കളുടെ പേരിലുള്ള പതിനായിരം രൂപയുടെ ഡെപ്പോസിറ്റ് നേരത്തെ ഇല്ലാത്ത ഒരു സ്കീമാണ്. നിലവിലുള്ള സ്കീമുകൾ സംയോജിപ്പിച്ച് ഒരു സമഗ്ര പരിപാടി മുന്നോട്ടുവയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. രണ്ടാമത്തേത്, പശ്ചാത്തല സൗകര്യങ്ങൾ. രണ്ടാം വർഷം പുതിയ റോഡുകളുടെ നിർമ്മാണത്തിനായി എല്ലാ എം.എൽ.എ.മാർക്കും ബഡ്ജറ്റിൽ പറഞ്ഞതിനപ്പുറം ഒരു കോടി രൂപ വീതം അനുവദിച്ചു. രണ്ടാം വർഷം പറഞ്ഞത് രണ്ടു കോടി രൂപയുടേതാകാം. മൂന്നാം വർഷം 15 കോടി രൂപ മിനിമം. 5,000 കോടി രൂപയുടെ സ്റ്റിമുലസ് പാക്കേജ്. ഇതിന് മുൻകാലത്തില്ലാത്ത ഒരു തുടർച്ചയുണ്ട്. ഈ അഞ്ച് വർഷം എടുക്കുകയാണെങ്കിൽ ഓരോ വർഷവും അനുക്രമമായി കേരളത്തിന്റെ ഇന്നത്തെ പശ്ചാത്തല സൗകര്യ പ്രതിസന്ധിയെ മറികടക്കാനുള്ള പരിപാടിയിലേയ്ക്ക് നീങ്ങുകയാണ്. അതുകൊണ്ട് ഇതിന് ഒരു തുടർച്ചയുണ്ട്. ഈ സർക്കാർ 5 വർഷം തുടർന്നുവന്ന നയങ്ങൾ ഇനിയും മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞാൽ കേരളം എങ്ങനെ മാറും എന്നുള്ളതിന്റെ ഒരു വിഷൻ ഈ ബഡ്ജറ്റിലുണ്ട്. അതാണ് പ്രതിപക്ഷത്തെ വളരെയേറെ അലോസരപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. അതിൽ വന്ന ഒരു വിമർശനം കാർഷിക മേഖലയെ അവഗണിച്ചിരിക്കുകയാണ് എന്നാണ്. അത് പലരും എടുത്തു പറഞ്ഞു. എന്റെ പ്രസംഗത്തിൽ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിശോധിക്കുമ്പോൾ ചെലവഴിച്ചു കാണില്ല, പക്ഷേ കണക്കുകൾ പറയാം. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ കൃഷി, മാർക്കറ്റിംഗ്, വെയർഹൗസിംഗ് ഇതെല്ലാംകൂടി ചേർത്ത് 361 കോടി രൂപ. ഈ വർഷത്തെ ബഡ്ജറ്റിൽ 546 കോടി രൂപ. വർദ്ധനവ് 51 ശതമാനം. മൃഗപരിപാലനത്തിന് കഴിഞ്ഞ വർഷം 122 കോടി രൂപ. ഈ വർഷം 157 കോടി രൂപ. 28 ശതമാനമാണ് വർദ്ധനവ്. ഫിഷറീസിന് കഴിഞ്ഞ വർഷം 103 കോടി രൂപ. ഈ വർഷം 149 കോടി രൂപ. 44 ശതമാനമാണ് വർദ്ധനവ്. ഇറിഗേഷൻ 12 ശതമാനം കൂടി. ഇതാണ് കണക്ക്. കാർഷിക വളർച്ചയുടെ കണക്കുകൾ ഇന്ന് കാലത്തും ചർച്ച ചെയ്തതാണ്. കേരളത്തിന്റെ സാമ്പത്തിക വികസന ചരിത്രത്തിൽ വലിയൊരു സംവാദം നടന്നു. 1970 മുതൽ ഏതാണ്ട് 1985–1986 വരെ

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ കാർഷിക വളർച്ച ഏതാണ്ട് പൂജ്യമായിരുന്നു. ഭൂപരിഷ്ക്കരണം കഴിഞ്ഞ് കേരളത്തിൽ എങ്ങനെയാണ് കാർഷിക തകർച്ച വന്നത് എന്നത് വലിയൊരു തലവേദനയായിരുന്നു. 1980-കളുടെ അവസാനം എത്തിയപ്പോഴാണ് ഇതിന് വെളിപാടുണ്ടായത്. വിശദീകരണം എന്താണെന്നു വച്ചാൽ ഭൂപരിഷ്ക്കരണത്തെത്തുടർന്ന് സ്വന്തമായി ഭൂമി കിട്ടിക്കഴിഞ്ഞപ്പോൾ അവരുടെ മാറ്റം വളരെ വേഗത്തിലായി. അതിന്റെ ഫലമായി നേരത്തെയുള്ള നെല്ലുൽപ്പാദനമില്ല. ഇപ്പോൾ നട്ടിരിക്കുന്ന തെങ്ങും മറ്റും ഉൽപ്പാദം എടുക്കുന്നതിന് അഞ്ചോ ആറോ വർഷമെടുക്കും. ഈ അന്തരാളഘട്ടം കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും പതുക്കെ കൃഷി വളരുന്ന കാലമാണ്. എന്നാൽ 1985-86 മുതൽ ആഗോള വിലത്തകർച്ച വരുന്നതുവരെ, 2000 വരെയുള്ള കാലമെടുത്താൽ കേരളത്തിലെ കൃഷി വളർന്നത് 5 ശതമാനമാണ്. എന്നാൽ ആഗോള വൽക്കരണത്തിന്റെ ഭാഗമായുണ്ടായ വിലത്തകർച്ച നിക്ഷേപത്തെ എതിരായി ബാധിച്ചു. തെങ്ങ് കൃഷിക്ക് ആരെങ്കിലും പരിഗണന കൊടുക്കുന്നുണ്ടോ? റീ പ്ലാന്റിംഗ് നിർത്തി വച്ചു. 2004 മുതൽ കാർഷിക ഉൽപ്പന്നങ്ങൾക്ക് വില കൂടി. എങ്കിലും ഈ അഞ്ചുവർഷക്കാലത്തെ കെടുതികൾ ഇപ്പോഴാണ് കാണുന്നത്. എന്നാൽ 2004 മുതൽ ഉൽപ്പാദനം വന്നു തുടങ്ങി. ഇനിയുള്ള വർഷങ്ങൾ നോക്കിയാൽ മതി. ഇതാണ് യാഥാർത്ഥ്യം.

ശ്രീ. കെ.എം. മാണി: ഞങ്ങൾ ഉന്നയിച്ച പ്രധാനപ്പെട്ട പ്രശ്നം യു.ഡി. എഫ്. ഗവൺമെന്റിന്റെ 2005-2006-ലെ അവസാന ബഡ്ജറ്റ് കാലഘട്ടത്തിൽ കാർഷിക മേഖലയിലെ വളർച്ചാനിരക്ക് 3.5 ശതമാനമായിരുന്നത് ഇപ്പോൾ 0.25 ശതമാനത്തിലേയ്ക്ക് അധഃപതി ച്ചിരിക്കുന്നു.

ഡോ. തോമസ് ഐസക്: അതിനുള്ള കാരണവും ഞാൻ പറഞ്ഞു. വളർച്ചാനിരക്ക് നോക്കേണ്ടത് മുൻവർഷം കൂടിയത് വച്ചി ട്ടല്ല. മുൻവർഷം മൈനസ് ആണെങ്കിൽ ചെറിയ വർദ്ധനവ് വന്നുകഴിഞ്ഞാൽ വലിയ വാർഷിക വർദ്ധനവായി തോന്നും. ഈ കണക്ക് ഞാൻ പറഞ്ഞത് കേരളത്തിന്റെ വിലത്തകർച്ചയുടെ ഈ കാലഘട്ടം എടുത്താൽ ഈ പറഞ്ഞ തോതിൽ വളരെ മുരടിച്ചാണ് കൃഷി നിൽക്കുന്നത്. ഇനി ഏത് സർക്കാർ വന്നാലും അടുത്ത വിലത്തകർച്ച വരുന്നതുവരെ കേരളം കുതിക്കും. ആസിയാൻ കരാർ ചെയ്യുന്നത് നമ്മുടെ നാട്ടിലെ വിളകളേയും അന്തർദ്ദേശീയ വിളകളേയും സംയോജിപ്പിക്കും. നേരത്തെ വിദേശത്ത് വിലയിടിഞ്ഞാലും നമ്മുടെ നാട്ടിൽ വിലയിടിയില്ല. എന്നാൽ ഇറക്കുമതി നിയന്ത്രണങ്ങൾ സ്വതന്ത്രമാകുന്നതോടു കൂടി അവിടെ വില കുറയുമ്പോൾ ഇവിടെയും വില കുറയും. 1994-ൽ ആഗോള കരാർ ഒപ്പിട്ടതിനു ശേഷം 1999 വരെ നല്ല വില വന്നപ്പോൾ എന്തൊക്കെ പറഞ്ഞു. 1999 മുതൽ 2004 വരെ ഇവിടെ എന്താണ് സംഭവിച്ചത്? നിങ്ങൾ റബ്ബർ കൃഷിക്കാരുടെ വക്താവായി നിൽക്കുന്നവരല്ലേ? ഇങ്ങനെയൊരു കാലം വരും എന്ന് മനസ്സിലാക്കിക്കൊണ്ട് അതിനെ പ്രതിരോധിക്കാൻ എന്തുചെയ്യണം എന്നാണ് പറയേണ്ടത്. അല്ലാതെ ഞങ്ങളെ കളിയാക്കുകയല്ല വേണ്ടത്. പിന്നെ മറ്റൊരു കാര്യം പറഞ്ഞു. ഇല്ലാത്ത കമ്പനിയിൽനിന്ന് പണം വന്ന് എങ്ങനെ റോഡ് പണിയുമെന്ന് ചോദിച്ചു. കഴിഞ്ഞ സർക്കാരിന്റെ ആദ്യത്തെ സമ്മേളനത്തിൽതന്നെ റോഡ് ഫണ്ട് ആക്ട് എന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു നിയമം പാസ്സാക്കി. ആ ആക്ടിൽ മോട്ടർ വെഹിക്കിൾസ് ടാക്സിന്റെ 10 ശതമാനം റോഡ് ഫണ്ട് ബോർഡിന് നൽകും. അങ്ങനെ റോഡ് ഫണ്ട് ബോർഡിന് വരുമാനം നിശ്ചിതമായിട്ടുള്ളപ്പോൾ വായ്പയെടുത്ത് കാര്യങ്ങൾ ചെയ്യും. പക്ഷേ നിങ്ങൾ അഞ്ചുവർഷക്കാലം എന്താണ് ചെയ്തത്? 5 വർഷത്തെ ബഡ്ജറ്റിലും പത്തു പൈസ റോഡ് ഫണ്ട് ബോർഡിന് വച്ചില്ല. പിന്നെ 10 കോടി രൂപ വർഷാവസാനമാകുമ്പോഴേയ്ക്കും പി.ഡബ്ല്യു.ഡി. പിടിച്ചു വാങ്ങും. ഇപ്പോൾ ഇതിന്റെ വലിയ ഒരു രൂപമുണ്ട്. 10 ശതമാനമല്ല. മോട്ടാർ വെഹിക്കിൾസ് ടാക്സിന്റെ 50 ശതമാനം. ഇതിൽ ഒരു മാറ്റം വരുത്തി എസ്ക്രൂ അക്കൗണ്ടിൽ വന്നു. ഇതിന് അവസാന രൂപം നൽകുന്നതിനുവേണ്ടി കൽക്കത്ത ഐ.എം.എ.യിൽനിന്നും നമ്മുടെ സുഹൃത്തുക്കൾ വന്നിരുന്നു. ഡൽഹിലുള്ളവരുമായി ഇതിന്റെ ചർച്ചകൾ നടത്തിയപ്പോൾ ഇൻഫ്രാസ്ട്രക്ച്ചർ ടേംസിൽ റോഡ് ഫണ്ട് ബോർഡിന് പൈസ കിട്ടില്ല. കാരണം വിശ്വാസ്യതയില്ല. നിയമം പാസ്സാക്കിയിട്ട് നടപ്പാക്കിയില്ല. ഈ സർക്കാരിന് 5 വർഷത്തേയ്ക്ക് 10 ശതമാനം പൂർണ്ണമായും കൊടുത്തിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പണം കൊടുത്തിട്ടില്ല. അത് പുറത്തുള്ളവരെ ബോദ്ധ്യപ്പെടുത്തണം. മന്ത്രി മാറി വന്നാലും നിയമപ്രകാരം എസ്ക്രൂ അക്കൗണ്ടിലേയ്ക്ക് പോകും. രണ്ടാമതൊന്നുണ്ട്, റോഡ് ഫണ്ട് ബോർഡ് ഇതുവരെ വായ്പയെടുത്തിട്ടില്ല. സർക്കാരിന് വർഷംതോറും കിട്ടുന്ന പണം കൊണ്ട് ആന്യുവിറ്റി കൊടുക്കുകയോ എന്തെങ്കിലും വികസന പ്രവർത്തനങ്ങൾ നടത്തുകയോ മാത്രമേ ചെയ്യുന്നുള്ളൂ. ശ്രീ. ചിദംബരം ഇവിടെ വന്നപ്പോൾ നിങ്ങളുടെ വികസന സെമിനാറിന്റെ വേദിയിൽ വച്ച് ഞാൻ ഈ മോഡലിനെക്കുറിച്ച് പറഞ്ഞു. അപ്പോൾ അദ്ദേഹത്തിന്റെ പ്രതികരണം ഞങ്ങളുടെ നഹായ് അങ്ങനെയാണെന്നാണ്. പെട്രോളിന് റോഡ് ടാക്സുണ്ട്. നിയമപ്രകാരം സംസ്ഥാനങ്ങൾക്കുള്ള റോഡ് ടാക്സിൽ സെൻട്രൽ റോഡ് ഫണ്ട് ബോർഡിന് കൊടുക്കേണ്ട തുകയൊഴിച്ചാൽ ബാക്കി മുഴുവൻ നഹായ്-ലേക്കാണ് പോകുന്നത്. ഞാൻ അപ്പോൾ അദ്ദേഹത്തോട് ചോദിച്ചു. നിങ്ങൾ എന്തിനാണ് ഈ ബി.ഒ.ടി.ക്ക് പോകുന്നത്. ഇത്ര മണ്ടൻമാരല്ലാതെ വരുമാനം ഗവൺമെന്റ് ഓഫ് ഇൻഡ്യയിൽ നിന്നുണ്ടെങ്കിൽ നഹായിൽനിന്നും വായ്പയെടുത്ത് ദേശീയ പാത പണിതുകൂടേ എന്ന്. ശ്രീ. വി.എം. സുധീരൻ കേന്ദ്രത്തോട് ചോദിക്കേണ്ട ചോദ്യമാണിത്. അദ്ദേഹത്തിനെതിരെ നടപടിയെടുക്കുന്നതിനെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യുന്നുണ്ടല്ലോ? ആ നിങ്ങൾ ബി.ഒ.ടി. യല്ലാതെ, ടോൾ പിരിവ് പരിപാടിയില്ലാതെ റോഡ് പണിയുന്നതിന് ആൾട്ടർനേറ്റീവ് ഉണ്ടെന്ന് കാണിക്കുകയാണ്. എന്തായാലും റോഡ് പണിയണമല്ലോ. ഇത് മോശമെങ്കിൽ വേറെ എന്തെങ്കിലും പരിപാടി നിങ്ങൾ പറഞ്ഞുതരൂ.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഞങ്ങളുടെ പരിപാടി സമയം വരുമ്പോൾ ഞങ്ങൾ വിശദീകരിക്കാം. രണ്ടാമതൊരു കാര്യം, അങ്ങ് ഞങ്ങൾ ചെയ്ത കാര്യങ്ങൾ അങ്ങയുടേത് ആക്കുകയല്ലേ? നെടുമ്പാശ്ശേരി എയർപോർട്ടും എറണാകുളത്തെ സ്റ്റേഡിയവും ഞങ്ങൾ ഇങ്ങനെയല്ലേ ചെയ്തത്? അതിൽനിന്നല്ലേ അങ്ങ് ഇത് പഠിച്ചത്. എന്നിട്ട് ഇത് അങ്ങയുടേത് ആക്കുകയാണോ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക്: ശരി. ശരി. very good. ഇവിടെയും ടി.വി. ചാനലിലും നടന്ന ചർച്ച മുഴുവൻ ഈ സഭയിലുള്ളവരെല്ലാം കേട്ടതാണ്. ഇത് നടപ്പാക്കാൻ പറ്റാത്ത പരിപാടിയാണ്, മലർപ്പൊടിക്കാരന്റെ സ്വപ്നം. അങ്ങനെ എന്തൊക്കെയാണ് പറഞ്ഞുകൂട്ടിയത്. എന്താണ് ഇപ്പോൾ മിണ്ടാത്തത്?

ശ്രീ. കെ. എം. മാണി: സർ, എന്റെ ഓർമ്മ, അമൃതാ ടി.വി.യിൽ അങ്ങ് ജനിക്കാത്ത കുഞ്ഞ് എന്നുപറഞ്ഞല്ലോ. ഇസ്ലാമിക് ബാങ്ക് നിലവിൽ വരണമെങ്കിൽ നടപടിക്രമങ്ങൾ വച്ച് ഒരു വർഷമെങ്കിലും എടുക്കും. അപ്പോൾ ഒരു വർഷം കഴിഞ്ഞ് ഉണ്ടാകാൻ പോകുന്ന ഒരു കുഞ്ഞിന്റെ ജാതകം അല്ലെ അങ്ങ് ഇപ്പോൾ എഴുതിയിരിക്കുന്നത്?

ഡോ. തോമസ് ഐസക്: ഞാൻ ഇതുവരെ ഇസ്ലാമിക് ബാങ്കിനെപ്പറ്റി വല്ലതും പറഞ്ഞോ? അത് ഇല്ലെങ്കിലും പ്രശ്നമില്ല. അപ്പോൾ നമ്മൾ പറഞ്ഞത് എന്താണെന്നറിയാമോ?

ശ്രീ. കെ.എം. മാണി: നാൽപ്പതിനായിരം കോടി രൂപ വേണ്ട സ്ഥാനത്ത് നിങ്ങൾ ആകെ ഇതിനകത്ത് വകയിരുത്തിയിരിക്കുന്നത് ആയിരം കോടി രൂപയാണ്. അപ്പോൾ മുപ്പത്തിയൊമ്പതിനായിരം കോടി രൂപ വെള്ളത്തിലാണ്.

ഡോ. തോമസ് ഐസക്: രാമായണം മുഴുവൻ പറഞ്ഞുകഴിഞ്ഞിട്ട് അവസാനം രാമനാരാണ് എന്നു ചോദിച്ചാൽ ഞാൻ എങ്ങനെയാണ് വിശദീകരിക്കുന്നത്. ഞാൻ പറഞ്ഞത് ഇപ്പോൾ റോഡ് ഫണ്ട് ബോർഡിനും മറ്റും പത്തു ശതമാനമെന്നു വച്ചിരിക്കുന്നത് അമ്പതുശതമാനമാക്കണം. എന്നു വച്ചാൽ ഈ വർഷം ഇത് നടപ്പിലാക്കിയിരുന്നെങ്കിൽ രണ്ടുപേർക്കുംകൂടി 500 കോടി രൂപ കിട്ടും, അടുത്തവർഷം 550 കോടി രൂപ കിട്ടും. മൂന്നാം വർഷം 620 കോടി രൂപ, നാലാം വർഷം 700 കോടി രൂപ, ഇങ്ങനെ കൂടികൊണ്ടിരിക്കും. നിങ്ങളെ മനസ്സിലാക്കിക്കാൻ വലിയ പ്രയാസമാണ്. നിങ്ങൾക്ക് future flow of income D-v, B future flow of income നിങ്ങൾ ഇന്ന് ക്യാപ്പിറ്റലൈസ് ചെയ്യുകയാണ്. ഇതാണ് നഹായ്. ഞാൻ ശ്രീ. ചിദംബരത്തിന്റെ പേര് പറഞ്ഞത്. നിങ്ങൾക്ക് ഞങ്ങളെ വിശ്വാസമില്ലെങ്കിൽ ഇങ്ങനെ അവിടേയും ചെയ്യാൻ നോക്കിയിട്ടുണ്ടെന്ന് പറഞ്ഞതാണ്. പക്ഷെ പ്രശ്നമെന്താണെന്നു വച്ചാൽ നഹായ് വായ്പയെടുക്കില്ല, അതിനുപകരം ബി.ഒ.ടി.-ക്ക് കൊടുക്കും, ഇവിടെ അതല്ല ചെയ്യാൻ പോകുന്നത്. ഇത്തരത്തിൽ എസ്ക്രൂ അക്കൗണ്ട് വഴി ഉറപ്പുവരുത്തിയിട്ട് ഈ രണ്ടു സ്ഥാപനങ്ങൾ ബോണ്ടുവയ്ക്കും. അല്ലെങ്കിൽ കേരളത്തിലുള്ളവർ വിദേശത്തുള്ളവരോട് ചോദിക്കും. അങ്ങനെ പണം കണ്ടെത്താൻ ഒരു പ്രയാസവുമില്ല. കാരണം പണം കൊടുക്കുന്നവർക്ക് വരുമാനമുണ്ടാകുമെന്നുള്ളത് ഗ്യാരന്റീഡ് അല്ലേ.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: അങ്ങ് ഇവിടെ പറഞ്ഞ കാര്യത്തെക്കുറിച്ച് സംശയിക്കേണ്ടിവരുന്നത് ഇതുപോലെ കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ച സമയത്ത് 3000 കോടി രൂപ ഡാമുകളിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

പുഴകളിൽനിന്നും മണലെടുത്ത് സമാഹരിക്കുമെന്ന് അങ്ങ് ഈ സഭയിൽ വളരെ ശക്തമായി തറപ്പിച്ച് ഉറപ്പിച്ച് പറഞ്ഞതാണ്. അത് വിജയിപ്പിച്ച് എടുക്കാൻ കഴിയാത്ത ഒരു അനുഭവം മുമ്പിലുള്ളതുകൊണ്ടാണ് ഈ സംശയം വരുന്നത്.

ഡോ. തോമസ് ഐസക്: വിജയിപ്പിച്ച വേറെ എന്തൊക്കെ കാര്യങ്ങൾ ചെയ്തിരിക്കുന്നു. ചില കാര്യങ്ങൾ നമ്മൾ വിചാരിച്ച സ്പീഡിൽ പോകുകയില്ല. എന്താണ് ഈ അൽ-ബറാക്ക്. ഇങ്ങനെ ഒരു ധനകാര്യസ്ഥാപനം കേരളത്തിൽ സർക്കാരിനും കൂടി പിന്തുണ നൽകിവരുന്നുണ്ട്. ഗൾഫിലായാലും ലോകത്തായാലും മതവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ പലിശ വാങ്ങുന്നതിന് വിഷമമുള്ള ഒരുപാട് മനുഷ്യരുണ്ട്. അവർക്ക് രണ്ടു കാര്യങ്ങൾ വേണം. കൊടുക്കുന്ന പണം കിട്ടണം. അതിന്റെ ലാഭവിഹിതവും കിട്ടണം. ഇവിടെ നമ്മുടെ ഈ മോഡലിന് തിരിച്ചുകിട്ടുമെന്നുള്ള ഉറപ്പ് സർക്കാർ കൊടുക്കുന്നുണ്ട്. എങ്ങനെ ലാഭവിഹിതം വരുത്തും? അതാണ് ഞാൻ പറഞ്ഞത് ചെയ്യുന്ന പണിക്ക് സർക്കാർ രണ്ടു സ്ഥാപനങ്ങൾക്കും സർവ്വീസ് ചാർജ് കൊടുത്താൽ അത് അവരുടെ വരുമാന മാകും, ലാഭവുമാകും. ലാഭത്തിന്റെ വിഹിതം കൊടുക്കാനും പറ്റും. ഇത് ഇല്ലെങ്കിലോ പ്രശ്നമില്ല. ഇത് നടക്കുന്ന മോഡലാണ്. അടുത്ത വേറൊരു പ്രശ്നം, ഇനി രണ്ടു മൂന്നു ദിവസമുള്ളതുകൊണ്ട് ബാക്കി ധനകാര്യം പല സമയത്തായി എടുക്കാം. ഉമ്മൻ ചാണ്ടി സാർ പറഞ്ഞ പാമോയിലിന്റെ പ്രശ്നത്തിലേക്ക് വരാനുണ്ട്. ധനമന്ത്രിയായിരുന്നപ്പോൾ ചെയ്തതാണല്ലോ? ഇപ്പോൾ ധനമന്ത്രിയായ എനിക്കും ചിലത് പറയാനുണ്ട്. ശ്രീ. വി.ഡി. സതീശൻ പറഞ്ഞ ഒരു കാര്യത്തെക്കുറിച്ച് പരാമർശിക്കാതെ വയ്യ. ധനക്കമ്മി കൂടിയാലെന്ത്, ഭയങ്കരമായ വിലക്കയറ്റം ഉണ്ടാകുമെന്നു പറഞ്ഞു. എന്റെ കീഴിൽ രണ്ടു കുട്ടികൾ ഈ വിഷയത്തെക്കുറിച്ച് പി.എച്ച്.ഡി. ചെയ്തിട്ടുണ്ട്. പിനാക്കി ചക്രവർത്തിയും ലേഖാ ചക്രവർത്തിയും National Institute of Public Finance and Policy-Â പ്രൊഫസറന്മാരാണ്. Centre for Development Studies-ൽ ഇവരുടെ രണ്ട് തടിയൻ തിസീസുകളുണ്ട്. അവർ ലാശുശരമഹ ആയിട്ട് ഇൻഡ്യയിലെ ഡെഫിസിറ്റും പലിശനിരക്കും തമ്മിൽ വല്ല സ്റ്റാറ്റിസ്റ്റിക്കൽ ബന്ധവും ഉണ്ടോയെന്ന് നോക്കിയിട്ട്, ഇല്ല എന്നു പറയുന്നു. വിലക്കയറ്റം ഉണ്ടാകുന്നത് ഈ പലിശ കൂടുന്നതുകൊണ്ടാണ്. അതുകൊണ്ട് ഞാൻ അതിലേയ്ക്ക് കൂടുതൽ കടക്കുന്നില്ല.

ശ്രീ. വി.ഡി. സതീശൻ: ധനക്കമ്മി കൂടുന്നത് inflationary pressure വർദ്ധിപ്പിക്കും എന്നൊരു സ്റ്റാന്റ് നേരത്തെ മുതലുണ്ട്. അങ്ങ് രണ്ടു കുട്ടികളുടെ കാര്യമാണ് പറഞ്ഞത്. പരിചയ സമ്പന്നരും അനുഭവ സമ്പന്നരുമായ സാമ്പത്തിക ശാസ്ത്രജ്ഞൻമാരുടെ വിശകലനമാണ് അത്. ഞാൻ ഈ പറയുന്ന നിലപാട് സിപിഎം. പോളിറ്റ് ബ്യൂറോ അംഗമായ ശ്രീ. സീതാറാം യച്ചൂരി കേന്ദ്ര ബഡ്ജറ്റിനെക്കുറിച്ച് അനലൈസ് ചെയ്ത് സംസാരിച്ചതിൽ വളരെ വ്യക്തമായി പറഞ്ഞ് കേട്ടിട്ടുള്ളതാണ്. അതാണ് ഞാൻ ചോദിച്ചത്. അവിടത്തെ നയവും ഇവിടത്തെ നയവും തമ്മിൽ വ്യത്യാസമുണ്ടാകാൻ കാരണമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക്: ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി പ്രസംഗം തുടങ്ങിയത് ഞാൻ പറയുന്ന വാക്ക് പാലിക്കുന്നില്ല എന്നു പറഞ്ഞു കൊണ്ടാണ്. അതിന് തെളിവെന്താണ്? ആദ്യത്തെ ബഡ്ജറ്റിൽ മിച്ചം വയ്ക്കുന്നത് മോശമെന്നു പറഞ്ഞിട്ടുണ്ട്. അത് മോശമാണെന്ന് ഇവിടെ പറയുക മാത്രമല്ല, ആ പ്രസംഗം കഴിഞ്ഞിട്ട് ലോക്സഭയിൽ ശ്രീ. ചിദംബരത്തിന്റെ പ്രസംഗത്തിന് മറുപടി പറഞ്ഞുകൊണ്ട് why do the states not spent? എന്നുപറഞ്ഞ് ഒരു സാമാന്യം വലിയ പ്രബന്ധമെഴുതി തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തു. എന്റെ നിലപാട് ഇതുതന്നെയാണ്. പിന്നെന്തിനാണ് കഴിഞ്ഞവർഷം മൂവായിരം കോടി രൂപ മിച്ചമുണ്ടാക്കിക്കൊണ്ടുവന്നത്. അയ്യായിരം കോടി രൂപ റോഡിന് അനുവാദം കൊടുത്തിരിക്കുകയാണ്. അത് ഈ വർഷം ഉണ്ടാകുന്ന വരുമാനത്തിൽനിന്ന് മിച്ചം ഉണ്ടാക്കാൻ പറ്റില്ല. 2200 കോടി രൂപയുടെ നോൺപ്ലാൻ ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ ചെലവഴിച്ചിട്ടുണ്ട് എന്ന് നിങ്ങൾക്ക് കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് നോക്കിയാൽ കാണാൻ പറ്റും.

ശ്രീ. സി.പി. മുഹമ്മദ്: പലിശക്ക് പകരം സർവ്വീസ് ചാർജ് കൊടുത്താൽ സമ്മതിക്കുമെന്നു പറഞ്ഞു. അൽബറാക്കിന്റെ പ്രതിനിധികളിൽ ആരെങ്കിലുമായി ചർച്ച നടത്തിയിട്ടുണ്ടോ? പലിശയെന്നു പറയുന്നതും കച്ചവടം ചെയ്യാതെ അതിൽനിന്ന് സർവ്വീസ് ചാർജ് വാങ്ങുന്നതും ഒന്നുതന്നെയാണ്. മാർജ്ജാരനും പൂച്ചയും ഒന്നുതന്നെയെന്നു പറയുന്നതുപോലെ. അത് ശരിയാണോ? അവരുമായി ചർച്ച നടത്തിയിട്ടുണ്ടോ?

[2.00 P.M]

ഡോ. തോമസ് ഐസക്: ഗാന്ധിജി യൂണിവേഴ്സിറ്റിയിൽ പലിശരഹിത ധനകാര്യസ്ഥാപനങ്ങൾക്കുള്ള പി.എച്ച്.ഡി. തീസിസ്സാണിത്. ഇത് ക്യാഷ് മാനേജുമെന്റിന്റെ പ്രശ്നമാണ്. ഈ വർഷം വലിയ തോതിൽ റോഡിനൊക്കെ പേമെന്റ് കൊടുക്കേണ്ടിവരുമെന്ന് എനിക്കറിയാം. കഴിഞ്ഞ വർഷം കുറച്ച് മിച്ചം ഉണ്ട് എന്ന് പറഞ്ഞ് അത് ആ വർഷം തന്നെ ചെലവഴിച്ചു കഴിഞ്ഞാൽ ഈ വർഷം ട്രഷറി പൂട്ടും. അതുകൊണ്ട് കഴിഞ്ഞ വർഷം ശരിക്ക് പരിശ്രമിച്ച് മൂവായിരത്തിൽ ചില്വാനം കോടി രൂപ ഈ വർഷത്തേയ്ക്ക് കൊണ്ടുവന്നു. ഈ വർഷം കൊണ്ടുവന്നു കഴിഞ്ഞപ്പോൾ ഇവിടെ ക്യാപ്പിറ്റൽ എക്സ്പെന്റിച്ചറിനെക്കുറിച്ച് പറഞ്ഞല്ലോ? എനിക്ക് വലിയ തമാശ തോന്നി. പതിനായിത്തിൽ ചില്വാനം കോടി രൂപയാണ് ബഡ്ജറ്റിൽ വച്ചത്. ഇപ്പോൾ ചെലവ് രണ്ടായിരത്തിൽ ചില്വാനം കോടി രൂപയേ ഉള്ളൂ. എന്തിനാണ് മാണി സാറെ ഇങ്ങനെയൊക്കെ ചോദിക്കുന്നത്. അങ്ങേയ്ക്ക് ഇതിനെക്കുറിച്ച് ധാരണയില്ലാത്തതുകൊണ്ടല്ലല്ലോ. ഓവർറോൾ ക്യാപ്പിറ്റൽ എക്സ്പെന്റിച്ചർ വയ്ക്കുമ്പോൾ ആ പറഞ്ഞ ഫിഗറിൽ ദൈനംദിനം റിസർവ്വ് ബാങ്കിൽ നിന്ന് വായ്പ എടുക്കുന്നത് തിരിച്ച് അടയ്ക്കാനുള്ളതുകൂടി വകയിരുത്തും. ഈ വർഷം ഒറ്റ ദിവസംപോലും റിസർവ് ബാങ്കിൽ നിന്ന് വായ്പ എടുക്കേണ്ടിവന്നില്ല. ഇനി എടുക്കേണ്ടി വരുമെന്ന് ഞങ്ങൾ ചിന്തിക്കുന്നുമില്ല. അതുകൊണ്ട് എന്ത് ചെയ്തു, റിവൈസ്ഡ് എസ്റ്റിമേറ്റ് ഉണ്ടാക്കിയപ്പോൾ പതിനായിരത്തിൽ ചില്വാനം എന്നു പറയുന്നത് രണ്ടായിരത്തിൽ ചില്വാനം കുറച്ചുവച്ചു. അത്രയേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: സർ, ഡോ: തോമസ് ഐസക് ഇങ്ങനെ പറയരുത്. ഞാൻ പറഞ്ഞത് നിങ്ങൾ ബി.ഇ.യിൽ 17330 ക്യാപ്പിറ്റൽ എക്സ്പെന്റിച്ചർ കണ്ടെത്തുമെന്നു പറഞ്ഞു. ക്യാപ്പിറ്റൽ എക്സ്പെന്റിച്ചർ നടത്തിയിട്ടുള്ളത് 7676 മാത്രമേയുള്ളു. നിങ്ങൾ ഈ പറയുന്നതുപോലെ ആനവണ്ണത്തിലൊന്നും ക്യാപ്പിറ്റൽ എക്സ്പെന്റിച്ചറിൽ ഉണ്ടായിട്ടില്ല. ഇതേ പുസ്തകത്തിൽ തന്നെ കേന്ദ്രത്തിലേയ്ക്ക് ഡിസ്ചാർജ് ഓഫ് ഇന്ററസ്റ്റ് ഡെബ്റ്റ് പതിനോരായിരം കോടി കൊടുക്കുമെന്നാണ് പറഞ്ഞിരുന്നത്. കൊടുത്തത് 3379. Repayment of loans to centre. 671 കോടി കൊടുക്കേണ്ടിടത്ത് 305 കോടിയേ കൊടുത്തുള്ളു.

ഡോ. തോമസ് ഐസക്: ഞാൻ സുല്ല് പറയുകയെന്നല്ലാതെ എങ്ങനെയാണ് വിശദീകരിക്കുക. പതിനാലായിരം കോടി രൂപ എന്നു പറയുന്നത് നമ്മൾ ആക്ച്വലായിട്ട് റോഡ് പണിയാൻ വേണ്ട ക്യാപ്പിറ്റൽ എക്സ്പെന്റിച്ചറും നാട്ടിൽ കൊടുക്കുന്ന വായ്പയും മാത്രമല്ല. കേന്ദ്ര സർക്കാരിൽ നിന്ന്, റിസർവ് ബാങ്കിൽ നിന്ന് അത്യാവശ്യം എല്ലാ സർക്കാരുകളും പകുതി ദിവസമെങ്കിലും വായ്പയെടുക്കും. എടുക്കുന്ന വായ്പ തിരിച്ചു കൊടുക്കണം. അത് തിരിച്ചു കൊടുക്കാൻവേണ്ടി വകയിരുത്തിയതാണ്. എന്നാൽ ഈ വർഷം ഒരു ദിവസംപോലും വായ്പ വാങ്ങാതിരുന്നതുകൊണ്ട് ചെലവാക്കിയില്ല. സർ, അതിന് അങ്ങ് എന്നെ കളിയാക്കുന്നതിനു പകരം അഭിനന്ദിക്കുകയല്ലേ വേണ്ടത്? ഉമ്മൻ ചാണ്ടി സാറെ, അങ്ങു പറഞ്ഞു 7000 കോടി രൂപ ശമ്പളത്തിനുവേണം. അതിന് 2500 കോടി രൂപയേ വച്ചിട്ടുള്ളു എന്ന്. അങ്ങ് ഇത് എങ്ങനെയാണ് പറയുന്നത്? 7000 കോടി രൂപ എന്നു പറയുന്നത് അരിയേഴ്സ് അടക്കമാണ്. നമ്മൾ അരിയേഴ്സ് കൊടുക്കാറുണ്ടോ? അത് പി.എഫ്.ൽ ലയിപ്പിക്കുകയല്ലേ ചെയ്യുന്നത്? അപ്പോൾ ഞാൻ എന്തിന് 7000 കോടി രൂപ വകയിരുത്തണം. അഡീഷണൽ ശമ്പളം ആക്ച്വൽ ക്യാഷ് ഔട്ട് ഓഫ് ട്രഷറി ആയി വരുന്നത് ശമ്പളവും പെൻഷനുംകൂടി 2500 കോടി രൂപയാണ്. അത് വകയിരുത്തിയിട്ടുണ്ട്. ബാക്കി അരിയേഴ്സ് ഞാൻ എന്തിന് വകയിരുത്തണം. അത് പി.എഫ്.ൽ ലയിപ്പിക്കാൻ പോവുകയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ്: അങ്ങ് പറഞ്ഞു, 3000 കോടി രൂപ ട്രഷറി മിച്ചം വന്നു എന്ന്. വാസ്തവത്തിൽ 5000 കോടി രൂപ ചെലവാക്കുകയാണ്. അതൊരു വലിയ ഗുണമായിട്ടാണല്ലോ പറഞ്ഞത്. ആ മിച്ചത്തിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത്. ഞങ്ങളുടെ കാലത്ത് മിച്ചം വന്നത് കടം വാങ്ങിയിട്ടാണ്. ഇപ്പോൾ കടം എത്രയാണ്? 7800 കോടി രൂപ. 7800 കോടി രൂപ കടം വരുത്തിയിട്ടാണ് അവിടെ മിച്ചം വച്ചിട്ടുള്ളത്. അദ്ദേഹം പറഞ്ഞത് തന്നെയാണ് ശരി.

ഡോ. ടി. എം. തോമസ് ഐസക്: സർക്കാർ മാറുന്നതിനനുസരിച്ച് കൂടുതൽ കടം എടുക്കാൻ പറ്റില്ല. നിങ്ങൾ ഭരിക്കുമ്പോഴും ഞങ്ങൾ ഭരിക്കുമ്പോഴും കേന്ദ്ര സർക്കാർ ആഭ്യന്തര വരുമാനത്തിന്റെ മൂന്ന് ശതമാനം വായ്പ എടുക്കാനേ അനുവദിക്കുകയുള്ളു. അതുകൊണ്ട് ഇതൊക്കെ അർത്ഥമില്ലാത്ത

കാര്യങ്ങളാണ്. ഞാൻ ഒരു കാര്യത്തിൽ മാത്രമേ ഇപ്പോൾ പ്രതികരിക്കുന്നുള്ളൂ. അങ്ങ് പലവട്ടം പറയുന്നത് കേട്ടു. നിങ്ങളും ഞാനും തമ്മിൽ ഇക്കാര്യത്തിൽ കാഴ്ചപ്പാടിൽ വ്യത്യാസമുണ്ട്. ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ പരിപാടി എന്നു പറയുന്നത് ഇരുപതിന പരിപാടി പോലെ പതിനാറ് പന്ത്രണ്ട് ഇനം പരിപാടിയല്ല. ഇത് കേരളത്തിന്റെ വികസനത്തെ ക്കുറിച്ച് അദ്ദേഹം വച്ച വളരെ പ്രധാനപ്പെട്ട കാഴ്ചപ്പാടാണ്. എന്താണ് കാഴ്ചപ്പാടിന്റെ മർമ്മം? അദ്ദേഹം പറഞ്ഞു കേരളത്തിലെ പരമ്പരാഗതമായ വ്യവസായങ്ങൾ അല്ലെങ്കിൽ കെമിക്കൽ ഇൻഡസ്ട്രീസ്, ഊർജ്ജസാന്ദ്രമായിട്ടുള്ള വ്യവസായങ്ങൾ ഇതിൽ നിന്ന് കോർ കോമ്പീറ്റൻസുള്ള മേഖലകളിലേയ്ക്ക് കേരളം മാറണം. പഴയ പരിപാടിയും പറഞ്ഞ് ഇരുന്നാൽ പറ്റില്ല. കോർ കോമ്പീറ്റൻസുള്ളത് എന്താണ്? വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ, സേവനപ്രധാനമായ വ്യവസായങ്ങൾ, സ്കിൽ ബേസ്ഡ് ഇൻഡസ്ട്രീസ്, ടൂറിസം, ഐ.ടി. ഇതെല്ലാമാണ്. ഇത് വേണമെന്നുണ്ടെങ്കിൽ നിങ്ങൾ ഇൻഫ്രാസ്ട്രക്ച്ചറിൽ ഇൻവെസ്റ്റ് ചെയ്യണം. സ്കിൽ ഡെവലപ്മെന്റിൽ ഇൻവെസ്റ്റ് ചെയ്യണം. ഈ കാഴ്ചപ്പാടാണ് നടപ്പിലാക്കിയിട്ടുള്ളത്. 2005-06-ൽ വ്യവസായത്തിന് 201 കോടി രൂപ. 2009-10-ൽ കഴിഞ്ഞ വർഷത്തേത് 347 കോടി രൂപ. ഇപ്പുറത്ത് എസ്റ്റിമേറ്റ് ഇതിനെക്കാളും കൂടും. ഐ.റ്റി. 18 കോടി രൂപ, 2005-06-ൽ ടൂറിസത്തിന് 15 കോടി രൂപ അന്ന് 86 കോടി രൂപ ഇന്ന് 120 കോടി രൂപ. ഇപ്പോൾ ഇതിനുള്ള പശ്ചാത്തല സൗകര്യം ഒരുക്കാൻവേണ്ടി ഈ രീതിയിൽ എന്നെങ്കിലും പണം മുടക്കിയിട്ടുണ്ടോ? ഉന്നത വിദ്യാഭ്യാസ മേഖലയിൽ കഴിഞ്ഞ സർക്കാർ അധികാരത്തിൽ വരുമ്പോൾ നോൺ പ്ലാൻ എക്സ്പെന്റിച്ചർ 710 കോടി രൂപ. നിങ്ങൾ അധികാരത്തിൽ നിന്ന് ഇറങ്ങുമ്പോൾ 790 കോടി രൂപ. ഞങ്ങൾ 2250 കോടി രൂപയുടെ ബഡ്ജറ്റാണ് വയ്ക്കുന്നത്. ഇതാണ് സ്കിൽ ഡെവലപ്മെന്റ്, ഇതാണ് ഡോ. എ. പി. ജെ. അബ്ദുൾ കലാം പറഞ്ഞ കേരളം.

ശ്രീ. ഉമ്മൻ ചാണ്ടി: ഇതിനകത്ത് യു.ജി.സി. ഇംപ്ലിമെന്റേഷനുവേണ്ടി വന്നിട്ടുള്ള ആ വലിയ എക്സ്പെന്റിച്ചർ കൂടി കൂട്ടിയാണ് പറയുന്നത്. ഐ.ടി., ടൂറിസം, ഹയർ എഡ്യൂക്കേഷൻ ഇതിലെല്ലാം നാചറൽ ഗ്രോത്തല്ല വേണ്ടത്. സാധാരണയിൽ കവിഞ്ഞ ആനുപാതികം വിട്ടിട്ടുള്ള ഒരു ഗ്രോത്താണ് നമുക്കാവശ്യം ദേശീയ ജലപാതയുടെ കാര്യത്തിൽ നമ്മൾ കാട്ടിയത് കടുത്ത വീഴ്ചയല്ലേ?

ഡോ. ടി. എം. തോമസ് ഐസക്: ദേശീയ ജലപാതയുടെ നിർവ്വഹണം മെച്ചപ്പെടാനുണ്ട്. അനുക്രമമായ വളർച്ചയല്ല വേണ്ടതെന്ന് പറഞ്ഞു. വെരി ഗുഡ്. അതുകൊണ്ടാണ് 500-600 കോടി രൂപ റോഡിനും പാലത്തിനും പാർക്കുകൾക്കുമെല്ലാം ചെലവഴിച്ചിരുന്നത് 5000 കോടി ആക്കി മാറ്റിയത്. അതാണ് ഇന്ന് 40,000 വേണമെന്ന് പറയുന്നത്. ഇത് ജനപരിപാടിയായി ഡോ. അബ്ദുൾ കലാം പറഞ്ഞു. കേരളത്തിന്റെ വികസനത്തിനുവേണ്ടിയുള്ള ആ കാഴ്ചപ്പാട് അനുസരിച്ചുതന്നെയാണ് സർക്കാർ പ്രവർത്തിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: ഈ സഭയിൽ അങ്ങയുടെ അനുവാദത്തോടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ ചോദിച്ച കാര്യങ്ങളാണ്. അതായത് ബഡ്ജറ്റിൽ ആംനസ്റ്റി 227. 'The revenue from plywood sector has increased from Rs.5.4 crore... എന്ന് വളരെ വ്യക്തമായി സി ഫോമിൽ പറഞ്ഞിരിക്കുകയാണ്. കള്ളത്തരത്തിൽ സി ഫോം അച്ചടിച്ച് കാൾ മോഷ്ടിച്ച വരെ സഹായിക്കില്ലായെന്ന് അങ്ങ് ഇവിടെ വാക്ക് പറഞ്ഞതാണ്. പെരുമ്പാവൂർ പോയി ഈ കൊള്ളക്കാരുമായി ചർച്ച ചെയ്തത് ശരിയല്ലെന്ന് ഞാൻ അങ്ങയോട് പറഞ്ഞപ്പോൾ ഒരു കാരണവശാലും വിട്ടുവീഴ്ച കാണിക്കില്ലെന്ന് പറഞ്ഞിട്ട് ഈ കള്ള സി ഫോം അച്ചടിച്ച് സർക്കാരിനെ കബളിപ്പിച്ചവരെ സഹായിക്കാൻവേണ്ടി ഒരു സ്കീം അങ്ങ് ഉണ്ടാക്കിയത് ശരിയാണോ? എനിക്ക് അക്കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ട്.

ഡോ. തോമസ് ഐസക്: ഇത് എത്ര ആയിരം പേർ പണിയെടുക്കുന്ന ഒരു വ്യവസായമാണ്. ആ മുതലാളിമാരെ മുഴുവൻ അറസ്റ്റ് ചെയ്ത് ജയിലിൽ ഇടാൻ പോയാൽ, അവർ തരുന്ന നികുതിയുടെയും പലിശയുടെയും ഇരട്ടി മേടിക്കാൻ പോയാൽ ആ വ്യവസായത്തിന്റെ ഗതി എന്താകുമെന്ന് എനിക്ക് സംശയമാണ്. എനിക്ക് മാത്രമല്ല, യു.ഡി.എഫ്. കൺവീനർ ശ്രീ. പി.പി. തങ്കച്ചൻ രണ്ട് വട്ടം എനിക്ക് കത്ത് എഴുതിയിട്ടുണ്ട്. ഈ ബഡ്ജറ്റ് അവതരിപ്പിക്കാൻ വരുന്നതിന് തൊട്ട് മുമ്പ് ഡോക്ടർ അതിലല്ല എന്നു ചോദിച്ചു. അപ്പോൾ ഞാൻ പറഞ്ഞു എന്നെ അവസാനം കള്ളനെന്ന് വിളിക്കാൻ ഇടവരുത്തരുത് എന്ന്. അദ്ദേഹം ഉറപ്പുതന്നിട്ടാണ്. കേരള കോൺഗ്രസ് അടക്കം മുഴുവൻ രാഷ്ട്രീയ പാർട്ടികളും അവിടെ നിൽക്കുകയാണ്. അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ നമുക്കു മാറ്റാം. പ്രശ്നമൊന്നുമില്ല. പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടി സാർ പറഞ്ഞാൽ ഇപ്പോൾ ഞാൻ അത് പിൻവലിക്കാം. മുയലിനൊപ്പം ഓടുകയും വേട്ടപ്പട്ടിക്കൊപ്പം കുരയ്ക്കുകയും ചെയ്യുന്ന ഏർപ്പാട് ശരിയല്ല. .....(ബഹളം).....

ശ്രീ. പി. സി. ജോർജ്: ഒറ്റ കാര്യം അങ്ങ് സമ്മതിക്കണം. കള്ളത്തരത്തിൽ സി ഫോം അച്ചടിക്കുന്നത് തെറ്റാണ്, അത് ക്ഷമിക്കുന്നു എന്നാണോ? അതുപോലെ മറ്റ് നടപടികൾ ക്ഷമിക്കുവാനുള്ള സന്മനസ്സ് അങ്ങ് പ്രകടിപ്പിക്കുമോ?

ഡോ. തോമസ് ഐസക്: ക്ഷമിക്കുകയല്ലാതെ എന്ത് ചെയ്യാനാണ്? അവർ മുഴുവൻ പേരും ഉണ്ട്. അവിടെ ഇല്ലാത്ത ഒരു ആളുമില്ല. കൊല്ലത്തെ കശുവണ്ടി മുതലാളിമാരെ മുഴുവൻ പേരെയും അറസ്റ്റ് ചെയ്യാൻ കഴിയുമോ? ചെയ്യാം. നിയമപ്രകാരം ചെയ്തെ പറ്റൂ. നിയമപ്രകാരം ഇവിടെ അസംബ്ലിയിൽ കൊണ്ടുവന്ന് ചെയ്യേണ്ടി വരും. ചെയ്തു കഴിഞ്ഞാലും എനിക്ക് ഉറപ്പുണ്ട്, ഇത് എ.ജി. ഒബ്ജക്ട് ചെയ്യും. കശുവണ്ടി ഇപ്പോൾത്തന്നെ ഒബ്ജക്ടഡ് ആണ്. നമ്മൾ നിയമം ഉണ്ടാക്കുന്നു. ഇതിന്റെ ഉദ്ദേശം, ലെജിസ്ലേറ്റീവ് ഇന്റൻഷൻ മനസ്സിലാക്കി പ്രവർത്തിക്കുന്നു അത്ര തന്നെ.

ശ്രീ. ആര്യാടൻ മുഹമ്മദ്: കശുവണ്ടി മുതലാളിമാർക്ക് ചെയ്തതുപോലെ ഈ സംസ്ഥാനത്ത് സർക്കാരിൽനിന്ന് നികുതി വെട്ടിക്കാൻ വേണ്ടി കള്ള രേഖയുണ്ടാക്കി ക്രിമിനൽ കുറ്റം ചെയ്ത ആളുകളെ രക്ഷിക്കുന്നത് അങ്ങയുടെ കാലത്തല്ലാതെ ഏതെങ്കിലും ഒരു അനുഭവം പറയാമോ?

ഡോ. തോമസ് ഐസക്: ആര്യാടൻ സാറേ, ഞാൻ ഉമ്മൻ ചാണ്ടി സാറിനോട് ചോദിച്ചു, ഉമ്മൻ ചാണ്ടി സാർ ശബ്ദം ഉയർത്തി ഇത് വേണോ എന്ന് ചോദിച്ചാൽ ഞാൻ പിൻവലിച്ചേക്കാം. ഞാൻ ഉമ്മൻ ചാണ്ടി സാറിനോടാണ് പറഞ്ഞത്. അപ്പോൾ അത് അവിടെ നിൽക്കട്ടെ. ഒരുപാട് കാര്യങ്ങൾ ഈ ബഡ്ജറ്റിൽ പുതുതായി പ്രഖ്യാപിക്കുകയുണ്ടായി. എങ്കിലും പല് മെമ്പറന്മാരും അവർ നേരത്തേ പറഞ്ഞത് പലതും വന്നില്ല എന്ന് ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്. എഴുതി തന്നിട്ടുണ്ട്.

ശ്രീ. വർക്കല കഹാർ: സർ, പുതിയ പല കാര്യങ്ങളും പല മെമ്പറന്മാരും ആവശ്യപ്പെട്ടിരുന്നു എന്ന് അങ്ങ് പറഞ്ഞു. ദീർഘകാലം ഈ സഭയിലെ അംഗമായിരുന്ന, ഈ സഭയിൽ സ്പീക്കറായിരുന്ന വർക്കല രാധാകൃഷ്ണന് ഒരു സ്മാരകം ഉണ്ടാക്കണമെന്നാവശ്യപ്പെട്ട് ഞാൻ ഒരു സബ്മിഷൻ തന്നതിന് ഗവൺമെന്റ് ഉറപ്പ് തന്നിരുന്നു. അദ്ദേഹത്തിന് ഒരു സ്മാരകം ഉണ്ടാക്കുന്ന കാര്യംകൂടി ഈ നിർദ്ദേശങ്ങളിൽ ഉൾക്കൊള്ളിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഡോ. തോമസ് ഐസക്: എന്നാൽ അവിടെ നിന്ന് ആരംഭിക്കാം. വർക്കല രാധാകൃഷ്ണന്റെ പേരിൽ വർക്കലയിൽ ഏത് സ്കൂൾ വേണമെന്ന് തീരുമാനിക്കാം. അങ്ങനെ ചെയ്യാൻ കഴിയും. .....(ബഹളം)..... ദയവു ചെയ്ത് ഇന്റർപ്പ് ചെയ്യരുത്. വർക്കലയിൽ മുൻ സ്പീക്കർ വർക്കല രാധാകൃഷ്ണന്റെ സ്മാരകം, തിരുവനന്തപുരത്ത് ആർ. ശങ്കർ പ്രതിമ, കാസർഗോഡ് നിരഞ്ജർ ട്രസ്റ്റ്, മയ്യനാട് കേശവൻ സ്മാരകം, പെരുമ്പാവൂർ പി. കെ. വി. ട്രസ്റ്റ്, കോട്ടയത്ത് കൊട്ടാരത്തിൽ ശങ്കുണ്ണി സ്മാരകം, ഒ.എൻ.വി. കാവ്യ ഗ്രാമം ഇവയ്ക്ക് പത്തുലക്ഷം രൂപ വീതം അനുവദിക്കുന്നു. ഇപ്പോൾത്തന്നെ അൺ അലോക്കേറ്റഡ് പ്ലാനിൽ ഒരു കോടി രൂപ സ്മാരകങ്ങൾക്ക് നീക്കി വച്ചിട്ടുണ്ട്. അതിലായിരിക്കും ഇതൊക്കെ ഉൾക്കൊള്ളിക്കുന്നത്. അതുകൊണ്ട് അഡീഷണൽ എക്സ്പെന്റിച്ചർ വരുന്നില്ല. പരിസ്ഥിതിയുമായി ബന്ധപ്പെട്ട് ഗാന്ധി സ്മാരക ഗ്രാമ സേവാ സമിതിയുടെ സീറോ ബഡ്ജറ്റ് കൃഷിയെക്കുറിച്ച് വലിയ പ്രചരണ പരിപാടിയും ഏർപ്പാടും അവർ നടത്തുന്നുണ്ട്. അവർക്ക് ബഡ്ജറ്റിൽ എസ്.ഡി.ജി.യിൽ പണം വയ്ക്കാമെന്ന് പറഞ്ഞിരുന്നു. എന്നാൽ എ.എസ്. കൊടുക്കുന്നതുകൊണ്ട് പണം വയ്ക്കാൻ കഴിഞ്ഞില്ല. അവർക്ക് ഇതിനായി 25 ലക്ഷം രൂപ, അവിടെ ശുദ്ധജല തടാകത്തിന്റെ ഒരു സ്കീം തയ്യാറാക്കിയിട്ടുണ്ട്, അതിനു വേണ്ട പണം, മേപ്പയൂർ കാർഷിക പ്രോജക്ടിന്റെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. ദൗർഭാഗ്യവശാൽ എസ്.ഡി.ജി.യിൽ ഇല്ല. അവർക്ക് വലിയ ബുദ്ധിമുട്ടായിട്ടുണ്ട്. ഈ മുന്നെണ്ണത്തിന് ഹരിത ഫണ്ടിൽനിന്ന് അഡീഷണൽ എക്സ്പെന്റിച്ചറില്ലാതെ പണം ലഭ്യമാക്കുന്നതാണ്. ഇതിനു പുറമേ ഇപ്പോൾ പൊതുമരാമത്തിന്റെ മേജർ ഡിസ്ട്രിക്ട് റോഡ്സ്, സ്റ്റേറ്റ് ഹൈവേയ്ക്കുള്ള അഡീഷണൽ അലോക്കേഷൻ ലാപ്സായി വച്ചിരിക്കുകയാണ്. ഇതുപയോഗപ്പെടുത്തി മണ്ണാർക്കാട് ബൈപ്പാസ്, നാദാപുരം ബൈപ്പാസ്, പെരുമ്പിലാവ്-നിലമ്പൂർ കെ.എസ്.ടി.പി., മേഴ്സി കോളേജ്-ഒലവക്കോട് റോഡ് ഇതൊക്കെ ഏഴും അഞ്ചും കോടി രൂപ ചെലവ് വരുന്നതാണ്. കുഴൽമന്ദം-മുണ്ടൂർ റോഡ്, അന്നശ്ശേരി-ചീക്കിലോട്-നന്മണ്ട

LIBRARY ARCHIVES Kerala Legislative Assembly

റോഡ്, കോരപ്പുഴയ്ക്ക് കുറുകെ പാലം, നെട്ടൂർ-കടവന്ത്ര പാലം എന്നിവയ്ക്ക് അൺ അലോക്കേറ്റഡ് ഫണ്ടിൽ നിന്ന് തുക ലഭ്യമാക്കുന്നതാണ്. ഡെൽഹി ഇന്ത്യ ക്ലബ്ബിന് എന്തുകൊണ്ട് കേരളം പണം നൽകി എന്നുള്ള സംശയം ചിലർ ഉന്നയിക്കുന്നുണ്ട്. അവരുടെ കെട്ടിടമെല്ലാം പുതുക്കി പണിയുന്നതിനു വേണ്ടി ഇന്ത്യയിലെ എല്ലാ പ്രധാനപ്പെട്ട സംസ്ഥാനങ്ങളും ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഏതാണ്ട് അഞ്ചാറ് സംസ്ഥാനങ്ങൾ നൽകിക്കഴിഞ്ഞു. ബാക്കിയുള്ളത് നൽകുമെന്ന് പറയുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് ആ തുക അവർക്കു വേണ്ടി വകയിരുത്തിയത്.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): മുഖ്യമന്ത്രിക്ക് ന്യൂഡൽഹിയിലെ കേരളാ പ്രസ് ക്ലബ് ഒരു നിവേദനം കൊടുത്തതിന്റെ കോപ്പി എനിക്കും തന്നിട്ടുണ്ട്. കേരള പ്രസ് ക്ലബ്ബ്, ന്യൂഡൽഹി ആവശ്യപ്പെട്ടിരുന്നു. അവർക്ക് കൊടുക്കാതെ ഇവർക്ക് കൊടുത്തത് ശരിയല്ല.

ഡോ. തോമസ് ഐസക്: കേരളത്തിലെ ഏതെങ്കിലും പ്രസ് ക്ലബ്ബ് അല്ലെങ്കിൽ കേരളത്തിനു പുറത്ത് മലയാളികളുടെ ഏതെങ്കിലും പ്രസ് ക്ലബ്ബ് ഒരു ആവശ്യം ഉന്നയിച്ചിട്ട് നോ എന്ന് ഞാൻ പറഞ്ഞിട്ടില്ല. ഈ പറയുന്നത് ഇന്നേവരെ ഞാൻ കണ്ടിട്ടില്ല. .....(ബഹളം)..... അങ്ങയുടെ അവതരണം വേണ്ട, ഞാൻ കൊടുക്കുവാൻ പോകുകയാണ്. കൊല്ലം പ്രസ് ക്ലബ്ബ്, ന്യൂഡൽഹി കേരളാ പ്രസ് ക്ലബ്ബ് എന്നിവയ്ക്ക് പതിനഞ്ച് ലക്ഷം രൂപ വീതവും ആലപ്പുഴ പ്രസ് ക്ലബ്ബിന് അഞ്ച് ലക്ഷം രൂപയും അനുവദിക്കുന്നു. പ്രാദേശിക പത്ര പ്രതിനിധികൾക്കു വേണ്ടിയുള്ള ക്ഷേമനിധി ആരംഭിക്കുന്നതാണ്. ന്യൂസ് പേപ്പർ എംപ്ലോയീസിന്റെ (നോൺ ജേർണലിസ്റ്റ്) പെൻഷൻ തുക ഉയർത്തുന്നതാണ്. 2500 രൂപയായിട്ട് ഉയർത്തുന്നതിനു വേണ്ടിയുള്ള തീരുമാനമുണ്ടെങ്കിൽ അത്, അതിൽ കുറവാണെങ്കിൽ അങ്ങനെ. ഇടുക്കി ഗ്രീൻ ഫീൽഡ് എയർ പോർട്ട് പ്ലാനിൽ ഉള്ളതാണ്. അതിന്റെ പണി ആരംഭിക്കുന്നതാണ്. ഇവിടെ സ്പോർട്സിന് വേണ്ടി നീക്കിവച്ചിരിക്കുന്ന ഫണ്ടിൽ ചാലക്കുടിയിലെ ഇൻഡോർ സ്റ്റേഡിയം പണി കൂടി ഉൾപ്പെടുത്തുന്നതാണ്. കൊടുവള്ളി, ചാത്തന്നൂർ, കൂത്തുപറമ്പ്, കുന്നത്തൂർ എന്നിവിടങ്ങളിൽ ഐ.ടി. പാർക്ക് അനുവദിക്കുന്നതാണ്. ബി.എസ്.എം.ഒ. കോളേജ്, കാട്ടാക്കട ക്രിസ്ത്യൻ കോളേജ്, കൊന്നി എസ്.എൻ. കോളേജ് എന്നിവിടങ്ങളിൽ ഓരോ പുതിയ കോഴ്സുകൾ കൂടി അനുവദിക്കുന്നതാണ്.

ശ്രീ. വി. ശിവൻകുട്ടി: നായനാർ ഫുട്ബാൾ ടൂർണമെന്റ് കണ്ണൂരിനേയും ജി.വി. രാജാ ഫുട്ബാൾ ടൂർണമെന്റ് .....

ഡോ. തോമസ് ഐസക്: നോ.....നോ..... ഏകാദ്ധ്യാപക വിദ്യാലയങ്ങളെക്കുറിച്ച് ഇവിടെ ചില പ്രശ്നങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ..... (ബഹളം)..... കേന്ദ്ര ഫണ്ടിനുള്ള പ്രതിസന്ധിയെക്കുറിച്ച് പറഞ്ഞു. അത് ഫയൽ പരിശോധിച്ച് സംരക്ഷിക്കുവാനുള്ള നടപടി സ്വീകരിക്കും. എസ്.സി. ലംപ്സംഗ്രാന്റ് 25 ശതമാനം വർദ്ധിപ്പിക്കുന്നതാണ്. ഇന്നത്തെ ചർച്ചയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചില ഗൗരവമായിട്ടുള്ള പ്രശ്നങ്ങൾ ഉന്നയിക്കുകയുണ്ടായി. .....(ബഹളം)..... ആ രീതിയിൽ ഓരോന്നിനും അൺ

LIBRARY ARCHIVES Kerala Legislative Assembly

അലോക്കേറ്റഡ് ഫണ്ടിൽനിന്ന് കൊടുക്കുന്നതിന് അഡീഷണൽ എക്സ്പെൻഡിച്ചർ ഇല്ല. ലംപ്സം ഗ്രാന്റിനും ബാക്കിയുള്ളതിനും നയം തീരുമാനിച്ചിരിക്കുകയാണ്. അത് പരിശോധിച്ച് തീരുമാനിക്കേണ്ടതാണ്. .....(ബഹളം).....

മി. സ്പീക്കർ: ധനകാര്യ വകുപ്പുമന്ത്രി, പോയിന്റ് ഓഫ് ഓർഡർ...

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, പോയിന്റ് ഓഫ് ഓർഡർ. റൂൾ 139 അനുസരിച്ച് ആന്യുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റാണ് ഇപ്പോൾ അങ്ങ് അവസാനമായി ഇവിടെ വയ്ക്കുന്നത്. ആദ്യം വച്ചു. അതിൽ ചില ആൾട്ടറേഷൻസൊക്കെ വരുത്തണം. പല കാലങ്ങളിലും ഇതുപോലെ അനൗൺസ്മെന്റ് ഉണ്ടാകാറുണ്ട്. പക്ഷെ ഇന്നതിന് ഇത്ര ചെലവ് വരും അഡീഷണൽ റിസോഴ്സ് മൊബിലൈസേഷൻ ഉണ്ടെങ്കിൽ ഓരോന്നിനും എമൗണ്ട് ഇത്ര, ബാക്കി എമൗണ്ട് ഇത്ര, ക്ലോസിംഗ് ബാലൻസ് ഇത്ര, കമ്മി ഇത്ര, മിച്ചമാണെങ്കിൽ മിച്ചം ഇത്ര എന്ന് ധനകാര്യ മന്ത്രിമാർ കുറിച്ച് വരും. പാർലമെന്റിലാണെങ്കിലും നിയമസഭയിലാണെങ്കിലും എല്ലാ കാലത്തും നടക്കുന്നതും അതാണ്. അത് റൂൾ 139 കവർ ചെയ്യുന്നതുമാണ്. .....(ബഹളം).....നോ.....നോ..... കുറച്ച് ക്ഷമിക്കൂ. അദ്ദേഹം എനിക്കനുവദിച്ച സമയമാണ്. അതുകൊണ്ട് റൂൾ 139 അനുസരിച്ച് അവസാനം വരുമ്പോൾ മിച്ചം ഇത്ര, കമ്മി ഇത്ര എന്നുള്ള ഫിഗർ പറയണം. അതിന് അൺ അലോക്കേറ്റഡ് എന്നൊരു സമ്പ്രദായം ഇല്ല. അതിൽ എത്ര വച്ചിട്ടുണ്ട് എന്ന് പറയണം. .....(ബഹളം).....

ഡോ. തോമസ് ഐസക്: ഇങ്ങനെ പ്രസംഗിച്ചു പോയാലോ. ഞാൻ ഇനിമേൽ പ്രതിപക്ഷ നേതാവിനല്ലാതെ വേറെ ആർക്കും വഴങ്ങാൻ ഉദ്ദേശിക്കുന്നില്ല. ഈ പറഞ്ഞതിനെല്ലാം ബഡ്ജറ്റ് ഹെഡ്സുണ്ട്, ബഡ്ജറ്റ് പ്രൊവിഷനുണ്ട്. .....(ബഹളം)..... ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിന് അപ്പുറം ഒരു അഡീഷണൽ എക്സ്പെൻഡിച്ചറും ഇവിടെ ഉണ്ടാക്കുന്നില്ല. കേരളത്തിലെ രാഷ്ട്രീയ അന്തരീക്ഷത്തിൽ വലിയൊരു മാറ്റം വന്നിട്ടുണ്ട്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിന്റേയും പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റേയും രാഷ്ട്രീയ അന്തരീക്ഷമല്ല കേരളത്തിൽ ഇന്നുള്ളത്. വ്യത്യാസം ഉണ്ടാക്കിയിരിക്കുന്നത്, നിങ്ങൾ ഞങ്ങളുടേതായ കുറ്റങ്ങളൊക്കെ ഊതിപ്പെരുപ്പിച്ചു പറഞ്ഞുകൊണ്ടിരുന്നു, നിങ്ങൾ ഭരിച്ച കാലത്തെ സ്ഥിതിയെന്തായിരുന്നു എന്നുള്ള ഒരു താരതമ്യം ഓരോ വോട്ടറുടെ മനസ്സിലും വരികയാണ്.

ശ്രീ. കെ. എം. മാണി: ഇവിടെ വന്നിരിക്കുന്നത് ഒരു ടെക്നിക്കൽ പ്രോബ്ലം ആണല്ലോ. അൺ അലോക്കേറ്റഡിലേക്ക് മാറ്റി. അതുകൊണ്ട് കുഴപ്പമില്ല. എല്ലാത്തിനും ഒറ്റമൂലി അൺ അലോക്കേറ്റഡ് എന്ന് പറഞ്ഞാൽ മതിയോ. ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഇപ്പോൾ കൊടുത്ത തുകയെല്ലാം കൂടി കൂടുമ്പോൾ കമ്മിറ്റ്മെന്റ് എത്രയാണ് അത് പറയണ്ടേ? അത് ഈ നിയമസഭയ്ക്ക് അറിയേണ്ടേ? മിച്ചമുണ്ടോ, ഇതല്ലേ ബഡ്ജറ്റിന്റെ പ്രൈമറി പ്രിൻസിപ്പിൾ എന്ന് പറയുന്നത്. അത് ധനകാര്യ വകുപ്പുമന്ത്രി വ്യക്തമായി പറയണ്ടേ?

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അത് ഈ ബഡ്ജറ്റിൽ ഉള്ളതു തന്നെയാണ്. അഡീഷണലായി എക്സ്പെൻഡിച്ചർ വരുന്നില്ല. ബഹുമാനപ്പെട്ട മിനിസ്റ്റർ.....(ബഹളം).....

ഡോ. തോമസ് ഐസക്: പറയുന്നത് കേൾക്കൂ.....(ബഹളം)..... ഞാൻ പറയാം. പറഞ്ഞുകൊണ്ടിരിക്കുകയല്ലേ. നമ്മുടെ ബഡ്ജറ്റിൽ ഇതിനകം തന്നെ ഏതാണ്ട് നൂറ് കോടിയോളം രൂപ മേജർ ഡിസ്ട്രിക്ട് റോഡ്സിനും സ്റ്റേറ്റ് ഹൈവേക്കും വേണ്ടി ഇന്നയിന്ന ആവശ്യത്തിന് എന്ന് പറയാതെ വകയിരുത്തിയിട്ടുണ്ട്. അതിലാണ് അഡ്ജസ്റ്റ് ചെയ്യുന്നത്. അതുകൊണ്ട് അഡീഷണലായി എക്സ്പെൻഡിച്ചർ വരുന്നില്ല. .....(ബഹളം)..... ഇതുപോലെ തന്നെ സ്മാരകങ്ങൾക്ക് വേണ്ടി ലംപ്സം എമൗണ്ട് പ്ലാനിൽ വകയിരുത്തിയിട്ടുണ്ട്. അതിലായിരിക്കും സ്മാരകങ്ങൾ വരുന്നത്. ജൈവ ഹരിത പരിപാടികളുമായി ബന്ധപ്പെട്ട് 100 കോടി രൂപ ഹരിത ഫണ്ടുണ്ട്. അതിൽ നിന്നാണ് വയ്ക്കുന്നത്. ഇതുപോലെതന്നെ ബജക്കിയുള്ള നയപരമായ കാര്യങ്ങൾ. അത് നയപ്രഖ്യാപനം മാത്രമാണ്. അതിന് എത്രയാണ് കൂട്ടേണ്ടത് എന്ന് നോക്കണം. ഇതിനൊന്നും അധികം പണച്ചെലവ് വരുന്നില്ല അതുകൊണ്ടാണ് ആ ടൈയിൽ മാറ്റമില്ലെന്ന് പറഞ്ഞത്. കേരളത്തിൽ ഓരോ ദിവസവും നിങ്ങളുടെ ഭരണകാലത്തെക്കുറിച്ചുള്ള വെളിപാടുകൾ വന്നുകൊണ്ടിരിക്കുകയാണ്. അതിൽ ശ്രീ. സുധാകരനുമായി ബന്ധപ്പെട്ട പ്രശ്നമെടുക്കാം. ഇടമലയാർ കേസിൽ ഒരു നേതാവിനെ ശിക്ഷിച്ചു. കോടതിക്കെതിരായിട്ടുള്ള പ്രതിഷേധ യോഗത്തിൽ ശ്രീ. കെ. സുധാകരൻ എംപി. സംസാരിക്കുകയായിരുന്നു. ...(ബഹളം)..... പറഞ്ഞ കാര്യം മറക്കണ്ട. അതുകൊണ്ടാണ് ഉദ്ധരിക്കുന്നത്. ഭകേരളത്തിൽ കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ കൊടുത്ത 21 ബാർ ലൈസൻസ് കേരള ഹൈക്കോടതി റദ്ദാക്കിയപ്പോൾ സുപ്രീം കോടതിയിൽ പോയി വാങ്ങുന്നതിന് കേരള ഹൗസിൽ വച്ച് സുപ്രീം കോടതിയിലെ ജഡ്ജിക്ക് പണം കൊടുക്കുമ്പോൾ ഞാൻ ഒരു കാഴ്ചക്കാരനായിരുന്നു . നിങ്ങൾ ചോദിക്കും, നീ എന്തിനാ അവിടെ പോയത്? എന്റെ ഇലക്ഷൻ കേസ് ആ ബഞ്ചിലായിരുന്നു. ഇടക്കാട് അസംബ്ലി കേസ് ആ ബഞ്ചിലാണ്, എനിക്ക് അത് അവിശ്വസനീയമായിരുന്നു. പൈസ കൊടുക്കാൻ പോകുന്നവൻ എന്നോട് പറഞ്ഞു. ഞാൻ പറഞ്ഞു ഞാൻ വിശ്വസിക്കില്ലെന്ന്. എന്നാൽ പിന്നെ സുധാകരനും കൂടി വരണം. എന്താണെന്ന് അറിയാമല്ലോ, എന്റെ കേസ് ഇന്നാണ്. അത് അട്ടിമറിക്കപ്പെടില്ലേ. ഇടക്കാട് അസംബ്ലി കേസ് ഞാൻ ജയിച്ചു നിൽക്കുകയാണ്. അതിന്മേൽ അപ്പീൽ പോയിരിക്കുകയാണ് ഒ. ഭരതൻ. ഇതേ ബഞ്ചിലാണ്. ആ ബഞ്ചിന്റെ ക്രഡിബിലിറ്റി മനസ്സിലാക്കാൻ ഞാനും പോയി. .....(ബഹളം)..... രണ്ട് വിധികൾ. ആ വിധികൾ എന്തിനെക്കുറിച്ചുള്ളതാണ്? ഒന്ന് ഇടക്കാട് കേസിന്റെ വിധി, മറ്റൊന്ന് ഇവിടുത്തെ ബാർ ലൈസൻസിനുവേണ്ടിയുള്ള വിധി. ആർ. വിജയകുമാർ ആന്റ് അദേഴ്സ് വേഴ്സസ് കമ്മീഷണർ ഓഫ് എക്സൈസ് ആന്റ് അദേഴ്സ് എന്ന കേസ് പരിഗണിച്ചത് ജസ്റ്റിസുമാരായ രത്നവേൽ പാണ്ഡ്യനും ജസ്റ്റിസ് ആർ. എം. സഹായിയും അടങ്ങിയ ഡിവിഷൻ ബഞ്ചാണ്. 1993 നവംബർ അഞ്ചിന്. ഒ. ഭരതന്റെ തെരഞ്ഞെടുപ്പ് കേസിൽ സുധാകരന് അനുകൂലമായ ഹൈക്കോടതി വിധി റദ്ദാക്കിയത്

LIBRARY ARCHIVES Kerala Legislative Assembly

ജസ്റ്റിസ് കെ. വെങ്കിടസ്വാമിയും ജസ്റ്റിസ് ജെ. ജഗദീഷ് ചന്ദ്രനും അടങ്ങുന്ന ഡിവിഷൻ ബഞ്ചാണ് അത് 1996 ഫെബ്രുവരി 6-ന്. എങ്ങനെയാണ്? എന്റെ കേസ് ഈ ബഞ്ചിലാണ് വരുന്നത്. ഇപ്പോൾ ഞങ്ങൾ പൈസ കൊടുത്ത് അട്ടിമറിക്കാൻ പോകുന്നതുപോലെ എന്റെ കേസ് അട്ടിമറിച്ചാലോ എന്ന് ഭയക്കാൻ വേണ്ടി പോയതാണെന്നല്ലേ നിങ്ങളുടെ കോൺഗ്രസ് നേതാവ് പറഞ്ഞത്. ഇതാ വിധിപ്പകർപ്പ്. ഉമ്മൻ ചാണ്ടി സാറെ, ഇനിയെങ്കിലും അവിടെ പോയത് സാക്ഷ്യം നിൽക്കാനല്ല, ഇടനിലക്കാരനായതുകൊണ്ടാണെന്ന് വ്യക്തമല്ലേ. ഇദ്ദേഹം പറഞ്ഞത് വിശ്വസിക്കണമോ ഇല്ലിക്കൽ ജോസ് പറഞ്ഞത് വിശ്വസിക്കണോ? ഇങ്ങനെയുള്ള വലിയ മഹത്തായ കോൺഗ്രസ്സ് നേതാക്കന്മാരെക്കുറിച്ച് ആരുമറിയാത്ത ഒരാൾ പറയുന്നതൊക്കെ വിശ്വസിച്ച് ശ്രീ. പിണറായി വിജയനും മറ്റും പ്രസ്താവനയിറക്കുന്നത് എത്ര ദൗർഭാഗ്യകരമാണെന്നുമൊക്കെ പറഞ്ഞു. അങ്ങയോടുള്ള എന്റെ ചോദ്യം, ഇങ്ങനെ പച്ചക്കള്ളം കേരളത്തോട് മുഴുവൻ പറഞ്ഞ നിങ്ങളുടെ കോൺഗ്രസ്സ് എം.പി., കെ.പി.സി.സി. സെക്രട്ടറി പറയുന്നത് വിശ്വസിക്കണോ ജോസ് ഇല്ലിക്കൽ പറഞ്ഞത് വിശ്വസിക്കണോ? അദ്ദേഹം പറഞ്ഞത് ഞാൻ കാട്ട് ചെയ്യുന്നില്ല. അന്വേഷിക്കേണ്ടത് നിശ്ചയമായും അന്വേഷിക്കും. ശ്രീ. ടി.എം. ജേക്കബ് എവിടെയാണ് ഇപ്പോൾ? ശ്രീ. ടി.എം. ജേക്കബിനെ ഒഴിവാക്കിയത് സംബന്ധിച്ച് സുപ്രീം കോടതി ചോദിച്ചിരിക്കുന്നു. ഫയൽ ഞാൻ കണ്ടു. നേരെ പോകുന്ന കനാൽ പെട്ടെന്ന് ഇടത്തോട്ട് ഒറ്റ തിരിച്ചിൽ. എന്തിനുവേണ്ടി? പാറക്കൂട്ടം അപ്പുറത്താണ്. അതുവഴി പോയാൽ മാത്രമേ ആവുകയുള്ളൂ. ഇനി അങ്ങയുടെ കാര്യം തന്നെ എടുക്കാം. ഒരു ധനമന്ത്രി എന്ന നിലയിൽ നേരത്തെ എൽ. ഡി. എഫ്. ചോദിച്ചില്ല, ആരും ഉന്നയിച്ചില്ല, തെറ്റുകൾ എപ്പോഴും തിരുത്താവുന്നതാണ്. അതുകൊണ്ട് അത് നിശ്ചയമായും തിരുത്തപ്പെടും. അതിന് സംശയം വേണ്ട. ഞാനിപ്പോൾ പാമോലിൻ കേസ്സിനെക്കുറിച്ച് മുഴുവൻ വിവരിക്കാൻ ഉദ്ദേശിക്കുന്നില്ല. മുഴുവൻ ഫയലും ഇവിടെ എന്റെ കയ്യിലുണ്ട്. എന്റെ ചോദ്യം. അങ്ങ് മറന്നുപോയ ചോദ്യം ധനമന്ത്രി ആയതുകൊണ്ട് ഞാൻ ചോദിക്കുകയാണ്. 26 കോടി രൂപ ഇറക്കുമതിക്കുവേണ്ടി ചെലവഴിക്കാൻ മാലാ കമ്പനിയുമായി ടെണ്ടറില്ലാതെ ഏർപ്പെടുന്നതും പരമാവധി കമ്മീഷൻ പതിനഞ്ച് ശതമാനംവരെയാകാം എന്ന് കേന്ദ്ര ഗവൺമെന്റ് പറഞ്ഞത്, ഒരു നെഗോഷിയേഷനുമില്ലാതെ 15 ശതമാനം ഉറപ്പിച്ചു കൊടുത്തത് - മറ്റ് പല സംസ്ഥാനങ്ങളും ഇതിനും താഴെയാണ് - അവർതന്നെ 390 ഡോളറിന് തരാമെന്ന് കത്തെഴുതിയിട്ടുള്ളത്, മഹാരാഷ്ട്ര അടക്കമുള്ളവർ 390 ഡോളറിനും 400 ഡോളറിനും എടുക്കുമ്പോൾ 405 ഡോളറിന് ഒപ്പുവയ്ക്കാൻ പോകുമ്പോൾ ഫിനാൻസ് ഡിപ്പാർട്ടുമെന്റ് ഫയൽ കണ്ടോ? അതാണ് എന്റെ ഒന്നാമത്തെ ചോദ്യം. ഇതുകഴിഞ്ഞിട്ട് പറഞ്ഞാൽ മതി. ഫിനാൻസ് ഡിപ്പാർട്ടുമെന്റ് ഫയൽ കണ്ടോ? ഈ സഭയിൽ കഴിഞ്ഞ ദിവസം വളരെ വികാരത്തോടെയല്ലേ എന്നോട് ചോദിച്ചത് ഫിനാൻസ് ഡിപ്പാർട്ടുമെന്റ് കാണാതെ ഇത്രയും പോസ്റ്റ് എങ്ങനെ നിങ്ങൾ ക്രിയേറ്റ് ചെയ്തുവെന്ന്. അങ്ങേയ്ക്ക് അറിയാം. ഫിനാൻസ് ഡിപ്പാർട്ടുമെന്റ് കാണണമെന്ന്. ഇന്നുകാലത്ത് ഞാൻ മറുപടിയും പറഞ്ഞു. ഫിനാൻസ് ഡിപ്പാർട്ടുമെന്റിലെ ഓഫീസേഴ്സിന് നേരത്തെ നോട്ട് കൊടുത്ത് അവരെ വിളിച്ചിരുത്തി അവരുമായി ചർച്ച ചെയ്ത് തെറ്റിച്ചെടുത്ത തീരുമാനമാണ്.

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ ഇത്ര പ്രധാനപ്പെട്ട ഒരു കാര്യത്തിന് ഫിനാൻസ് ഡിപ്പാർട്ടുമെന്റ് കാണാതെ അങ്ങ് എങ്ങനെ അനുവാദം കൊടുത്തു? രണ്ട്, നമ്മുടെ റൂൾസ് ഓഫ് ബിസിനസ് എന്താണ്? ചിലപ്പോൾ ചില കാര്യങ്ങൾ ഔട്ട്സൈഡ് അജൻഡയായി ക്യാബിനറ്റിൽ വരും. ധനമന്ത്രി എന്തെങ്കിലും ആവശ്യമുള്ളതാണെങ്കിൽ അംഗീകരിക്കേണ്ടിവരും. അങ്ങനെ വന്നുകഴിഞ്ഞാൽ ആദ്യം വേണ്ടത് എന്താണ്? ജി.ഒ. ഇറങ്ങുന്നതിനുമുമ്പ് ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ വരണ്ടേ? ക്യാബിനറ്റ് തീരുമാനിച്ചതാണെങ്കിലും ഫിനാൻസിന് ഒരു പ്രാധ്യാശ്യം മടക്കാൻ അവകാശമില്ലേ? അങ്ങനെ തീരുമാനിച്ചാൽ ഫിനാൻസ് ഈസ് ഓവർ റൂൾഡ്. ജി.ഒ. ഇറങ്ങുന്നതിനുമുമ്പ് ഫിനാൻസിൽ വന്നോ? വന്നിട്ടില്ല. പിന്നീട് ഇതൊക്കെ കഴിഞ്ഞ് കരാർ ഒപ്പിട്ട് കാര്യങ്ങൾ നീങ്ങുമ്പോൾ ഫിനാൻസിലേയ്ക്ക് ഫയൽ വന്നു. എന്താണ് ഫിനാൻസ് സെക്രട്ടറി എഴുതിയത്? സി.ആന്റ് എ.ജി. പറഞ്ഞ കാര്യങ്ങൾ അക്കമിട്ട് എഴുതിയിട്ടുണ്ട്. ആ എഴുതിയത് അങ്ങ് ഒരു ടോക്കിംഗ് നോട്ടിലൂടെ ഓവർ റൂൾ ചെയ്തോ? ഇന്നയിന്ന കാരണങ്ങളാൽ നിങ്ങളുടെ യുക്തി ശരിയല്ല, ചട്ടം അങ്ങനെയല്ല, നാടിന്റെ വലിയൊരു ആവശ്യമാണ് എന്നുപറഞ്ഞ് ഓവർ റൂൾ ചെയ്തോ? ഇല്ല. മറിച്ച്, ഇവിടെ അസംബ്ലി കമ്മിറ്റി പരിശോധിക്കുമ്പോൾ ശ്രീ. ജോസ് സിറിയക് ആണ് സെക്രട്ടറി. അദ്ദേഹത്തിന് പറയേണ്ടിവന്നു. അന്നു പോയ ഫയൽ- അസംബ്ലിയിൽ ചോദ്യത്തിന് കൊണ്ടുപോയ ഫയൽ-പിന്നെ ഫിനാൻസിൽ തിരിച്ചുവന്നിട്ടില്ല. അതുകൊണ്ട് എനിക്ക് പറയാൻ കഴിയില്ല എന്ന്. അതുകൊണ്ട് ഉമ്മൻ ചാണ്ടി സാറേ, ധനമന്ത്രി എന്ന നിലയിൽ അങ്ങ് പറയുന്നത്, അങ്ങ് എടുത്തത് ശരിയായ തീരുമാനമാണ്, ഒരു തെറ്റുമില്ല, ഉറച്ചുനിൽക്കുന്നു. ഈ ചെയ്തതൊക്കെ ശരിയാണ്. അങ്ങ് ഈ കൊള്ളയ്ക്ക് കൂട്ടുനിന്നു. കൂട്ടുനേതാവാണ് നിങ്ങൾ.

ശ്രീ. ഉമ്മൻ ചാണ്ടി: ഡോ. ടി. എം. തോമസ് ഐസക് വളരെ വികാര പരമായി ഇവിടെ പറഞ്ഞല്ലോ? എനിക്ക് അതിനൊറ്റ കാര്യമേ പറയാനുള്ളു. ഞാൻ ശ്രീ. കോടിയേരി ബാലകൃഷ്ണനോട് പറഞ്ഞു, നിങ്ങൾ പരിശോധിച്ചിട്ട് എന്നെ പ്രതിയാക്കുക. നാലുമുക്കാൽ കൊല്ലമായി നിങ്ങൾ എന്തുചെയ്യുകയായിരുന്നു? ഈ സംഭവം നടക്കുമ്പോഴുള്ള പ്രൊസീഡിംഗ്സ് ഞാൻ പറഞ്ഞു. ഇവിടെ നടന്ന ശ്രീ. വി.എസ്. അച്ചുതാനന്ദനും ഇ.കെ. നായനാരുമൊക്കെ പങ്കെടുത്ത ചർച്ചകൾക്ക് അന്ന് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഞാൻ ഇവർ പറഞ്ഞതിനെയെല്ലാം ഖണ്ഡിക്കുന്ന മറുപടി നൽകിയ അവസരത്തിൽ അവർ പറഞ്ഞ മറുപടി എന്താണ്? ഇതൊന്നും ഞാൻ ഒരു ന്യായമായി പറയുന്നില്ല. ശരി ചെയ്താൽ മാത്രം പോരാ ശരിയാണെന്ന് ബോധ്യപ്പെടണം. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഇതുവരെ ഈ കാര്യം സംബന്ധിച്ച്, എന്റെ റോളിനെ സംബന്ധിച്ച് അന്നത്തെ പ്രതിപക്ഷം പോലും ഒരു തർക്കമോ കാര്യങ്ങളോ പറഞ്ഞിരുന്നില്ല. ഇപ്പോൾ പറഞ്ഞിരിക്കുന്ന ചില സംശയങ്ങൾ ശ്രീ. ടി.എച്ച്. മുസ്തഫയുടെ പേരിൽ കൊണ്ടുവന്നിരിക്കുന്നു. ഇപ്പോൾ അങ്ങ് നേരിട്ടും പറഞ്ഞു. അതുകൊണ്ട് ശ്രീ. കോടിയേരി ബാലകൃഷ്ണനോട് ഞാൻ അഭ്യർത്ഥിക്കുന്നു. ഞാൻ ആവശ്യപ്പെടുന്നു, നിങ്ങൾ ഇത് പരിശോധിക്കണം. പരിശോധിച്ച് അതിൽ എന്നെ പ്രതിയാക്കാമെങ്കിൽ പ്രതിയാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. തോമസ് ഐസക്: ഇന്നലെവരെ ചോദിക്കാത്ത കാര്യങ്ങൾ ഇന്നു ഞാൻ ചോദിച്ചിരിക്കുന്നു. അങ്ങ് മറുപടി പറഞ്ഞെങ്കിൽ നന്നായിരുന്നു. നേരത്തെ ചോദിച്ചില്ല. ഇപ്പോൾ ചോദിച്ചു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതിനുശേഷം മറുപടി പറയാം. ഞാൻ ശ്രീ. ടി.എച്ച്. മുസ്തഫയുടെ വക്കാലത്തിനൊന്നും പോയിട്ടില്ല. സാക്ഷ്യത്തിനും പോയിട്ടില്ല. ശ്രീ. സക്കറിയ മാത്യു കൊടുത്തിട്ടുണ്ട്. ശ്രീ. ടി.എച്ച്. മുസ്തഫയോടൊപ്പം കോടതിയിൽ വന്നു. ഞാൻ വായിച്ചു കേൾപ്പിക്കാം. Petitioner, 4th Accused submitted the proposal to the Finance Minister as well as he is the final authority to decide the financial propriety of the proposal. അദ്ദേഹം സമ്മതിച്ചുതന്നിട്ട് ഉദ്യോഗസ്ഥനായ എന്റെമേൽ ഈ പാപഭാരം അടിച്ചേൽപ്പിക്കുന്നതിൽ എന്താണ് അർത്ഥം? ഫിനാൻഷ്യലായ കാര്യങ്ങൾ മുഴുവൻ തീരുമാനിക്കുന്നതിനുള്ള ഫൈനൽ അതോറിറ്റി നിങ്ങളാണ്. നിങ്ങൾ ആ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരെ കാണിച്ചില്ല. തീരുമാനമെടുത്തുകഴിഞ്ഞ് റാറ്റിഫിക്കേഷനുവേണ്ടി ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ കൊടുത്തില്ല. അവസാനമായപ്പോൾ എഴുതിയ ഫയൽ പാതിവഴിയിൽ നിർത്തിയിട്ട് അത് എങ്ങോട്ടോ അപ്രത്യക്ഷമാക്കി.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): പാമോലിൻ കേസ്സ് സംബന്ധിച്ച്, പാമോലിൻ ഇറക്കുമതി ചെയ്യാനുള്ള അനുമതി കൊടുത്ത മന്ത്രിസഭാ തീരുമാനം ഓർഡറായി ഇറങ്ങുന്നതിനുമുമ്പ് കരാറായിക്കഴിഞ്ഞു. ഡൽഹിയിൽവച്ചാണ് ഇതിന്റെ എല്ലാ ഇടപാടുകളും നടന്നിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിക്കറിയാം. ഇതുസംബന്ധിച്ച കേസ്സ് ചാർജ്ജ് ചെയ്യപ്പെട്ടതിനുശേഷം ഈ കേസ്സ് തടസ്സപ്പെടുത്താൻ നിരവധി ഘട്ടത്തിൽ ശ്രമിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ഇത് ജുഡീഷ്യൽ സ്ക്രൂട്ടിനിക്ക് വിധേയമാകണ്ട എന്നാണ് പറഞ്ഞതെങ്കിൽ എല്ലാ സന്ദർഭത്തിലും ഈ കേസ്സ് കോടതിയിൽ വിചാരണ ചെയ്യുന്നത് തടയാൻ എത്ര പ്രാവശ്യം ഇടപെട്ടിട്ടുണ്ട്? കേസ്സിലെ ഒന്നാം പ്രതി ഇടപെട്ട് ആ കേസ്സ് എല്ലാക്കാലത്തും തടഞ്ഞുനിർത്തി. അതിന്റെ ഫലമായിട്ടാണ് ഇത്ര കാലം ആ കേസ്സ് നീണ്ടുപോയത്. അതിന്റെ അടിസ്ഥാനത്തിൽ കെ. കരുണാകരൻ എം.പി. ആയപ്പോൾ ലോക്സഭാ സ്പീക്കറെ ഉപയോഗിച്ചും സുപ്രീം കോടതിയെ ഉപയോഗിച്ചും തടഞ്ഞു. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായപ്പോൾ എന്തുചെയ്തു? ഈ കേസ്സുതന്നെ പിൻവലിച്ചു. വിജിലൻസ് ചാർജ്ജ് ചെയ്ത പാമോലിൻ കേസ്സ് പിൻവലിച്ചുവെന്ന റെക്കഡിന്റാണ് മുഖ്യമന്ത്രിയായിരുന്ന കാലത്ത് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിക്കുള്ളത്. അന്ന് നിങ്ങളുടെ ഗവൺമെന്റ് എടുത്ത തീരുമാനം തെറ്റാണെന്ന് കണ്ട് പുനഃപരിശോധിക്കാനും ആ കേസ്സിൽ തുടർനടപടികൾ സ്വീകരിക്കാനും തീരുമാനിച്ചത് ശ്രീ. വി.എസ്. അച്ചുതാനന്ദൻ മന്ത്രിസഭയാണ്. ഞങ്ങൾ അന്ന് അങ്ങനെയൊരു തീരുമാനം എടുത്തിരുന്നില്ലെങ്കിൽ ഇപ്പോൾ ഈ പ്രശ്നം പുറത്തുവരുമായിരുന്നോ? പാമോലിൻ കേസ്സ് തേച്ചുമായ്ച്ചു കളയുമായിരുന്നില്ലേ? എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതുകൊണ്ടാണ് പാമോലിൻ കേസ്സ് ഇപ്പോൾ നിലനിൽക്കുന്നത്. എല്ലാ കാര്യങ്ങളും അന്വേഷണ വിധേയമാക്കണ്ടേ, നിങ്ങളെന്താണ് ജുഡീഷ്യറിയെ പേടിച്ച് നടക്കുന്നതെന്ന് ഞങ്ങളോട് ചോദിച്ച നിങ്ങൾ എന്തിന് ആ കേസ്സ്

LIBRARY ARCHIVES Kerala Legislative Assembly

പിൻവലിച്ചു? അപ്പോൾ ഒരു അഴിമതിക്കേസ്സുതന്നെ നിങ്ങൾ പിൻവലിച്ചു. ആ കേസ്സ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ സ്റ്റേയിൽ കിടക്കുകയായിരുന്നു. ആ കേസ്സിനകത്ത് ഒരു ഫർദർ ഇൻവെസ്റ്റിഗേഷൻ നടത്തണമെങ്കിൽ കോടതിയെ സമീപിച്ചേ പറ്റുകയുള്ളു. അങ്ങനെ ഞങ്ങൾ കോടതിയെ സമീപിച്ചിരുന്നെങ്കിൽ എന്തുചെയ്യുമായിരുന്നു? ഈ സ്റ്റേ നടത്തണമെന്ന് വാദിച്ച ആളുകൾക്ക് കൂടുതൽ സഹായകമാകും. ഇപ്പോൾ ഏതായാലും വിചാരണക്കോടതിയിൽ എത്തിക്കഴിഞ്ഞു. വിചാരണയിൽ നിൽക്കുന്ന സന്ദർഭത്തിലാണ് ആ കേസ്സിലെ രണ്ടാം പ്രതി കോടതിയെ സമീപിച്ച് ഈ കേസ്സിലെ പ്രതിലിസ്റ്റിൽനിന്ന് എന്നെ ഒഴിവാക്കണം എന്ന് പറഞ്ഞിരിക്കുന്നത്. കാരണം അന്നത്തെ ധനകാര്യമന്ത്രി ചെയ്ത കുറ്റം മാത്രമേ ഞാനും ചെയ്തിട്ടുള്ളു. ഞാൻ പ്രതിയാണെങ്കിൽ ധനകാര്യ മന്ത്രിയും പ്രതിയാണ് എന്നാണ് ബഹുമാനപ്പെട്ട രണ്ടാംപ്രതി വിജിലൻസ് കോടതിയിൽ വാദിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട വിജിലൻസ് കോടതിയുടെ മുമ്പിൽ ഇതിപ്പോൾ വിചാരണയ്ക്കെടുക്കാൻ പോകുകയാണ്. ചീഫ് വിജിലൻസ് കമ്മീഷണറായി നിയമിക്കപ്പെട്ടിട്ടുള്ള ശ്രീ. പി.ജെ.തോമസ് കൂടി ഉൾപ്പെട്ട കേസ്സായതുകൊണ്ട് ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ടൊരു കേസ്സായിട്ട് ഇപ്പോൾ ഇത് മാറിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് വിജിലൻസ് ഡിപ്പാർട്ടുമെന്റ് ഇപ്പോൾ ശ്രീ. മുസ്തഫ കൊടുത്തിട്ടുള്ള അഫിഡവിറ്റും മറ്റ് കാര്യങ്ങളൊക്കെയും പരിശോധിക്കുന്നതിനായി സർക്കാർ ഒരു സ്പെഷ്യൽ പ്രോസിക്യൂട്ടറെ നിയമിച്ചിട്ടുണ്ട്. ആ സ്പെഷ്യൽ പ്രോസിക്യൂട്ടർ സർക്കാർ നിലപാടെന്താണെന്ന് കോടതിയിൽ വ്യക്തമാക്കും. ഇതുപരിശോധിച്ച് ആവശ്യമായ കാര്യം കോടതി മുമ്പാകെ അറിയിക്കും. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ മുമ്പിലിപ്പോൾ ഒരു വഴിയുണ്ട്. അങ്ങ് ഈ കോടതിയിൽ ഹാജരായി എന്നെ പ്രതി ചേർക്കണം. ഞാൻ വിചാരണ നേരിടാൻ തയ്യാറാണ് എന്ന് വിജിലൻസ് കോടതിയുടെ മുമ്പിൽ പോയി മൊഴി കൊടുക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് തയ്യാറുണ്ടോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ ഡോ. തോമസ് ഐസക് പറഞ്ഞതിനെ അംഗീകരിക്കുന്നു. അദ്ദേഹം സ്ട്രെയ്റ്റായി കാര്യങ്ങൾ പറഞ്ഞു. അങ്ങ് ശ്രീ. മുസ്തഫയെയാണ് പിന്നെയും പിടിച്ചത്. അങ്ങയുടെ വിജിലൻസ് ഡിപ്പാർട്ടുമെന്റിന് എന്തുകൊണ്ടാണ് ഈ ഉത്തരവാദിത്വം ഏറ്റെടുക്കാൻ സാധിക്കാത്തത്? ഇപ്പോൾ സ്റ്റേയെല്ലാം കഴിഞ്ഞല്ലോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അതുകൊണ്ടാണല്ലോ ഞാൻ പറഞ്ഞത്. ഇപ്പോൾ വന്നിട്ടുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് വിജിലൻസ് ഡിപ്പാർട്ടുമെന്റ് പരിശോധിച്ചുവരികയാണ്. വിജിലൻസ് ഡിപ്പാർട്ടുമെന്റിന്റെ അഭിപ്രായം കോടതിയെ അറിയിക്കും. കോടതിയുടെ സഹകരണത്തോടും അനുമതിയോടുംകൂടിയും മാത്രമേ ഇതിന് തുടരന്വേഷണം നടത്താൻ സാധിക്കുകയുള്ളു. അതുകൊണ്ട് ഇതുസംബന്ധിച്ച് എല്ലാ കാര്യങ്ങളും കോടതിയുടെ മുമ്പാകെ സമർപ്പിച്ച്, നിയമാനുസൃതമായി ചെയ്യാൻ സാധിക്കുന്ന എല്ലാ കാര്യങ്ങളും സർക്കാർ ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അതുകൊള്ളാം. നല്ല കാര്യം. പക്ഷേ ഒരു ക്രിമിനൽ കേസ്സിൽ ഒരാൾക്ക് അങ്ങോട്ടുപോയി പറയാൻ പറ്റുമോ? ആഭ്യന്തര വകുപ്പുമന്ത്രി ഇത്രയും തരംതാഴ്ന്ന രീതിയിൽ പറഞ്ഞത് വളരെ മോശമായിപ്പോയി.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട അങ്ങ് അങ്ങനെ പറയരുത്. അങ്ങേയ്ക്ക് നിരപരാധിത്വം തെളിയിക്കണമെന്നുണ്ടെങ്കിൽ ബഹുമാനപ്പെട്ട കോടതിയുടെ മുമ്പിൽ നിങ്ങൾക്ക് സമീപിക്കാനാകും. ഏതൊരു പൗരനും സമീപിക്കാൻ സാധിക്കും. ഈ കേസ്സിൽ അങ്ങേയ്ക്ക് കോടതിയോട് പറയാം. ഇങ്ങനെ ആരോപണങ്ങൾ വന്നിട്ടുണ്ട്. ശ്രീ. ടി.എച്ച്. മുസ്തഫ ഈ കാര്യം ഉന്നയിച്ചിരിക്കുകയാണ്. അതുകൊണ്ട് എന്റെ നിരപരാധിത്വം തെളിയിക്കാൻ എനിക്ക് അവസരം തരണം എന്ന് അങ്ങ് ആവശ്യപ്പെടണം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ പറഞ്ഞില്ലേ അദ്ദേഹം സ്ട്രെയ്റ്റായിട്ട് ആ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ടാണ് പറഞ്ഞത്. ഇവിടെ ശ്രീ. ടി. എച്ച്. മുസ്തഫയുടെ പേര് അങ്ങ് ഉപയോഗിക്കരുത്. The Prosecution, who rightly did not find fault with the Finance Minister. അതാണ് മുസ്തഫ കൊടുത്തിട്ടുള്ളത്. ശ്രീ. മുസ്തഫയും, ശ്രീ. സക്കറിയാ മാത്യുവും ഒക്കെ പറഞ്ഞിരിക്കുന്നത് ഞാനെടുത്ത പൊസിഷനാണ്. ഞാൻ അവർ രണ്ടുപേരും പറഞ്ഞ പൊസിഷനാണ് ഇതിന്റെ തുടക്കം മുതൽ എടുത്തിട്ടുള്ളത്. അപ്പോൾ അവരെ മറയാക്കണ്ട. എനിക്ക് ഒരു സൗജന്യവും നിങ്ങൾ ചെയ്യണ്ട. ഇ.കെ. നായനാരും ശ്രീ. വി.എസ്. അച്ചുതാനന്ദനും ഉൾപ്പെടെയുള്ള അന്നത്തെ പ്രതിപക്ഷം എന്നെ ഒഴിവാക്കിയതിന്റെ കാര്യങ്ങൾ നിങ്ങൾ രണ്ടുപേരും പറഞ്ഞതിനകത്ത് ഉണ്ട്. പക്ഷേ ഞാൻ അതു പറഞ്ഞുകൊണ്ട് പോകില്ല. കാരണം ഞാൻ പറഞ്ഞാൽ ഈ കേസ്സിൽ ഇതുവരെയെടുത്തിട്ടുള്ള നിലപാടിന് വിരുദ്ധമായിപ്പോകും. ഞാൻ എനിക്കുവേണ്ടിയുള്ള പോയിന്റുകൾ പറഞ്ഞാൽ ഇപ്പോൾ സർക്കാരെടുത്ത കേസ്സിന് അനുകൂലമായിപ്പോകും. പ്രോസിക്യൂഷനിൽനിന്ന് എന്നെ ഒഴിവാക്കാൻ എടുത്ത കാരണങ്ങൾ നിങ്ങൾ രണ്ടുപേരും ഓരോന്ന് പറഞ്ഞു. ഒന്ന്, ഗൂഢാലോചനയും പറഞ്ഞു രണ്ട്, ഓവർറൂൾ ചെയ്തില്ലെന്നും പറഞ്ഞു. ഞാൻ ആ വാദം ഒരിക്കലും പറയില്ല. കാരണം അങ്ങനെ പറഞ്ഞാൽ, ഈ കേസ് തുടങ്ങിയ അന്നുമുതൽ ഞാനെടുത്ത ഒരു നിലപാടുണ്ട്. അത് എന്നെ കേസിൽ പ്രതിയാക്കുമോ ഇല്ലയോയെന്ന് വച്ചിട്ട് ഞാൻ മാറില്ല. ഞാൻ ആ നിലപാടിൽത്തന്നെ ഉറച്ചുനിൽക്കുകയാണ്. അത് ശ്രീ. ടി.എച്ച്. മുസ്തഫയും ശ്രീ. സക്കറിയ മാത്യുവും പറഞ്ഞിരിക്കുന്ന നിലപാടാണ് ഞാനെടുത്തിരിക്കുന്നത്. അത് മാറ്റി പറയില്ല. പക്ഷേ നിങ്ങൾ പറഞ്ഞതിനകത്ത് എന്നെ പ്രോസിക്യൂഷനിൽനിന്ന് ഒഴിവാക്കാനിടയായ കാരണങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്.

ഡോ. തോമസ് ഐസക്: സർ, എന്റെ വിമർശനം അങ്ങ് ഓവർറൂൾ ചെയ്തില്ലെന്നുമാത്രമല്ല.... ധനകാര്യ വകുപ്പുമന്ത്രിയായ അങ്ങ് ഇത്ര പ്രധാനപ്പെട്ടൊരു കാര്യം ധനവകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇപ്പോൾ അങ്ങയുടെ കയ്യിൽ ഫയലുണ്ടെന്ന് പറഞ്ഞല്ലോ. ആ ഫയൽ ഫിനാൻസിലേയ്ക്ക് അയച്ചത് ആരാണെന്ന് നോക്കണം.

ഡോ. തോമസ് ഐസക്: സർ, ...(ബഹളം)....നോക്കി പറയാം. ...(ബഹളം).....

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ആ ഫയൽ ഞാനാണ് ഫിനാൻസ് വകുപ്പിലേയ്ക്ക് അയച്ചത്. അതാണ് സർക്കാർ പ്രോസിക്യൂഷനുവേണ്ടിയെടുത്തത്. ഞാൻ അതിനോട് യോജിക്കുന്നില്ല. പക്ഷേ പ്രോസിക്യൂഷനെടുത്തൊരു കാര്യം ഞാൻ അയച്ചുവെന്നുള്ളതാണ്.

ഡോ. തോമസ് ഐസക്: സർ, എപ്പോഴാണ് അയച്ചത്? കൃാബിനറ്റ് തീരുമാനിച്ചു. ജി.ഒ. ഇറക്കി. ജി.ഒ. ഇറക്കുമ്പോൾപ്പോലും ഫിനാൻസ് ഡിപ്പാർട്ടുമെന്റ് കാണുന്നില്ല. ശ്രീ. പി.ജെ. തോമസ്സിനെതിരായി, സി.വി.സി.-ക്ക് എതിരായി ഇപ്പോൾ കോടതിയിലുള്ള ഏറ്റവും വലിയ വിമർശനമെന്തായിരുന്നു? ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ അയച്ചില്ലെന്നുള്ളത് തന്നെയാണ് കാര്യം. തെറ്റ് ഇപ്പോഴും അദ്ദേഹം കാണുന്നില്ല. എന്നിട്ട് അദ്ദേഹം അയച്ചു. അയച്ചപ്പോൾ ശ്രീ. മോഹൻകുമാർ എഴുതി. ആ നോട്ട് നിങ്ങൾ കാണണം. .....(ബഹളം)..... എന്നിട്ട് ..... (ബഹളം)..... നിങ്ങൾക്കെതിരായിട്ടുള്ള വിമർശനം ഓവർറൂൾ ചെയ്യുന്നതിനുപകരം ആ ഫയൽ മാറ്റി. അതാണ് പറഞ്ഞത്. ഇനി ഒന്നുകൂടിയുണ്ട്. ഇനി എന്തൊക്കെ വരാൻപോകുന്നുവെന്നുള്ളത് നോക്കിക്കൊള്ളൂ. ലീഗ് നേതാവ് ശ്രീ. കുഞ്ഞാലിക്കുട്ടിയുടെ കഥകളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. പക്ഷേ ഈ സഭയിൽ ചോദിച്ച ചോദ്യമുണ്ട്. നിങ്ങൾക്ക് റൗഫിനെ ഇത്ര വിശ്വാസമാണോയെന്ന്? അതാണ് ഇന്ന് അങ്ങ് ഇവിടെ ചോദിച്ചത്. ശ്രീ. റൗഫിന്റെ സാക്ഷ്യമൊന്നും വച്ചിട്ടല്ല ഈ പറയുന്നത്. റൗഫിനെ നന്നായിട്ട് അറിയാം. ഞാൻ മന്ത്രിയാകുമ്പോൾ പ്ലീഡർമാരുടെ യോഗം വിളിച്ചു. എന്തെല്ലാം കേസ്സുകൾ കിടക്കുന്നു? അപ്പോഴാണ് ഒരു കോടിയിലേറെ രൂപ വില വരുന്ന ഒരു കേസ് ട്രിബ്യൂണലിൽ quash ചെയ്തത്. അത് പരിശോധിച്ചുനോക്കിയപ്പോഴാണ് എല്ലാ തെളിവുമുള്ളത്. ഒരു ബിനാമി, ഇപ്പോൾ ആളുകളുടെ പേരൊന്നും പറയുന്നില്ല. ഒരു ശുദ്ധഗതിക്കാരൻ. അവരുടെ പേരിൽ കച്ചവടം നടന്നു. നികുതിക്കുവേണ്ടി ഓണറുടെയടുത്ത് ചെല്ലുമ്പോഴാണ് ഇങ്ങനെയൊക്കെയുണ്ടെന്ന് അവർ അറിയുന്നത്. അത്രയും ആയപ്പോഴേയ്ക്കും ഇവർ ഇതുസംബന്ധിച്ച് കൊടുത്ത രേഖകൾ മുഴുവനും ടാക്സസ് ഡിപ്പാർട്ട്മെന്റിനെ ഏൽപ്പിച്ചു. ഇപ്പോഴല്ല. അന്ന്. അവർ ഈ രേഖകളൊക്കെ പരിശോധിച്ചപ്പോൾ ഇവർക്കുവേണ്ടി ഇവരുടെ പേരിൽ താൻ നടത്തുന്നു എന്നൊക്കെയുള്ള സമ്മതമൊക്കെയുണ്ട്. ഇതുവച്ച് ടാക്സസ് ഡിപ്പാർട്ടുമെന്റ് ഗൗരവമായിട്ടുള്ള നടപടിയിലേയ്ക്ക് നീങ്ങി. അത് ട്രിബ്യൂണലിൽ വന്നു. ട്രിബ്യൂണലിന് മുന്നിലുള്ള പ്രശ്നമെന്താണെന്നുവച്ചാൽ ഈ കയ്യക്ഷരം തന്റേതല്ലെന്നുള്ളതാണ്. അപ്പോൾ കയ്യക്ഷരം പരിശോധിക്കണ്ടേ? അതിനുവേണ്ടി പ്രതി ഒരു പേര് പറയുന്നു. ട്രിബ്യൂണൽ ആ പേര് അംഗീകരിച്ചില്ല. ബോംബെയിൽ നിന്നൊരാൾ അത്രയുമെത്തിയപ്പോൾ

.....(ബഹളം)... ഈ റൗഫിനറിയാം .....(ബഹളം).... വേറെയൊന്നും പറയുന്നില്ല. അതിനെതിരെ ടാക്സസ് ഡിപ്പാർട്ടുമെന്റിലെ സത്യസന്ധനായ ഒരു ഉദ്യോഗസ്ഥൻ ശ്രീ. ജോസ്, - അദ്ദേഹം എന്റെ സ്റ്റാഫിലുണ്ട്. ഹൈക്കോടതിയിൽ പോയി അത് മാറ്റണമെന്ന് ഓർഡർ വാങ്ങിച്ചു. മാറിപ്പോയത് ആരാണെന്ന് അറിയാമോ? ഈ ജോസ് എന്ന ഉദ്യോഗസ്ഥൻ. അപ്പോൾ വീണ്ടും കേസ് എടുക്കണം. അസസ്സ്മെന്റ് നടത്തണം. ഹൈക്കോടതിയിൽ അപ്പീലിന് പോകണം. ഒരുപാട് പേർ പറഞ്ഞിട്ടുണ്ട്. അതൊന്നും ഞാൻ പറയുന്നില്ല. അവിടെ ചെന്നപ്പോൾ ഇത് നാല് വർഷമായി നടന്നിട്ട്. ടൈംബാർ കഴിഞ്ഞതുകൊണ്ട് കോടതി റീ-ഓപ്പൺ ചെയ്യാൻ പറ്റില്ലെന്ന് പറഞ്ഞു. ഇതൊക്കെ അറിയാം. അതുകൊണ്ട് അതിന്റെയൊന്നും സാക്ഷ്യം. ....(ബഹളം)..... റൗഫിന്റെ കാര്യമാണ് പറയുന്നത്. അതിന്റെ സാക്ഷ്യത്തിന്റെയൊന്നും അടിസ്ഥാനത്തിലല്ല പറയുന്നത്. അദ്ദേഹം കൂട്ടുപ്രതിയാണ്. ഞങ്ങളുടെ ആരുടെയും കൂടെയല്ലല്ലോ അദ്ദേഹം? യു.ഡി.എഫ്. ഭരണകാലത്ത് മലബാർ സിമന്റ്സ് ഭരിച്ചുകൊണ്ടിരുന്നതാരാണ്? ഇവിടെയുള്ള ഫ്ളാറ്റുകളുടെ കാര്യം. ഇവിടെ ശ്രീ. കുട്ടി അഹമ്മദ് കുട്ടി സാഹിബിന് അസുഖമായിട്ട് മൂന്നുമാസം കിടക്കേണ്ടി വന്നപ്പോൾ ഈപ്പൻ എന്ന ടൗൺ പ്ലാനറെ മാറ്റിയിട്ട് വേറെ ഒരാളെക്കൊണ്ടുവന്ന് പ്രതിഷ്ഠിച്ച് നൂറുകോടിരൂപയുടെ ഫ്ളാറ്റുകൾക്ക് അനധികൃതമായ അനുമതി കൊടുത്തു. ഇത് ആരാണ് ചെയ്തത്? ഇതൊക്കെ നടന്നിട്ടുള്ളത് ഞങ്ങൾക്കറിയാം. അങ്ങനെയെല്ലാം ചെയ്തിട്ടുള്ള ഒരാളാണെങ്കിലും ഈ പണിയൊക്കെ ഒരുമിച്ചായിരുന്നല്ലോ. ഈ കൊള്ള ഒരുമിച്ച് നടത്തിയതിനെക്കുറിച്ച് അദ്ദേഹമിന്ന് പറയുന്നു. നിങ്ങളോട് ഒരു ചോദ്യം ഇയാളെ വിശ്വസിക്കാൻ പാടുണ്ടോ? Corroborative evidence ഉണ്ട്. അത് ഇൻഡ്യാ വിഷൻ ചാനൽ പുറത്തുവിട്ടു. അവർ ചെയ്ത ഏറ്റവും നല്ല കാര്യം എന്താണെന്ന് വച്ചാൽ റൗഫ് പറയുന്ന കാര്യം പ്രക്ഷേപണം ചെയ്യുകയല്ല അവർ ഇൻഡിപ്പെൻഡന്റ് ആയി ഇൻവെസ്റ്റിഗേറ്റ് ചെയ്ത് റൗഫ് പറയുന്നതിനുള്ള ഇൻഡിപ്പെൻഡന്റ് എവിഡൻസ് ഹാജരാക്കുക യാണ് ചെയ്തത്. മൊഴി തിരുത്തിയതിന്റെ രേഖകൾ വന്നു. ഇന്നത്തെ പത്രത്തിൽ ജഡ്ജ്മെന്റ് എഴുതിയതിന്റെ രേഖകൾ പുറത്തുവന്നു. ഇത് ഇൻഡ്യാവിഷനോ കൈരളിയോ ഒന്നുമല്ല. ഏഷ്യാനെറ്റ് തന്നെയല്ലേ ആദ്യം കൊണ്ടുവന്നത്. ഈ പെൺകുട്ടിയെ/സ്ത്രീയെ ഭ്രാന്തിയാക്കുന്നതിനുവേണ്ടി ഒരു അസൈലത്തിൽ കൊണ്ടുപോയി. അവിടെ ചികിത്സിച്ചതിന്റെ രേഖ വന്നോ ഇതൊക്കെ corroborative evidence അല്ലേ? ഇത് റൗഫ് പറഞ്ഞതല്ല. അതിനുപുറമെയാണ് ഒളിക്യാമറ വച്ചിട്ടുള്ള വീഡിയോ ദൃശ്യങ്ങൾ. ഇതെല്ലാം വച്ചുനോക്കുമ്പോൾ ഞങ്ങൾ വല്ലതും ചോദിച്ചുപോയാൽ അപമാനിക്കാനാണെന്ന് പറയുന്നത് എന്താണ്? ഒന്നു പറയാം കഥ തീരുന്നില്ല. റൗഫ് ഇപ്പോൾ പറഞ്ഞു. കോതമംഗലം കേസ്സ് ഒത്തുതീർക്കുന്നതിനുവേണ്ടി ധ്യാനകേന്ദ്രത്തിൽപോയി അവിടെ വച്ചാണ് നടന്നത്. കൂടെ വേറൊരു യു.ഡി.എഫ്. നേതാവുണ്ടായിരുന്നു. ഞാൻ ആരുടെയും കാര്യം പറയുന്നില്ല. ഒറ്റക്കാര്യമേ പറയുന്നുള്ളു. ഇതിനൊക്കെ corroborative evidence ഉണ്ടെന്ന് ഓർത്തോ. അതുകൊണ്ട് ഇനിയുള്ള ദിവസങ്ങളിൽ ബോംബൊക്കെ അവിടെ നിന്ന് പൊട്ടിക്കാൻ പോകുന്നുവെന്ന് പറഞ്ഞിട്ടാണല്ലോ കാസർകോഡ് നിന്ന് ഇങ്ങോട്ട് വന്നത്. ആ നനഞ്ഞ പടക്കം പോക്കറ്റിൽ നിന്ന് മാറ്റണം. ബോംബ് ഇവിടെ പൊട്ടും നോക്കിക്കോ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: അങ്ങയുടെ വിശ്വാസ്യതയെക്കുറിച്ചൊക്കെ അങ്ങ് ഇവിടെ സംസാരിച്ചു. ഇതുപോലെ തന്നെ വളരെ ഗൗരവമുള്ള കാര്യം നിങ്ങൾ റൗഫിന്റെ വിശ്വാസ്യതയെ അംഗീകരിക്കുന്നില്ല എന്നൊക്കെ പറഞ്ഞു. പക്ഷേ സി.പി.ഐ.(എം)-ന്റെ ജില്ലാ സെക്രട്ടറി നിങ്ങളുടെ സംസ്ഥാന കമ്മിറ്റി അംഗത്തെപ്പറ്റി ഒരു ആരോപണം ഉന്നയിച്ചിട്ട് അതിനെക്കുറിച്ച് എന്താണ് കേസ് എടുക്കാത്തത്? അവിടെ അങ്ങയുടെ വിശ്വാസ്യതയെ സംശയിക്കുകയാണ്. എന്തുകൊണ്ട്?

ഡോ. തോമസ് ഐസക്: ഇത് പൊതു മണ്ഡലത്തിൽനിന്നല്ല. ഞങ്ങളുടെ കണ്ണൂർ ജില്ലാ സെക്രട്ടറി ആയിരുന്ന ശ്രീ. പി. ശശിക്കെതിരായി ആരോപണമുയർന്നു. ഞങ്ങളുടെ പാർട്ടിയിൽ അത് അന്വേഷിക്കുന്നതിന് പാർട്ടി രീതിയുണ്ട്. ആ ആരോപണം വന്നതിന്റെ ആദ്യത്തെ സംസ്ഥാന കമ്മിറ്റി യോഗത്തിൽ അത് അന്വേഷിക്കാൻ ഒരു കമ്മിറ്റിയെ വച്ചു. അടുത്ത സംസ്ഥാന കമ്മിറ്റിക്കുമുൻപ് അന്വേഷണത്തിന്റെ ഫലമറിയും. അതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ തീരുമാനിക്കും. നാട്ടുകാരോട് പറയും. അപ്പോൾ അത് തന്നെയാണ് അതിന് ഉത്തരം. ..... (ബഹളം).... അല്ല മുസ്ലീം ലീഗല്ല. അത് വന്നത് പൊതുമണ്ഡലത്തിലാണ്. പത്തുവർഷമായിട്ട് ഈ കേരളത്തിൽ എത്ര വട്ടം വന്നു. എത്ര വട്ടം മൊഴി മാറി. ഇത് പുറത്തു നടക്കുന്നതാണ്. ലീഗ് അന്വേഷിച്ചാൽ പറ്റില്ല. ഇത് കേസ് ആയിക്കഴിഞ്ഞ കാര്യമാണ്. ഞാൻ പറയുന്നത് കേരളത്തിലെ രാഷ്ട്രീയ അന്തരീക്ഷം മാറി. ഈ ഇരിക്കുന്ന ഇരിപ്പുകണ്ടാൽ നമുക്ക് പാവം തോന്നില്ലേ?.... ഇരിക്കുന്ന ഇരിപ്പു നോക്കിക്കേ. വില്ലാളി വീരൻമാർ എങ്ങനെയാ ഇവിടെ അഴിഞ്ഞാടിക്കൊണ്ടിരുന്നത്; എന്തേ മിണ്ടാട്ടമില്ലാത്തത്? ഈ വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ നിങ്ങൾ അപ്പുറത്ത് തന്നെയിരിക്കും.

മി. സ്പീക്കർ: ചട്ടം 142 അനുസരിച്ചുള്ള പ്രമേയം.

IX ചട്ടം 142 അനുസരിച്ചുള്ള പ്രമേയം

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, താഴെപ്പറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമസഭയുടെ നടപടിക്രമവും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 142 പ്രകാരം ബഡ്ജറ്റിന്റെ പൊതു ചർച്ച സഭ അവസാനിപ്പിക്കുമ്പോൾ ധനാഭ്യർത്ഥനകൾ അനുയോജ്യമായ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നും സബ്ജക്ട് കമ്മിറ്റികൾ നാലാഴ്ചകൾക്കകം അവയുടെ പരിശോധന പൂർത്തിയാക്കേണ്ടതാണെന്നും പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 236-ന്റെ 2-ാം ഉപചട്ടം വ്യവസ്ഥ ചെയ്യുന്നു. ഭരണഘടനയിലെ വ്യവസ്ഥ അനുസരിച്ച് കാലാവധി തികച്ച് പിരിഞ്ഞുപോകുന്ന സഭ വമുംവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന നടത്തുന്നതിൽ അപാകതയുണ്ട്. ആയതിനാൽ പ്രായോഗികതയ്ക്കുവേണ്ടി 236-ാം ചട്ടത്തിന്റെ 2-ാം ഉപചട്ടം 31-7-2011 വരെ സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു.